വോള്യം -7 ലക്കം -127 ജൂൺ 2024 മലയാളം - ഇംഗ്ലീഷ്

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

KSFDC

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

Website : www.filca.in E-mail: filcakerala@gmail.com



ഫിലിം വിഷൻ

Eco Terra Environment Film Festival

Published by Filca Film Society

KSFDC

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം



ഫിലിം വിഷൻ

Eco Terra Environment Film Festival
Published by Filca Film Society

KSFDC

കേരള ഭാഗ്യക്കുറി



Film Vision
DigitalFilm Magazine

JUNE 2024

# INDEX

## WHAT'S INSIDE

1 . (വാർത്ത) ശരിയായത്, ശരിയായ സമയത്ത് , ശരിയായ രീതി യിൽ ചെയ്യാൻ, ഓർമ്മിപ്പിക്കുന്നു നല്ല സിനിമകൾ – പന്ന്യൻ രവീന്ദ്രൻ – സാം ആന്റണി (ഫിൽക്ക) 11



2 . (പ്രതികരണം) തിയൊ ആഞ്ജലൊപൗലോസ് ഫിലിം ഫെസ്റ്റിവൽ – ജോൺ തോമസ് 18



3. 2nd EFFK: പത്രസമ്മേളനം 23

4. ഫിലിം സൊസൈറ്റി കൂട്ടായ്മ 24

5. രണ്ടാം കേരള പരിസ്ഥിതി ചലച്ചിത്ര മേളയ്ക്ക് ആരംഭം തേക്കടിയിൽ –ഈ. ജെ. ജോസഫ് (ദർശന ഫിലിം സൊസൈറ്റി) 25



6. ഭൂപുനഃസ്ഥാപനം , മരുവൽക്കരണം – വരൾച്ച പ്രതിരോധം – ഗംഗ സിങ്. ഐ. എഫ്. എസ് 28



7. ഇൻവയോൺമെന്റ് , എക്കോളജി ... പിന്നെ സിനിമയും – ഡോ. ബി.രാധാകൃഷ്ണൻ ( പ്രസിഡൻറ്, ഫിൽക്ക ഫിലിം സൊസൈറ്റി 31



8. എക്കോ ടെറാ ഫെസ്റ്റിവൽ : ടൂറിസം , ജൈവ വൈവിധ്യം, സിനിമ – സാബു ശങ്കർ (ജനറൽ സെക്രട്ടറി, ഫിൽക്ക ) 34



9. ഹെൻറി ഡേവിഡ് തോറോ : പരിസ്ഥിതി തത്വചിന്തകൻ – ഷീബ. എസ്. ജെയിംസ്. 36



10. യൂജിൻ ഓഡം: ആധുനിക ആവാസ വ്യവസ്ഥാ വിജ്ഞാനീയത്തിന്റെ പ്രോദ്ഘടകൻ – സിന്ധു സുരേഷ് 40



11. റേച്ചൽ കർസൺ : സമുദ്ര പരിസ്ഥിതി പ്രവർത്തക – അർപ്പണാ ( അഭിനേത്രി, വൈസ് പ്രസിഡന്റ്, ഫിൽക്ക) 43



12. പരിസ്ഥിതി ശാസ്ത്രവും പ്രക്ഷോഭങ്ങളും – ജിജോ ജേക്കബ് 45



13. യൂറോപ്യൻ – ഏഷ്യൻ – ആഫ്രിക്കൻ ഭൂഖണ്ഡങ്ങളിലെ പരിസ്ഥിതി ഫിലിം ഫെസ്റ്റിവൽ – ഡോ. പി. അജികുമാർ 49



14. നോർത്ത് അമേരിക്കൻ, സൗത്ത് അമേരിക്കൻ പരിസ്ഥിതി ഫിലിം ഫെസ്റ്റിവൽ – വിനോദ്കുമാർ. പി 52



15. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റൈനബിൾ ഡവലപ്മെന്റ് ആൻഡ് ഗവേണൻസ് – അനിൽകുമാർ. പി. വൈ. 55



16. (മലയാള സിനിമ)ആദച്ചായി: പശ്ചിമഘട്ട പരിസ്ഥിതി പ്രശ്നങ്ങളിലേക്കുള്ള ചൂണ്ടുവിരൽ 57

17. EFFK 2024 ഫെസ്റ്റിവൽ ഫിലിം സിനൊപ്സിസ് 59

23
SUNDAY
JUNE
2024

# FILCA
# ECO TERRA ENVIRONMENTAL FILM FESTIVAL / 2nd EFFK -2024

കേരള ഭാഗ്യക്കുറി

KSFDC


filca

## SCREENING SCHEDULE

**BSS AUDITORIUM KOUDIAR**

| | | |
|---|---|---|
| 10 AM | : | INAUGURATION, PRIZE DISTRIBUTION, TALK |
| 11 AM | : | FEATURE FILM — UTAMA/2022/ BOLIVIA-URUGUAY– FRANCE/ 87 MINS. |
| 12:30 PM | : | LUNCH BREAK |
| 1: 30 PM | : | DOCUMENTARY — BEETZT/ AUSTRIA/ 30 MINS/ |
| 2 PM | : | DOCUMENTARY — PIBLIKTO/ RUSSIA/ 30 MINS/ |
| 2:30 PM | : | DOCUMENTARY — SLAVES TO WATER/ FRANCE/ 10 MINS/ |
| 2:40 PM | : | FEATURE FILM — THE BEAR/ FRANCE/ 94 MINS/ |
| 4:14 PM | : | TEA BREAK |










FILCA film society,
Trivandrum
filcakerala@gmail.com

PH: : 80890 36090,
94476 54645,
94959 92739

23 SUNDAY JUNE 2024

# FILCA
# ECO TERRA ENVIRONMENTAL FILM FESTIVAL / 2nd EFFK -2024

കേരള ഭാഗ്യക്കുറി


KSFDC

filca

## SCREENING SCHEDULE

## BSS AUDITORIUM KOUDIAR

| Time | | Category | Film |
|---|---|---|---|
| 4:30 PM | : | DOCUMENTARY | LEOPARD'S TRIBE/ INDIA – MAHARASHTRA/ 40 MINS/ |
| 5:10 PM | : | DOCU-FICTION | DUKHU MAJHI/ INDIA – BENGAL/ 30 MINS/ |
| 5:40 PM | : | DOCU-FICTION | CORAL WOMAN/ INDIA – TAMILNADU/ 52 MINS/ |
| 6:35 PM | : | TEA BREAK | |
| 7:00 PM | : | DOCU-FICTION | SUBMERGED/ INDIA – GUJARATH/ 25 MINS/ |
| 7:30 PM | : | DOCUMENTARY | AUTOBIOGRAPHY OF BUTTERFLY/INDIA-KERALA/10 MINS/ |
| 7:40 PM | : | FEATURE FILM | AMAZONIA/ BRAZIL– FRANCE/ 86 MINS/ |













FILCA film society presents

# Eco Terra Environment Film festival Trivandrum -2 nd EFFK 2024

2ND EFFK

## PROGRAM

## INAUGURATION:

**BHARATH SEVAK SAMAJ HALL, OPPO. LANE OF INCOME TAX OFFICE - NARMADA, KAUDIAR.**

**10 AM, 23 SUNDAY JUNE 2024**

Inauguration: 10 AM



**SHAJI.N. KARUN**
(Film Director, Cinematographer ,Chairman - KSFDC )

Prize Distribution & Talk on Environment :



**SANJAYAN KUMAR I.F.S**
(Chief Conservator of Forest -IT ).

Book Release :
**SHAJI . N.KARUN , SABU SANKAR, Dr.C.K. ANILKUMAR.**

Presided over:



**B.S. BALACHANDRAN**
(National Chairman, BSS).

Introduction to Environmental Film festival in Kerala by Film Society Movement and July film festival cum three day Camp at Thenmala :



**Dr .B. RADHAKRISHNAN**
(President, FILCA FILM SOCIETY)

Preface to Eco Terra films ::



SABU SANKAR
( Novelist , Documentary Film Director , Chief Correspondent to Nerkazhcha weekly , USA and Regional Correspondent to Samiksha Magazine, Canada)


Felicitation:



**Dr. J .B. RAJAN**
(Kerala Institute for Environment and Development)



**ANILKUMAR P. Y.**
(Institute for Sustainable Development and Governance)



**JAYA SREEKUMAR**
(Director General BSS)

Gratitude:



**ARPANAA**
(Actress and Vice President, Filca)

Filca

**FREE ENTRY** **ALL ARE WELCOMED.**

ഫിലിം വിഷൻ

Eco Terra Environment Film Festival
Published by Filca Film Society

KSFDC
കേരള ഭാഗ്യക്കുറി



**FILCA Film Society in association with KSFDC, Forest Dept., Lottery Dept., BSS Chalachithra Mandalam, Chalachithra Akademy, Institute of Sustainable Development and Governs, BEAM Film Society, IFFT and other film societies.**

2ND EFFK




THERE ARE
FILMS
IN
FROM
Golden Sparrow International Film Festival
ONE LEAF INTERNATIONAL FILM FESTIVAL
International Film Festival of India
NFA NATIONAL FILM AWARDS
IFFK INTERNATIONAL FILM FESTIVAL OF KERALA
KERALA STATE FILM AWARDS
Virgin Spring Cinefest
URUVATTI INTERNATIONAL FILM FESTIVAL
CYBER FILM FESTIVAL
MTIFF
DURGAPUR INTERNATIONAL FILM FESTIVAL
Madrid International Film Festival
Eurasia International Monthly Film Festival
Sacramento International Film Festival
Bettiah
Durban International Film Festival
Kalakari
& Curated by the Creators of Cultural contents and more...
Owned by
Department of Cultural Affairs
Government of Kerala
CSPACE
Developed and managed by
Kerala State
Film Development Corporation
WORLD'S FIRST GOVERNMENT OPERATED OTT PLATFORM
GET IT ON Google Play
Download on the App Store


കേരള സർക്കാർ
kerala
God's Own Country
പറന്നിറങ്ങാം
കാണാകാഴ്ചകളിലേക്ക്
കണ്ടതിലും കൂടുതലാണ് കാണാനുള്ളത്
സാഹസിക ടൂറിസത്തിന്റെ അത്ഭുത
കാഴ്ചകളൊരുക്കി കേരളം.
maitri.com



www.ksfe.com
കെ എസ് എഫ് ഇ
ഗോൾഡ് ലോൺ
ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
ഒരു കേരള സർക്കാർ സ്ഥാപനം
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

ഫിലിം വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി





വാർത്ത

## ശരിയായതത്, ശരിയായ സമയത്ത് , ശരിയായ രീതിയിൽ ചെയ്യാൻ, നമ്മെ കൃത്യമായി ഓർമ്മിപ്പിക്കുന്നു നല്ല സിനിമകൾ - പന്ന്യൻ രവീന്ദ്രൻ



സാം ആന്റണി

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവലിന്റെ ഉദ്ഘാടനം ഇക്കഴിഞ്ഞ മേയ് ഇരുപത്തിയാറാം തീയതി തിരുവനന്തപുരം ജോയിന്റ് കൗൺസിൽ ഹാളിൽ നടന്ന ചടങ്ങിൽ പന്ന്യൻ രവീന്ദ്രൻ നിർവഹിച്ചു. ചടങ്ങിൽ നോവലിസ്റ്റും ചലച്ചിത്ര നിരൂപകനും പത്രപ്രവർത്തകനുമായ സാബു ശങ്കർ, ഫിൽക്ക പ്രസിഡണ്ട് ഡോ. ബി.രാധാകൃഷ്ണൻ, ജോയിനൻറ് കൗൺസിൽ സംസ്ഥാന ജനറൽ സെക്രട്ടറി ജയചന്ദ്രൻ കല്ലിങ്കൽ, അൻപത്തി ഏഴു കൊല്ലത്തെ ഫിലിം സൊസൈറ്റി നേതൃത്വ പാരമ്പര്യമുള്ള എഴുത്തുകാരനും കോളമിസ്റ്റുമായ എ . മീരാ സാഹിബ് , നന്മ കൽച്ചറൽ ഫോറം സെക്രട്ടറി അരുൺകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

അമ്പതിലേറെ വർഷമായി ഫിലിം സൊസൈറ്റികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന, കൊടിയേറ്റം മുതൽക്കുള്ള അടൂർ സിനിമകളുടെ സഹ സംവിധായകനായ എ . മീര സാഹിബിന് ഫിൽക്ക അവാർഡ് സമ്മാനിച്ചു . വിശ്വവിഖ്യാത ഗ്രീക്ക് ചലചിത്രകാരൻ തിയൊ ആഞ്ചലൊപൌലോസിന്റെ പ്രശസ്തങ്ങളായ മൂന്നു ചലച്ചിത്രങ്ങളാണ് ഇത്തവണ പ്രദർശിപ്പിച്ചത്. ഐ.എഫ്.എഫ്.റ്റി, ചലച്ചിത്ര അക്കാദമി, കെ.എസ്.എഫ്.ഡി.സി, ബീം ഫിലിം സൊസൈറ്റി, കേരള ലോട്ടറി ഡിപ്പാർട്ട്മെൻറ്,തലസ്ഥാനപൗര സമിതി, ബി.എസ്.എസ് എന്നിവയുടെ സഹകരണത്തോടെ ആയി രുന്നു ഫിലിം ഫെസ്റ്റിവൽ. എണ്ണത്തിൽ കുറവാണെങ്കിലും സിനിമ സ്നേഹികളായ കുറച്ചു നല്ല മനുഷ്യരുടെ കൂട്ടായ്മയാണ് ഇന്നിവിടെ എത്തിയിരിക്കുന്നതെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് പന്ന്യൻ



രവീന്ദ്രൻ പറഞ്ഞു.
ലോക സിനിമകളെ കുറിച്ച് നമുക്ക് കൂടുതൽ അറിയില്ല. അറിയുന്ന സിനിമകൾ കൂടുതലും മലയാളം ഭാഷയിൽ ഉള്ളവയാണ്. ഇന്ത്യൻ സിനിമകളെ കുറിച്ചുള്ള അറിവും നമുക്കൊക്കെ വളരെ പരിമിതമാണ്. അങ്ങനെയുള്ളപ്പോഴാണ് ഇതുപോലെയുള്ള ഫിലിം ഫെസ്റ്റിവലുകൾ ലോകസിനിമയുടെ വാതിലുകൾ നമ്മുടെ മുമ്പിൽ തുറന്നിടുന്നത്. ലോകത്തിന്റെ പല ഭാഗത്തു നിന്നുമുള്ള സിനിമകളുടെ ഒരു പാക്കേജാണ് ഫിലിം ഫെസ്റ്റിവലുകളിൽ കാണിക്കുന്നത്.

മലയാള സിനിമകളെക്കുറിച്ച് പറയുമ്പോൾ മലയാള നാടകങ്ങളെ കുറിച്ചും പറയേണ്ടി വരും. നാടകപ്രസ്ഥാനങ്ങളും കേരളത്തിൽ കുറഞ്ഞു കുറഞ്ഞു വരികയാണ്. നാടകങ്ങൾ കാണാനുള്ള സമയം ആർക്കുമില്ല എന്നത് സത്യമാണ്. ദൈനംദിന തിരക്കുകൾ മൂലം നമുക്ക് കിട്ടുന്ന സമയം വളരെ പരിമിതമാണ് എന്നതുകൊണ്ടു തന്നെ ദൈർഘ്യമുള്ള സിനിമകൾ കാണാനും നമുക്ക് സമയം കിട്ടുകയുമില്ല. അതുകൊണ്ട് തന്നെയാകാം ഇപ്പോൾ അത്തരം സിനിമകൾ കുറവുമാണ്.



ലോകസിനിമയിൽ സംഭാഷണം വളരെ കുറവാണ്. ഉള്ളിൽ തട്ടുന്ന രംഗങ്ങൾ അവയിൽ കൂടുതലായി കാണുന്നു. സിനിമയിൽ കൂടുതൽ ദൃശ്യാവിഷ്കാരം ഉള്ളപ്പോൾ നാടകത്തിൽ വാക്കുകൾ കൊണ്ടാണ് പൂരണം ചെയ്യപ്പെടുന്നത്. നാടകങ്ങളെപോലെതന്നെ നമ്മുടെ സിനിമകളിൽ ആളുകളെ കയ്യിലെടുക്കാൻ പറ്റുന്ന സംഭാഷണം ഉണ്ടായാൽ ജനങ്ങൾ തൃപ്തരായി എന്നാണ്. ലോകസിനിമകളിൽ ദൃശ്യവിഷ്കാരത്തിനാണ്പ്രാധാന്യം. കൃത്യമായ ആശയം വ്യക്തമാക്കുന്ന ചലനങ്ങളെ ക്യാമറകൾ കൊണ്ട് ഒപ്പിയെടുത്ത് ഒരു കാഴ്ചയുടെ പ്രപഞ്ചം തീർക്കുകയാണ് അവിടെ ചെയ്യുന്നത്. നമ്മുടെ വ്യക്തിബന്ധങ്ങളെയും സമൂഹത്തോടുള്ള കടപ്പാടുകളെയും കൃത്യമായി അടയാളപ്പെടുത്തുന്ന സിനിമകളുടെ പ്രാധാന്യം നാമോർക്കേണ്ടതുണ്ട് . അവ ശരിയായത് ശരിയായ സമയത്ത് ശരിയായ രീതികളിൽ ചെയ്യാൻ നമ്മെ കൃത്യമായി ഓർമ്മിപ്പിക്കുന്നു .

ഗ്രീസിനെ കുറിച്ച് പറയുമ്പോൾ, ഗ്രീക്ക് പുരാണങ്ങളും ഇന്ത്യൻ പുരാണങ്ങളും തമ്മിലുള്ള അഭേദ്യമായ ബന്ധങ്ങളെക്കുറിച്ച് പറയേണ്ടി വരും. ഇരുരാജ്യങ്ങളിലെയും ദേവതാ സങ്കൽപ്പങ്ങൾ തമ്മിൽ വളരെ സാമ്യമുണ്ടെന്ന് നമുക്ക് കാണാവുന്നതാണ്. ഗ്രീക്ക് സാഹിത്യത്തിലെ ഒഡീസിക്ക് നമ്മുടെ മനസ്സുകളിൽ വളരെയധികം സ്വാധീനം ചെലുത്താൻ സാധിച്ചിട്ടുണ്ട്. ഗ്രീക്ക് സിനിമകൾ ഇവിടെ പ്രദർശിപ്പിക്കുന്നു എന്ന് പറഞ്ഞു കേട്ടപ്പോൾത്തന്നെ വലിയ സന്തോഷമായി. ഫിൽക്ക അവാർഡ് പന്ന്യൻ രവീന്ദ്രനിൽ നിന്ന് ഏറ്റുവാങ്ങിയ എ. മീരാസാഹിബ് സംസാരിച്ചു .

ഏറെ അഭിമാനത്തോടെയും സന്തോഷത്തോടെയും കൂടിയാണ് തനിക്ക് ലഭിച്ച ഈ ആദരം ഏറ്റുവാങ്ങുന്നത് . ഏറെ അഭിമാനം എന്നു പറഞ്ഞതിന്റെ കാരണം, ഇന്ത്യൻ രാഷ്ട്രീയത്തിലെ സംശുദ്ധമായ വ്യക്തിത്വത്തി ന് ഉടമയായ സഖാവ് പന്ന്യൻ രവീന്ദ്രന്റെ കയ്യിൽനിന്ന് ഈ ആദരം ഏറ്റുവാങ്ങാൻ സാധിച്ചുവെന്ന അർത്ഥത്തിലാണ്. രണ്ടാമതായി ഇത് നൽകിയത് ഫിൽക്ക ഫിലിം സൊസൈറ്റിയാണ്. ഫിൽക്ക രൂപം കൊണ്ടിട്ട് ഇരുപത്തിയഞ്ച് വർഷമാകുന്നു. ഇരുപത്തിയഞ്ച് വർഷം മുൻപ് , ഇതിന്റെ ഉദ്ഘാടന വേളയിൽ സന്നിഹിതനാകാനുള്ള ഒരു ഭാഗ്യം എനിക്കുണ്ടായി. ഫിൽക്ക ഇടയ്ക്ക് ഒരൽപം മന്ദീഭവിച്ചു പോയെങ്കിലും ഒരു ഫിലിം സൊസൈറ്റി പ്രവർത്തകൻ എന്ന നിലയിൽ കഴിവ് തെളിയിച്ച സാബു ശങ്കറിന്റെയും കൂട്ടാളികളുടെയും നേതൃത്വത്തിൽ കേരളത്തിലെ അറിയപ്പെടുന്ന ഫിലിം സൊസൈറ്റിയായി വളർത്തിക്കൊണ്ടു വന്നുവെന്ന് കാണുന്നതിൽ അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു. എന്നോടൊപ്പം ചിത്രലേഖ ഫിലിം സൊസൈറ്റിയിൽ ഉണ്ടായിരുന്ന ജോൺ തോമസ് ഉൾപ്പടെ പലരും ഇന്നിവിടെ സന്നിഹിതരാണ് എന്ന് കാണുന്നതിൽ വളരെയധികം സന്തോഷമുണ്ട്. ഫിലിം സൊസൈറ്റികളുടെ പ്രവർത്തനങ്ങളെ ആത്മാർഥമായി പ്രോത്സാഹിപ്പിക്കുന്ന ഏവർക്കും അഭിവാദനങ്ങൾ അർപ്പിക്കുന്നു.

ഇന്നിവിടെ പ്രദർശിപ്പിക്കുന്ന ചലച്ചിത്രങ്ങളുടെ സംവിധായകനായ ആഞ്ചലൊപൗലോസിന്റെ സൃഷ്ടികൾ ഇവിടെയുള്ളവർക്ക് അപരിചിതം ആയിരിക്കില്ല. 1988 – ൽ ഇവിടെ ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യ (ഐ.എഫ്.എഫ്.കെ) നടത്തിയപ്പോൾ ആ പാക്കേജിൽ ആഞ്ചലൊപൗലോയുടെ ബീകീപ്പർ എന്ന അതിമനോഹരമായ സിനിമയുമുണ്ടായി

രുന്നു. അദ്ദേഹത്തിൻറെ മഹത്തായ ചിത്രങ്ങൾ കാണാൻ അവസരം ഒരുക്കിയ ഫിൽക്ക ഫിലിം സൊസൈറ്റിക്ക് പ്രത്യേക അഭിനന്ദനങ്ങൾ ഞാൻ അറിയിക്കുന്നു.

ഫിലിം സൊസൈറ്റി പ്രസ്ഥാനങ്ങൾ ഇന്ന് വളരെ ലോപ്രൊഫൈലായി ഓടിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ കാലഘട്ടത്തിന്റെ തിരക്കേറിയ ജീവിതമാണ് അതിനു പ്രധാനകാരണം. ഫിലിം സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായുള്ള സമയം ആരുടെയും പക്കലില്ല. മാത്രമല്ല പുതിയ തലമുറയുടെ കൈകളിൽ വിവിധതരം ചിത്രങ്ങളൊക്കെ തന്നെ ലഭ്യവുമാണ്. കൂടാതെ നെറ്റ്ഫ്ലിക്സും ആമസോണും പോലെയുള്ള ഓ.ടി.ടി പ്ലാറ്റ്ഫോമുകളും ധാരാളമായുണ്ട്. ഇത്തരമൊരു അവസ്ഥയിൽ, സിനിമകളെ ഒക്കെ പറ്റി തന്നെ വിശദമായ ചർച്ച ചെയ്യുകയും പഠന വിഷയമാക്കുകയും അത് ഭാവി തലമുറയ്ക്ക് കൈമാറുകയും ചെയ്യുന്ന ഒരു ഫിലിം സൊസൈറ്റി സംസ്കാരം ഉണ്ടായാൽ മാത്രമേ നല്ല സിനിമകൾക്ക് നിലനിൽപ്പുണ്ടാകു. അതിന് കഠിനമായ പ്രവർത്തനങ്ങൾ ഉണ്ടായേ പറ്റൂ. അത്തരം പ്രവർത്തനങ്ങൾ നടത്തുന്ന ഏവരെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു...



**ഫിലിം സൊസൈറ്റിയുടെ നിലനിൽപ്പിനും പ്രവർത്തനത്തിനും വേണ്ടി സാംസ്കാരിക വകുപ്പ് ഓരോ വർഷവും 50 ലക്ഷം രൂപയോളം അനുവദിക്കുന്നുണ്ടെങ്കിലും അത് അർഹതപ്പെട്ട ഫിലിം സൊസൈറ്റികൾക്ക് ലഭിക്കുന്നില്ല എന്നും ഫെഡറേഷനിൽ പത്തു വർഷത്തിലേറെയായി നടന്നുവരുന്ന പബ്ലിക് ഫണ്ട് ദുർവിനിയോഗവും അഴിമതിയും അവസാനിപ്പിക്കണമെന്നും എ . മീര സാഹിബ് ആവശ്യപ്പെട്ടു .**

നോവലിസ്റ്റ് - ചലച്ചിത്ര നിരൂപകൻ സാബു ശങ്കർ ചടങ്ങിൽ സംസാരിച്ചു. ലോകമെമ്പാടും നിന്നുമുള്ള വിവിധ ഭാഷകളിലും



ദേശങ്ങളിലെയും ക്ലാസിക് സിനിമകളെ പറ്റി സാധാരണ പ്രേക്ഷകർക്ക് അറിവുണ്ടാകണമെന്നില്ല. ഓരോ മാസത്തേയും ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കാൻ പോകുന്ന സിനിമകളെ പറ്റി അതത് മാസത്തിലെ ഫിലിം വിഷൻ ഡിജിറ്റൽ മാഗസിനിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങൾ വായിച്ച് മനസിലാക്കാവുന്നതാണ്. www.filcka.in എന്ന വെബ്സൈറ്റിൽ നിന്നു നേരിട്ട് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.

ഇന്നിവിടെ ആദരിക്കപ്പെടുന്ന ഏ. മീരാ സാഹിബ് 1967മുതൽ ചിത്രലേഖാ ഫിലിം സൊസൈറ്റിയുടേയും അതുപോലെതന്നെ ഫിൽക്ക ഉൾപ്പടെ മറ്റ് ഫിലിം സൊസൈറ്റികളുടെയും രൂപീകരണത്തിനും വളർച്ചക്കും വികാസത്തിനുമായി പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ്. ഇന്നു പോലും പുതിയ ഒരു ഫിലിം സൊസൈറ്റി മറ്റൊരു ജില്ലയിൽ തുടങ്ങുന്നതിനെ കുറിച്ച് അദ്ദേഹം ചർച്ച ചെയ്യുകയുണ്ടായി. ഫിൽക്കയുടെ ആഭിമുഖ്യത്തിൽ അദ്ദേഹത്തിന് ആദരം നൽകാൻ സാധിച്ചതിലുള്ള സന്തോഷം രേഖപ്പെടുത്തുന്നു.

സിനിമയ്ക്കുള്ളിലെ സ്പേസും ടൈമും വിദഗ്ധമായി ഉപയോഗിച്ച് , വ്യത്യസ്തവും ഭാവനാത്മകവുമായ രീതിയിൽ നൂതന ചലച്ചിത്രശിൽപ്പങ്ങൾ സൃഷ്ടിക്കുന്ന ഒരു പ്രക്രിയയെയാണ് വിഷ്വൽ ലാംഗ്വേജ് എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രതിഭാധനനായ ഒരു സംവിധായകന് സിനിമയ്ക്കുള്ളിലെ

ഫിലിം വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC കേരള ഭാഗ്യക്കുറി





സ്പേസിന്റെയും ഉള്ളിലേക്ക് കടന്നു ചെന്ന്, അതിലെ ടൈമിംഗ് കണ്ടറിഞ്ഞ്, അതിന്റെയുള്ളിൽ നിന്നുകൊണ്ടു മറ്റൊരു സ്പേസ് സൃഷ്ടിക്കുവാനും സാധിക്കും. ഇങ്ങനെ വ്യത്യസ്ത കാലങ്ങളിലൂടെയും സ്പേസുകളിലൂടെയും സഞ്ചരിക്കുമ്പോൾ ഷോട്ടുകൾ ദൈർഘ്യമേറിയതും ചലച്ചിത്രത്തിന്റെ വേഗം കുറഞ്ഞുമിരിക്കും. കഥയുടെ ആഴങ്ങളിലേക്ക് സാവധാനം കൂട്ടിക്കൊണ്ടു പോകാനാണ് ഈ രീതി സ്വീകരിക്കുന്നത്. വിശ്വപ്രസിദ്ധ ചലച്ചിത്രകാരന്മാരായ ബെർഗ്മാൻ , മിക്ളോസ് യാങ്ചോ , ആന്ദ്രേ വൈദ , താർകോവ്സ്കി , വെർണെർ ഹെർസോഗ്,വിം വെൻഡേർസ് , ജോഡോറോവ്സ്കി തുടങ്ങിയവരുടെ ചലച്ചിത്രങ്ങളിൽ ഇത് നമുക്ക് കാണാവുന്നതാണ്. ചിത്രങ്ങളുടെ സൃഷ്ടിപരമായ പ്രത്യേകതകൾ കൊണ്ട് ആ രീതി സ്വാഭാവികമായി സംഭവിക്കുന്നു .തിയോ ആഞ്ചലോ പൗലോയുടെ രീതി കളും അങ്ങനെയാണ് . ലോകസിനിമ കാണാനെത്തുന്നവർ അതിനു വേണ്ടി സമയം പ്രത്യേകം നീക്കിവെയ്ക്കണം . ഇവിടെ പ്രദർശിപ്പിക്കുവാൻ പോകുന്ന ഗ്രീക്ക് ചലച്ചിത്രങ്ങളെക്കുറിച്ച് മാഗസിനിൽ പ്രതിപാദിച്ചിട്ടുണ്ട്. എങ്കിലും ദി ട്രാവലിംഗ് പ്ലീയേഴ്സ് എന്ന ചലച്ചിത്രത്തെക്കുറിച്ച് ചിലത് പറയാം. ഈ ചലച്ചിത്രം നിർമ്മിച്ചിരിക്കുന്നത് ഗ്രീസിൻറെ കഴിഞ്ഞ നൂറ്റാണ്ടുകളുടെ ചരിത്രത്തിന്റെപശ്ചാത്തലത്തിലാണ് . ഗ്രീക്ക്-തുർക്കി യുദ്ധം, ഒന്നാം ലോകമഹായുദ്ധം , ഏകാധിപത്യങ്ങൾ, പട്ടാളഭരണങ്ങൾ, ആഭ്യന്തരയുദ്ധങ്ങൾ, ഇടതു-വലതുപക്ഷ രാഷ്ട്രീയവിഭാഗങ്ങളിൽ തമ്മിലുള്ള പോരാട്ടങ്ങൾ, ആഭ്യന്തരകലാപങ്ങൾ, ഭരണം മാറ്റങ്ങൾ, ജനാധിപത്യത്തിലേക്കുള്ള മാറ്റങ്ങൾ തുടങ്ങി പ്രശ്നകലുഷിതമായ രാഷ്ട്രീയാവസ്ഥകളിലൂടെ കടന്നുപോയ രാജ്യമാണ് ഗ്രീസ്.

കഴിഞ്ഞ നൂറ്റാണ്ടിൽ ഗ്രീസിലെ നടന്ന രാഷ്ട്രീയ മാറ്റങ്ങളുടെ ഓരോ ഘട്ടവും അവിടെയുള്ള മനുഷ്യജീവിതങ്ങളെ ഏതൊക്കെ തരത്തിൽ ബാധിച്ചുവെന്ന് ആഞ്ചലൊപൌലൊ ഈ ചിത്രത്തിലൂടെ പറഞ്ഞു വക്കുന്നു. ഒരു നാടക സംഘം തങ്ങളുടെ Golfo the Shepherdess എന്ന നാടകം അവതരിപ്പിക്കാൻ പലസ്ഥലങ്ങളിലേക്കും സഞ്ചരിക്കുന്നു. പക്ഷെ അവർ സഞ്ചരിക്കുന്നത് ചരിത്രകാലഘട്ടങ്ങളിലൂടെയാണ്. ആ സഞ്ചാരം തന്നെയാണ് ഈ സിനി മയുടെ പ്രമേയം. പറഞ്ഞറിയിക്കാനാകാത്ത വെല്ലുവിളികളും യാതനകളും ഗ്രീക്ക് ജനത നേരിട്ട ആ കാലഘട്ടങ്ങൾ അവരെ ഏതൊക്കെ തരത്തിൽ മാറ്റി മറിച്ചുവെന്നും





പ്രക്ഷുബ്ധരാക്കിയെന്നുമുള്ള വസ്തുതകൾ ഈ സിനിമയുടെ വിവിധ ഘട്ടങ്ങളിലുള്ള അവരുടെ അവസ്ഥകളിലൂടെ , നാടകസംഘത്തിന്റെ യാത്രകളിലൂടെത്തന്നെ ഈ സിനിമ വെളിവാക്കുന്നു.

ലോകമഹായുദ്ധ കാലഘട്ടത്തിൻറെ കെടുതികൾ സഞ്ചാരികളായ കളിക്കാർ അനുഭവിക്കുകയും അവർ സന്ദർശിക്കുന്ന ഗ്രാമവാ സികളിൽ പ്രതിഫലിക്കുകയും ചെയ്യുന്നു. ഗ്രീക്ക് മിത്തോളജിയും പുരാതന ഗ്രീക്ക് നാടക സന്ദർഭങ്ങളും ഇടകലർത്തി സിനിമയ്ക്ക് പുതിയൊരു ആഖ്യാനം നൽകുന്നു . ഏഷ്യാമൈനറിൽ നിന്നുള്ള ഗ്രീക്ക് അഭയാർത്ഥിയായ അഗമെനോൺ 1940-ൽ ഇറ്റലിക്കാർക്കെതിരെ യുദ്ധം ചെയ്യുന്നു, ജർമ്മൻകാർക്കെതിരായ ചെറുത്തുനിൽപ്പിൽ ചേരുന്നു. ക്ലൈറ്റെംനെസ്ട്രയും ഏജിസ്തോസും ചേർന്ന് അഗമനോണിനെ ഒറ്റിക്കൊടുക്കുന്നു . തുടർന്ന് അഗമെനോൺ വധിക്കപ്പെടുന്നു. ക്ലൈറ്റെംനെസ്ട്രയുടെ കാമുകനായ ഏജിസ്തോസ്, ജർമ്മൻ അധിനിവേശക്കാർക്കൊപ്പം പ്രവർത്തിക്കുന്ന ഒരു വിവരദായകനും സഹകാരിയുമാണ്.

അഗമെനോണിൻറെയും ക്ലൈറ്റംനെസ്ട്രയുടെയും മകനായ ഒറെസ്റ്റസ് ഇടതുപക്ഷക്കാരുടെ പക്ഷത്ത് ചേർന്ന് പോരാടുന്നു. തന്റെ പിതാവിനെ വധിച്ച അമ്മയെയും ഏജിസ്തോസിനെയും വധിച്ച് , പിതാവിൻറെ മരണത്തിന് പ്രതികാരം ചെയ്യുന്നു. ഗറില്ലാ പ്രവർത്തനങ്ങളുടെ പേരിൽ 1949-ൽ അറസ്റ്റിലാവുകയും 1951-ൽ ജയിലിൽ വധിക്കപ്പെടുകയും ചെയ്തു. അവന്റെ സഹോദരി ഇലക്ട്ര ഇടതുപക്ഷക്കാരെ സഹായിക്കുകയും അവരുടെ അമ്മയു ടെയും ഏജിസ്തോസിന്റെയും വഞ്ചനയ്ക്ക് പ്രതികാരം ചെയ്യാൻ സഹോദരനെ സഹായി ക്കുകയും ചെയ്യുന്നു. ഒറെസ്റ്റസിൻറെ മരണശേഷം അവൾ ട്രൂപ്പിന്റെ പ്രവർത്തനവും പൈലേഡുമായുള്ള ബന്ധവും തുടരുന്നു. എന്നാൽ ഇലക്ട്രയുടെ ഇളയ സഹോദരിയായ ക്രിസോ തെം, ജർമ്മൻ നാസികളുമായി സഹകരിക്കുന്നു. അധിനിവേശകാലത്ത് അവർക്ക് വേണ്ടി വേശ്യാവൃത്തി ചെയ്യുന്നു. വിമോചനസമയത്ത് ബ്രിട്ടീഷുകാരുടെ പക്ഷം ചേരുന്നു. പിന്നീട് ഒരു അമേരിക്കക്കാരനെ വിവാഹം കഴിച്ചു.

ഒറെസ്റ്റസിന്റെ അടുത്ത സുഹൃത്തായ പൈലേഡ്സ്, അന്നത്തെ മെറ്റാക്സസ് ഭരണകൂടത്താൽ നാടുകടത്തപ്പെട്ട ഒരു കമ്മ്യൂണിസ്റ്റുകാരനാണ്. ഗറില്ലകളോടൊപ്പം ചേരുകയും വീണ്ടും അറസ്റ്റു ചെയ്യപ്പെടുകയും നാടു കടത്തപ്പെടുകയും ചെയ്യുന്നു. ഒടുവിൽ വലതുപക്ഷത്തിൻറെ പീഢനത്തിന് ശേഷം ഇടതുപക്ഷത്തെ അപലപിച്ച് എഴുതി ഒപ്പിടാൻ നിർബന്ധിതനാവുകയും 1950-ൽ ജയിലിൽ നിന്ന് മോചിതനാവുകയും ചെയ്യുന്നു..സിനിമയ്ക്കുള്ളിലൊരു നാടകസംഘവും അവരിലൂടെ ഒരു നാടകവും അതിനുള്ളിൽ ചരിത്രവും യാഥാർഥ്യവും ഒക്കെയായി പല അടുക്കുകൾ ഈ സിനിമയ്ക്കുണ്ട് . ഏകതാനതയിലൂടെ കാണിയുടെ കണ്ണിന്റെ കാവ്യശാസ്ത്രം വിടർത്തുന്നു ...



**1975 മുതൽ 1985 വരെ കേരളത്തിൽ ഒട്ടേറെ സൊസൈറ്റികൾ ഉണ്ടായിരുന്നു . 2023 ൽ ഫെഡറേഷനിൽ വോട്ടവകാശമുള്ള അംഗ ങ്ങൾ വെറും 50 മാത്രം . അതിൽ 20 എണ്ണം കടലാസ്സ് സൊസൈറ്റികളും നാമമാത്ര പ്രവർത്തനം ഉള്ള ബിനാമി സൊസൈറ്റികളുമാണ് . ഓരോ വർഷവും സാംസ്കാരിക വകുപ്പിൽ നിന്ന് ഫിലിം സൊസൈ റ്റിയുടെ നിലനിൽപ്പിനായി നൽകുന്ന 50 ലക്ഷം രൂപയോളം ഫിൽക്ക പോലുള്ള , യോഗ്യതയുള്ള ഫിലിം സൊസൈ**



**സെറ്റികൾക്ക് അർഹമായ രീതിയിൽ ലഭിക്കുന്നില്ല . വർഷങ്ങളായി ലക്ഷക്കണക്കിന് രൂപയിൽ ഭൂരിഭാഗവും ഒരു ഗൂഢസംഘം ചില ഒത്താശകളോടെ , സ്വാർത്ഥ താൽപര്യങ്ങൾക്കായി ദുർവിനിയോഗം ചെയ്യുന്നു . ഇപ്പോൾ അഴിമതി കണക്കുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട് . ആ വിജിലൻസ് അന്വേഷണം പൂർത്തിയായി വിവരം പുറത്തുവരുന്നത് വരെ ഫെഡറേഷനിൽ ഈ വർഷം തെരെഞ്ഞെടുപ്പ് നടത്താൻ പാടില്ല എന്നും കേന്ദ്ര കമ്മറ്റിയ്ക്ക് മുന്നിൽ നിയമപരമായി അർഹതയില്ലാത്ത നിലവിലുള്ള കമ്മറ്റിയുടെ തെരെഞ്ഞെടുപ്പ് തീരുമാനം പിൻവലിക്കണമെന്നും ജനറൽ സെക്രട്ടറി കൂടിയായ സാബു ശങ്കർ പ്രസ്താവിച്ചു .**

തുടർന്ന് ഫിൽക്ക പ്രസിഡൻറ് ഡോ. രാധാകൃഷ്ണൻ പ്രദർശനചിത്രങ്ങളെ കുറിച്ച് സംസാരിച്ചു. വിഖ്യാതനായ സംവിധായകൻ ആഞ്ചലോപൗലോസ് എന്ന വിശ്വവിഖ്യാത സംവിധായകന്റെ ഏതാനും ചലചിത്രങ്ങളാണ് ഇവിടെ പ്രദർശിപ്പിക്കുന്നത്. ഒരു കാലഘട്ടത്തിൽ ലോകസിനിമാ ലോകത്ത് നിറസാന്നിധ്യമായിരുന്ന ആഞ്ചലോ പൗലോസ് നമ്മെ വിട്ടുപിരിഞ്ഞിട്ട് കുറച്ചുകാലങ്ങളായി. എങ്കിലും അദ്ദേഹത്തിന്റെ സിനിമകളും ആശയങ്ങളും നമ്മെ ഇപ്പോഴും പ്രചോദിപ്പിക്കുന്നു. സമയത്തിന്റെ ദൗർലഭ്യം മൂലം അദ്ദേഹത്തിൻറെ മൂന്നു സിനിമകളാണ് നമ്മൾ ഇന്നിവിടെ പ്രദർശിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ സിനിമകളൊക്കെത്തന്നെ വളരെ ദൈർഘ്യമുള്ള സിനിമകളാണ്. എങ്കിലും വിശ്വവിഖ്യാതങ്ങളായ ആ സിനിമകൾ കാണേണ്ടത് തന്നെയാണ്.

നിങ്ങൾക്ക് എല്ലാവർക്കും അറിയാവുന്നതു പോലെ കഴിഞ്ഞ 25 വർഷമായി ഫിൽക്ക ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ വർഷം അവസാനത്തോടെ 25-ാം വാർഷികം നമ്മൾ ആഘോഷിക്കുന്നതാണ്. അതിനായുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു കൊണ്ടിരിക്കുകയുമാണ്. പിന്നിട്ട വർഷങ്ങളിലൊക്കെത്തന്നെ സിനിമ പ്രദർശനങ്ങളിൽ മാത്രം കേന്ദ്രീകരിച്ച് മുന്നോട്ടു പോയിരുന്ന ഫിൽക്ക, ഇനി വരുന്ന വർഷങ്ങളിൽ സിനിമയുമായി ബന്ധപ്പെട്ട വിവിധ തലങ്ങളിൽ ആഴത്തിൽ പ്രവർത്തിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. നിങ്ങളുടെ എല്ലാവരുടെയും സഹായത്തോടെ ഈ പദ്ധതികളൊക്കെത്തന്നെ പ്രാവർത്തികമാക്കാൻ പറ്റുമെന്ന പ്രതീക്ഷ നിലനിറുത്തിക്കൊണ്ടാണ് ഫിൽക്ക മുന്നോട്ടു പോകുന്നത്.
ജോയിന്റ് കൗൺസിൽ സംസ്ഥാന ജനറൽ സെക്രട്ടറി ജയചന്ദ്രൻ കല്ലിങ്കൽ, ഫിൽക്ക

ഫിലിം സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇത്തരത്തിൽ ഒരു ഫിലിം ഫെസ്റ്റിവൽ സംഘ ടിപ്പിച്ചു കണ്ടതിൽ അതിയായ സന്തോഷ വും അഭിമാനവും അറിയിച്ചു . ഇവിടെ പ്രദർശിപ്പിക്കാൻ പോകുന്ന സർഗാത്മകമായ ചലച്ചിത്രങ്ങൾ ഗ്രീസിൽ നിന്നുള്ളവയാണെന്ന് നമുക്കറിയാം. ഇത്തരം ചലച്ചിത്രങ്ങളിലൂടെ ഭാഷയുടെയും സംസ്കാരത്തിന്റെ യും അതിർവരമ്പുകൾ താണ്ടി അവിടുത്തെ ജീവിതങ്ങളിലൂടെയും അവസ്ഥകളിലൂടെ യും കടന്നുപോകാൻ സാധിക്കുന്നത് ഭാഗ്യമാണ്. അത് സാധിച്ചു തന്നതിൽ ഫിൽക്ക പ്രവർത്തകർക്കുള്ള നന്ദി അറിയിക്കുന്നു.നന്മ കൾച്ചറൽ ഫോറം സെക്രട്ടറി അരുൺകുമാർ , ഈ കാലഘട്ടത്തിലെ കലാസമൂഹത്തിന് ദൈർഘ്യം ഏറിയ സിനിമകൾ കാണാനു ള്ള മനസ്സാനിധ്യം നഷ്ടപ്പെട്ടിരിക്കുന്നുവെന്നു പറഞ്ഞു. കൂടുതൽ പേർക്കും 30 സെക്കൻഡ് ദൈർഘ്യമുള്ള ഷോട്ടുകൾ കാണാനാണ് താല്പര്യം. ആഞ്ചലൊപൌലോസിന്റേതു പോലുള്ള ദൈർഘ്യമേറിയ സിനിമകൾ തീയറ്ററു കളിൽ പ്രദർശിപ്പിച്ചിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. ആ കാലഘട്ടം കഴിഞ്ഞു പോയി രിക്കുന്നു . ഇന്നത്തെ കാലഘട്ടത്തിൽ ഫിലിം സൊസൈറ്റികളിലൂടെ മാത്രമേ അവയുടെ പ്രദർശനം സാധ്യമാകുന്നുള്ളു. അന്താരാഷ്ട്ര ഫെസ്റ്റിവലു കളിൽ തന്നെ ദൈർഘ്യം കുറഞ്ഞ സിനിമകൾ കാണാനാണ് പ്രേക്ഷകർ താൽപ ര്യപ്പെട്ടു കാണാറുള്ളത്.

ഈയിടെ ഒരു ചടങ്ങിലേക്ക് അടൂർ ഗോപാ ലകൃഷ്ണൻ സാറിനെ ക്ഷണിക്കാനായി പോയ പ്പോൾ അദ്ദേഹം കഥകളി കാണുകയായിരുന്നു. ഏകദേശം വൈകിട്ട് 7മണി മുതൽ രാത്രി പത്തര മണി വരെ ഏകാഗ്രതയോടെ ഇരുന്ന് അദ്ദേഹം കഥകളി കണ്ടു. ഏകദേശം 250 ഓളം പേർ അന്നത്തെ ആ സദസ്സിൽ ഉണ്ടായിരുന്നു. ഇക്കാലത്തും അങ്ങനെയുള്ള കലാസ്വാദകർ നമ്മുടെ ഇടയിലുണ്ട് എന്നുള്ളത് സന്തോഷം തരുന്നു. അങ്ങനെയുള്ളപ്പോൾ ഇതു പോലെ യുള്ള ദൈർഘ്യമേറിയ സിനിമ കൾക്കും പ്രേക്ഷകർ ഉണ്ടാകുമെന്നും നമുക്ക് പ്രതീക്ഷി ക്കാം...
ട്രാവലിംഗ് പ്ലയേഴ്സ് , വീപ്പിങ് മെഡോ , എറ്റെർനിറ്റി ആൻഡ് എ ഡേ എന്നീ സിനി മകൾ പ്രദർശിപ്പിച്ചു . ●



ഫിലിം വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി





പ്രതികരണം

# തിയൊ ആഞ്ജലൊപൗലോസ് ഫിലിം ഫെസ്റ്റിവൽ



ജോൺ തോമസ്

കേരളത്തിലെ മുതിർന്ന ചലച്ചിത്ര ആസ്വാദകരെ പോലെ ആഞ്ജലൊ പൗലോസിന്റെ ആദ്യം കാണാനിടയായ സിനിമ The Beekeeper തന്നെയാണ്. 1988ൽ തിരുവനന്തപുരത്ത് നടന്ന ഫിലിമോൽസവിൽ. ചിത്രത്തിൻെറ സംവിധായകൻ ശ്രദ്ധേയനായി തുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളു. മാഴ്സല്ലൊ മസ്ട്രിയോണി എന്ന നടൻ അവതരിപ്പിച്ച നായക കഥാപാത്രം അനുഭവിച്ച അന്യതാ ബോധം ചിത്രീകരിച്ച രംഗങ്ങൾ ഇന്നും ഓർമയിൽ ഉണ്ട്.മകളുടെ വിവാഹം നടക്കുന്ന ആഘോഷ തിമിർപ്പിന്റേതായ അന്തരീക്ഷത്തിൽ ഒറ്റപ്പെടൽ അനുഭവിക്കുന്ന നായകൻ ഇറങ്ങിപ്പോകുന്നതും ഇടയ്ക്ക് കണ്ടുമുട്ടുന്ന പെൺകുട്ടിയുമായി മനസ്സ് തുറന്ന് സൗഹൃദത്തിൽ ആകാൻ കഴിയാ തിരിക്കുന്നതും തേനീച്ച പെട്ടികളിൽ നിന്നും തേനീച്ചകളെ കൂട്ടത്തോടെ തുറന്നുവിട്ട് അവ യുടെ കുത്തേറ്റ് മരണം ഏറ്റുവാങ്ങുന്നതുമായ രംഗങ്ങൾ മായാതെ മനസ്സിലുണ്ട്.




ആഞ്ജലോപൗലോസ് എന്ന സംവിധയകനെ കുറിച്ച് പിന്നീട് കേൾക്കുന്നത് ഒരു ഐ.എഫ്. എഫ്.ഐ യിൽ മികച്ച ചിത്രമായി Landscape in the Mist എന്ന ചിത്രം തിരഞ്ഞെടുക്കപ്പെട്ടപ്പോഴാണ്. അമ്മ പറയുന്ന കഥകളിലൂടെ മാത്രം അച്ഛനെ കുറിച്ച് കേട്ടറിയുന്ന ഒരു ബാലികയും അവളുടെ കൊച്ചു സഹോദരനും ടിക്കറ്റെടുക്കാതെ ട്രെയിൻ കയറി അച്ഛനെ തേടി ജർമ്മനിയിലേക്ക് പോകാൻ നടത്തുന്ന വിഫല ശ്രമങ്ങളും അവരെ വേട്ടയാടുന്ന കടുത്ത സാമൂഹിക യാഥാർത്ഥ്യങ്ങളും. ഈ ചിത്രത്തെക്കുറിച്ച് ആദ്യമായി എന്നോട് പറയുന്നത് ഇത് അന്ന് കണ്ട ഫിലിം ഫെഡറേഷൻ പ്രവർത്തകനും സൂര്യയു ടെ പ്രധാന പിന്നണി പ്രവർത്തകരിൽ ഒരാളുമായി രുന്ന പരേതനായ പ്രസന്നകുമാറാണ് . ആ കുട്ടി കളുടെ വേദനാനിർഭരമായ അനുഭവങ്ങൾ പ്രത്യേകിച്ച് പെൺകുട്ടിയുടേത്, നിറകണ്ണുകളോടെയാണ് കണ്ടതെന്ന് അദ്ദേഹം പറഞ്ഞത് ഓർക്കുന്നു.

ഈ ഗ്രീക്ക് സംവിധായകനെയും അദ്ദേഹത്തിന്റെ സിനിമകളെയും കുറിച്ച് കൂടുതൽ അറിഞ്ഞതോ ടെ അദ്ദേഹം പ്രിയപ്പെട്ട സംവിധായകരിൽ ഒരാളായി മാറി.എന്നാൽ 2012 ൽ തന്റെ സിനിമാചിത്രീകരണ വേളയിൽ ഒരു ബൈക്ക് അപകടത്തിൽ അദ്ദേഹം മരിച്ചുവെന്ന വാർത്ത ഏറെ ദുഃഖത്തോടെയാണ് കേട്ടത് . മഹാനായ ഒരു സംവിധായകനിൽ നിന്നും കൂടുതൽ നല്ല സിനി മകൾ നമുക്ക് ലഭിക്കുവാനുള്ള സാധ്യത ഇല്ലാ താക്കിയ -ഏതാണ്ട് നല്ല വാർദ്ധക്യത്തിൽ ആണ് അദ്ദേഹം നമ്മെ വിട്ടു പോയതെന്ന് അറിയാമായി രുന്നിട്ടും -ആ ക്രൂരമായ വിധിയെ പഴിക്കുകയും ചെയ്തു. തുടർന്ന് യൂണിവേഴ്സിറ്റി സ്റ്റുഡൻസ് സെൻററിൽ വച്ച് ഫിൽക്ക നടത്തിയ ഒരു ഫിലിം ഫെസ്റ്റിവലിൽ Homage വിഭാഗത്തി


ഫിലിം വിഷൻ
filca
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



ൽ ആഞ്ജലോ പൗലോസിന്റെ ഏഴ് സിനിമ കൾ ഉൾപ്പെടുത്തുകയും അവയിൽ പലതും കാണാൻ കഴിയുകയും ചെയ്തത് ഒരു അസുലഭാനുഭവമായിരുന്നു. അവസാന മായി ചിത്രീകരിച്ച അപൂർണ്ണ ചിത്രം- The Other Sea യിലെ രംഗങ്ങൾ കൂടി ഉൾപ്പെടുത്തി അദ്ദേഹത്തിന്റെ ശിഷ്യൻ കൂടിയായ സഹസം വിധായകൻ നിർമ്മിച്ച സിനിമ ഒരു IFFKയിൽ കണ്ടത് വേദന നിറഞ്ഞ മറ്റൊരു ഓർമ്മയാണ്.

ഇപ്പോൾ അദ്ദേഹത്തിന്റെ മൂന്ന് മികച്ച സിനിമ കൾ, പ്രത്യേകിച്ചും കേരളത്തിൽ അധികം പ്രദർശിപ്പിക്കാത്ത ട്രാവലിംഗ് പ്ലെയേഴ്സ് ഉൾപ്പെടെ ഒരു മേള 2024 മെയ് മാസത്തിൽ നടത്തുന്നു എന്ന വാർത്ത അനല്പ മായ സന്തോഷത്തോടെയാണ് ശ്രവിച്ചത്. അത്തരമൊരു മേള എന്നെപ്പോലെ ഒരു ചലച്ചിത്ര കുതുകിക്ക് സമ്മാനിച്ച ഫിൽക്കയ്ക്ക് അഭിനന്ദ നങ്ങൾ.ഉദ്ഘാടന ചടങ്ങിനും കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ ആരംഭ കാലം മുതലുള്ള സജീവ പ്രവർത്തകനും ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ ചിത്രങ്ങളുടെ പ്ര ധാനപിന്നണി പ്രവർ ത്തകനുമായ ശ്രീ. മീരാ സാഹിബിന് നൽകിയ ആദരത്തിനും ശേഷം പ്രദർശിപ്പിച്ച സിനിമ, ട്രാവലിംഗ് പ്ലെയേഴ്സ് ആയിരുന്നു .

ഗ്രീക്ക് ഇതിഹാസങ്ങളുടെ ഓർമ്മയുണർത്തുന്ന സിനിമ. അധിനിവേശം, മഹായുദ്ധങ്ങൾ, ആഭ്യന്തര കലാപങ്ങൾ, പട്ടാള അട്ടിമറികൾ സർവ്വോപരി ജനകീയ ചെറുത്തുനിൽപ്പ് എന്നി വയൊക്കെ കണ്ട ഗ്രീസിന്റെ അര നൂറ്റാണ്ട് കാലത്തെ ചരിത്രം ഒരു നാടകസംഘം ആവി ഷ്കരിക്കുന്ന ഫോക്ക് നാടകം . തുടർന്ന് ഗ്രീക്ക് ഇതിഹാസ കഥാപാത്രങ്ങൾ എന്നിവരിലൂടെ ആവിഷ്കരിക്കാൻ നടത്തുന്ന ശ്രമമാണ് ഈ സിനിമ. തെരുവ് മാത്രമല്ല തെരുവിലെ കെട്ടിടങ്ങ ളും തെരഞ്ഞെടുപ്പ് പ്രചാരണവും കവചിത വാഹനങ്ങളും ജനാധിപത്യവാദികൾ നേരിടുന്ന പീഢനങ്ങളും ഒക്കെ തന്നെ വ്യത്യസ്തമായ സെറ്റിംഗ്സിൽ ആവിഷ്കരിക്കപ്പെടുന്നു. അരാരാത്ത് പർവ്വതം, ഈജിയൻ കടൽ എന്നീ




ഭൂപ്രദേശങ്ങൾ ഒക്കെ ഇതിൽ സജീവസാന്നിധ്യ മാകുന്നു.


അടുത്തതായി അവതരിപ്പിക്കപ്പെട്ട സിനിമ പലായനം പ്രധാന പ്രമേയമായ ദി വീപ്പിംഗ് മെഡോസ് ആണ്. ബോൾഷെവിക്കുകൾ അധികാരമേറ്റെടുത്തതിനെ തുടർന്നുണ്ടായ സംഘർഷാവസ്ഥയിൽ ഒഡേസ വിട്ട് ഗ്രീസി ലേക്ക് പലായനം ചെയ്ത ഒരു പറ്റം ഗ്രീസു കാർ. വിഭാര്യനായ സ്പിറോസ് നായകനായ സംഘം ഗ്രീസിലെ കടൽത്തീര പട്ടണം ആയ തെസ്സ്ലോനിക്കിയുടെ പ്രാന്ത പ്രദേശത്തുള്ള നദീതീരത്തെ ചതുപ്പ് നിലം തങ്ങളുടെ വാസസ്ഥലമാക്കി മാറ്റിയെടുക്കുന്നു. തന്റെ മകൻ അലക്സിയും അവന്റെ കൈപിടി ച്ചുകൊണ്ട് അമ്മ മരിച്ചതിനാൽ സ്പിറോ സിന്റെ സംരക്ഷ ണയിലായ എലനി എന്ന പെൺകുട്ടിയും. ഈ പെൺകുട്ടി പ്രായ പൂർത്തിയാകുമ്പോൾ അവളെ തന്റെ ഭാര്യയാ ക്കണം എന്ന ഉദ്ദേശ്യവുമായി കഴിയുന്ന സ്പിറോസിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായി പ്രണയബദ്ധരായാണ് ഈ കുട്ടികൾ വളർന്നത്. കൗമാരത്തിൽ എത്തിയ എലനി ഇരട്ടകളായ രണ്ട് ആൺകുട്ടികൾക്ക് രഹസ്യമായി ജന്മം നൽകുകയും അവരെ പട്ടണത്തിലെ ഒരു ധനിക കുടുംബം വളർത്തി വരികയും ചെയ്യുന്നു. എലനിയുടെ കണ്ണിലൂടെയാണ് ഈ സിനിമ മുന്നോട്ട് പോകുന്നത്. ചിത്രത്തിന്റെ അന്ത്യത്തിൽ ഇരട്ടകളിൽ ഒരാൾ പട്ടാളക്കാര

നായും അപരൻ പട്ടാളം നേരിടുന്ന ഗറില്ല യായും പരസ്പരം ഏറ്റു മുട്ടി ഇല്ലാതായി തീരുന്നു.ഈ രണ്ടു മക്കളെ കുറിച്ചുള്ള എലനി യുടെ ദുഃഖവും സമാനമായ അവസ്ഥയിലുള്ള അമ്മമാരുടെ ദുഃഖവുമാണ് പുൽമേടിന്റെ വിലാപമായി ചിത്രീകരിച്ചിരിക്കുന്നത് .

തന്റെ പിതാവും എലനിയുമായുള്ള വിവാഹ ചടങ്ങിനു മുൻപ് എലനിയേയും കൂട്ടി ഒളി ച്ചോടി ഒരു സംഗീതസംഘത്തോടൊപ്പം പട്ടണത്തിലെത്തി അവരിലെ അക്കോർഡിയൻ വായനക്കാരനായി കഴിയുകയാണ് അലക്സി. എലനി കരയായാന്ദ്രോ എന്ന സംഗീതജ്ഞ ഒരുക്കിയ മനോഹരമായ ഗ്രീസിന്റെ പരമ്പരാഗത സംഗീതം, ഓരോ ഷോട്ടും സൂക്ഷ്മതയോടെ ചിത്രീകരിച്ച ഫോട്ടോഗ്രാഫി എന്നിവ കൊണ്ട് സമ്പന്നമാണ് ഈ ചിത്രം.

നദീതീരത്ത് പ്രവാസികൾ കെട്ടിപ്പടുത്ത ഗ്രാമത്തിന്റെ ചിത്രം, സ്പിറോസിന്റെ മൃത ദേഹം വള്ളങ്ങളുടെ അകമ്പടിയോടെ ഗ്രാമ ത്തിലേക്ക് കൊണ്ടുവരുന്ന രംഗം, സ്പിറോസിന്റെ മരണത്തോടൊപ്പം മൂകമായ ഗ്രാമ ചിത്രീകരണം, ആടുകളെ കൊന്നു മരത്തിൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്ന ഷോട്ട്, വെള്ളപ്പൊക്കം, വയലിൻ വാദകൻ നിക്കോൾ പട്ടാളത്തിന്റെ വെടിയേറ്റ് മരിക്കുന്ന രംഗം, ആളൊഴിഞ്ഞ കടൽത്തീരത്തെ പ്രണയ രംഗങ്ങൾ, നഗരത്തിലെ തിയേറ്ററിൽ അഭയം തേടിയവരുടെ ജീവിത ചിത്രീകരണം അങ്ങനെ നിരവധി രംഗങ്ങൾ എടുത്തു പറയണം.

അടിച്ചമർത്തലിന്റെ രാഷ്ട്രീയത്തെ സംഗീതം കൊണ്ട് നേരിടുന്നവരാണ് ഇതിലെ സംഗീത ട്രൂപ്പ് .അവരാണ് ഈ ചിത്രത്തെ സജീവമാക്കി മുന്നോട്ടു കൊണ്ടുപോകുന്നത്.ഗ്രീസിലെ രാഷ്ട്രീയവും സാമൂഹികവുമായ അവസ്ഥകൾ പശ്ചാത്തലമാക്കി സൃഷ്ടിക്കപ്പെട്ടവയാണ് ആദ്യത്തെ രണ്ട് സിനിമകളെങ്കിൽ മാരകമായ രോഗം ബാധിച്ച് ആസന്ന മരണനായ ഒരു കവിയുടെ -അലക്സാന്ദ്രോ-യുടെ ജീവിത ത്തിലെ അവസാന ദിവസത്തെ കേന്ദ്രീകരിച്ചു




കൊണ്ടുള്ള മാനസികാപഗ്രഥനം ആണ് , 1998ൽ നിർമ്മിച്ച് കാൻ ഫെസ്റ്റിവലിൽ ആഞ്ജലോ പൗലോസിന് പാം ദ് ഓർ പുരസ്കാരം ലഭിക്കാനിടയായ ചിത്രം – Eternity and a Day എന്ന അവസാനമായി പ്രദർശിപ്പിച്ച സിനിമ യിലെ പ്രമേയം.

രാഷ്ട്രീയം, അതിജീവനത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ എന്നിവയൊക്കെ പരാമർശിക്ക പ്പെടുന്നുണ്ടെങ്കിലും ഊന്നൽ കവിയായ എഴുത്തുകാരന്റെ ജീവിതത്തിലാണ്. ഭാര്യ ,അമ്മ ,മകൾ, ജോലിക്കാരി എന്നിവരെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ഓർമ്മകളും ബന്ധങ്ങളും മനോഹരമായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. അമ്മയു ടെ മരണം നടന്ന ആശുപത്രി മുറിയിൽ നിന്നും പുറത്തു കടക്കുമ്പോൾ എന്തുകൊണ്ടാ ണ് താൻ ആൾക്കൂട്ടത്തിൽ ഏകാകിയായി നിലകൊള്ളുന്നതെന്നും സ്നേഹരഹിതനായി രിക്കുന്നതെന്നും കാവ്യഭാഷയിൽ അദ്ദേഹം വിലപിക്കുന്നു.

Akira Kurosawa യുടെ Ikiruഎന്ന ചിത്രത്തിലെ നായകൻ തന്റെ അർത്ഥ രഹിതമായ ജീവിത ത്തിന് മാനം നൽകുന്നത് കുട്ടികൾക്ക് വേണ്ടിയുള്ള ഒരു പാർക്ക് നിർമ്മിച്ച് പാർക്കിലെ ഊഞ്ഞാലിലിരുന്ന് പാട്ടുംപാടി മരണത്തെ നേരിട്ടായിരുന്നുവെങ്കിൽ ഇവിടെ അൽബേ നിയയിൽ നിന്നും മനുഷ്യക്കടത്ത് സംഘ ത്തിന്റെ പിടിയിൽപ്പെട്ട് ഗ്രീസിൽ എത്തുന്ന നിരവധി ബാലന്മാരിൽ ഒരുവനെ രക്ഷപെടാൻ

KSFDC
കേരള ഭാഗ്യക്കുറി

സഹായിക്കുന്നത്തിലൂടെ മറ്റൊരു യാത്രയുടെ സാഫല്യം നായകൻ അനുഭവിക്കുന്നതിലാണ് . അനാഥകുട്ടികളെ സമ്പന്നർക്ക് വിറ്റ് പണം നേടിയെടുക്കുന്ന സംഘങ്ങളിൽ നിന്നും രക്ഷിക്കുന്നതിലും അവനുമായി ആത്മബന്ധം സ്ഥാപിച്ച് തിരികെ അൽബേനിയയിലേക്ക് കപ്പൽ മാർഗേണ അയക്കുന്നതിലൂടെയുമാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ ഗ്രീക്ക് കവി പൂർത്തിയാക്കാതെ പോയ കവിത പൂർത്തിയാക്കാനുള്ള ശ്രമത്തിൽ ഉചിതമായ പദങ്ങൾ ലഭിക്കാതെ വന്നതിനാൽ കവിത പൂർത്തിയാക്കാൻ കഴിയാതെ വന്നയാളാണ് നമ്മുടെ എഴുത്തുകാരൻ. തനിക്ക് നാട്ടു സംസാരങ്ങളിൽ നിന്നും ഉചിതമായ പദങ്ങൾ തേടിപ്പിടിച്ചു കൊണ്ടുവരുന്ന ബാലന് അദ്ദേഹം സമ്മാനമായി പണം നൽകുന്നുണ്ട്.Stranger(**അന്യൻ**), തുടങ്ങിയ പദങ്ങൾ അവൻ തിരഞ്ഞു പിടിച്ചു കൊണ്ടുവരുന്നുമുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിൽ, ഗ്രീസിൽ നിന്നും ഇറ്റലിയിലേക്ക് കുടിയേറിയിട്ട് വർഷങ്ങൾക്കു ശേഷം തിരിച്ചു ഗ്രീസിൽ എത്തിയ വിഖ്യാത കവി കാവ്യരചനയ്ക്ക് മാതൃഭാഷയിൽ ഉചിതമായ പദങ്ങൾ ലഭ്യമാകാതെ വന്നപ്പോൾ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങി നാട്ടുഭാഷയിൽ നിന്നും ഉചിതമായ പദങ്ങൾ തേടിയ രീതി അനുവർത്തിക്കുകയാണ് അലക്സാന്ദ്രൊ ചെയ്തത്. പദങ്ങൾ തേടിപ്പിടിച്ച് കാവ്യരചനക്ക് വേണ്ട വാക്കുകൾ എത്തിച്ചു തരുന്നതിൽ ഔൽസുക്യം കാട്ടുന്നതിലൂടെ അന്യ നാട്ടുകാരനായ




ബാലൻ തന്നോട് കാട്ടിയ സ്നേഹവും തന്റെ വീട്ടിലെ ജനാല തുറക്കുമ്പോൾ റോഡിനപ്പുറത്തുള്ള വീട്ടിലെ അജ്ഞാത താമസക്കാരിൽ നിന്നും എന്നും കേൾക്കുന്ന മനസ്സിനെ ഉന്മിഷത്താക്കുന്ന നിത്യതയെ കുറിച്ചുള്ള പാട്ടും അലക്സാന്ദ്രോയിൽ ജീവിതാഭിമുഖ്യം വളർത്തുന്നുണ്ടെങ്കിലും തന്റെ ശാരീരികാവസ്ഥ തന്നെ അതിന് അനു വദിക്കുന്നില്ലെന്ന് അദ്ദേഹം തിരിച്ചറിയുന്നു.

അദ്ദേഹത്തിന്റെ ബാല്യ കൗമാരങ്ങൾ ചെലവഴിച്ച കടൽത്തീരത്തെ വീട് മകളാൽ വിൽക്കപ്പെട്ടുവെങ്കിലും അദ്ദേഹം അവിടെ എത്തുന്നു . ഓർമ്മകൾ നിറഞ്ഞ മനസ്സുമായി നിൽക്കുമ്പോൾ സമുദ്രത്തിനപ്പുറത്തു നിന്നും അലക്സാന്ദ്രൊ എന്ന ഭാര്യയുടെ വിളി കേൾക്കുന്നു. സാർത്ഥ കമെന്ന് തനിക്ക് അനുഭവപ്പെട്ട തന്റെ ഇഹലോക ജീവിതവാസം അവസാനിച്ചതായി സൂചിപ്പിച്ചുകൊണ്ട് സിനിമ അവസാനിക്കുന്നു.

മികച്ച നിരവധി ദൃശ്യങ്ങൾ അടങ്ങുന്നതാണ് ഈ സിനിമ. ബാലന്മാരിൽ ഒരുവനായ സലിം മരണപ്പെട്ടതോടെ മോർച്ചറിയിൽ നിന്നും അവന്റെ വസ്ത്രങ്ങൾ മോഷ്ടിച്ചെടുത്ത് തങ്ങളുടെ അരക്ഷിതമായ വാസസ്ഥലത്ത് എത്തിച്ച് അവ കത്തിച്ച് തങ്ങളുടെ ദുഃഖവും ഐക്യദാർഢ്യവും അൽബേനിയൻ ബാലന്മാർ പ്രകടിപ്പിക്കുന്ന രംഗം ഹൃദയസ്പർശിയാണ്. സമീപകാലത്ത് തുർക്കിയിൽ നിന്നും അതിജീവനത്തിനായി പലായനം ചെയ്ത് എത്തിയ ആളുകൾ കയറിയ ബോട്ട് ഗ്രീസിന് സമീപം കടലിൽ മറിഞ്ഞ് ഐലൻ കുർദി എന്ന ബാലന്റെ മരണം ഈ രംഗം കണ്ടപ്പോൾ ഓർത്തു പോയി. അലക്സാന്ദ്രൊ ബാലനെയും കൊണ്ട് അതിർത്തിയിലേക്ക് നടത്തുന്ന യാത്രയിൽ ഒരുഭാഗത്ത് ബസ് യാത്രയുണ്ട്. തെരുവിൽ ചുവപ്പു കൊടിയുമായി മുദ്രാവാക്യം വിളിച്ചു നിന്ന ചെറുപ്പക്കാരൻ ബസ്സിൽ കയറി പരിസരം മറന്ന് ഉറക്കം ആരംഭിക്കുന്നതും, കലഹിച്ച് ഇറങ്ങിപ്പോകുന്ന നവ വധൂവരന്മാരും, ഇവരൊക്കെ പോയി കഴിഞ്ഞ് ബസ്സിനകത്ത് എത്തി

മനോഹരമായ സംഗീതമാലിക്കുന്ന സംഗീത സംഘവും, ഇവർക്കൊക്കെ സാക്ഷിയായി കൗതുകപൂർവ്വം വീക്ഷിച്ചു കൊണ്ടിരിക്കുന്ന അലക്സാന്ദ്രോയും ബാലനും, നിസംഗത പുലർത്തുന്ന ബസ് കണ്ടക്ടറും. ആലോചനാമൃതമായരംഗങ്ങൾ.

തന്റെ രക്ഷകനും സുഹൃത്തുമായി മാറിയ അലക്സാന്ദ്രോയും തിരികെ അലക്സാന്ദ്രോയ്ക്ക് സ്നേഹം പകർന്നു നൽകിയ ബാലനും തമ്മിലുള്ള വിടവാങ്ങൽ ഉള്ളിൽ തട്ടുന്നു . യാതനയും വേദനയും മഹത്തും അന്തസ്സുറ്റതുമായ പ്രവർത്തികൾ ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നുവെന്ന് ദസ്തയേവ്സ്കിയെപ്പോലുള്ള ചിന്തകരായ എഴുത്തുകാർ പറഞ്ഞിട്ടുണ്ട്. (എം.ടി യുടെ സ്ക്രീൻപ്ലേയെ അടിസ്ഥാനപ്പെടുത്തി അടുത്തയിടെ അന്തരിച്ച സംവിധായകൻ ഹരികുമാർ തയ്യാറാക്കിയ ചിത്രമായ സുകൃതത്തിലെ നായകനും താൻ മാരക രോഗത്താൽ മരണാസന്നൻ ആണെന്ന് മനസ്സിലാക്കുന്നതോടെ അയാളുടെ ജീവിതത്തിൽ വരുന്ന പോസിറ്റീവായ മാറ്റം ശ്രദ്ധേയമാണ്.) തന്റെ ജീവിതാവസാനത്തിലെ ആ ഒരു ദിവസം അർത്ഥവത്തായ ഒന്നാക്കി മാറ്റാൻ സിനിമയിലെ നായക കഥാപാത്രം അലക്സാന്ദ്രോ ശ്രമിക്കുന്നു.Alls well that ends well എന്ന ആപ്തവാക്യം സൂചിപ്പിച്ചതു പോലെ അവസാനം കണ്ട സിനിമയിലൂടെ ഒരു മികച്ച മേളയിൽ പങ്കെടുത്ത അനുഭവവുമായാണ് ആഞ്ജലോ പൗലോസ് ഫെസ്റ്റിവൽ കണ്ട ശേഷം ഹാൾ വിട്ടുപോയത്



ഫിലിം വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# 2 nd EFFK -2024 ( Environmental Film Festival of Kerala )




ജൂൺ മാസം കേരളത്തിൽ വിവിധ ജില്ലകളിൽ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് സംഘടി പ്പിക്കുന്നതാണെന്ന് കേരള റീജീയണൽ വൈസ് പ്രസിഡന്റ് & കെ. എസ്. എഫ്. ഡി. സി ചെയർമാൻ ഷാജി.എൻ.കരുൺ പ്രസ്താവിച്ചു. FFSI, KSFDC, വനം വകുപ്പ്, ശാസ്ത്ര സാഹിത്യ പരിഷത്ത്, പു.ക. സ, ഗ്രന്ഥശാലകൾ , ക്യാമ്പസ് ഫിലിം ക്ലബ്ബുകൾ തുടങ്ങിയവ സഹകരിക്കുന്ന ഈ പരിസ്ഥിതി ചലച്ചിത്ര മേളയുടെ ഉദ്ഘാടനം ലോക പരിസ്ഥിതി ദിനത്തിൽ, ജൂൺ 5 ന്, തേക്കടിയിൽ ബാംബൂ ഗ്രോവിൽ വെച്ച് നടക്കും.

ജൂൺ 5,6,7 തീയതികളിൽ കുമളി ചൈതന്യ ഫിലിം സൊസൈറ്റി, പെരിയാർ ടൈഗർ റിസർവ്, പെരിയാർ ഫൗണ്ടേഷൻ എന്നി വയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടക്കുന്ന ഗ്രീൻ പനോരമ എൻവി യോൺ മെന്റൽഫിലിം ഫെസ്റ്റിവലിൽ നാൽപ്പതോളം ചിത്രങ്ങൾ പ്രദർശിപ്പിക്കും. എഫ്. എഫ്. എസ്. ഐ . റീജീയണൽ സെക്രട്ടറി ഇൻ ചാർജ്ജ് പ്രകാശ് ശ്രീധർ, എക്സിക്യുട്ടീവ് അംഗം എ. മീര സാഹിബ് , സേവ് ഫിലിം സൊസൈറ്റി മൂവ്മെന്റ് ഫോറം ചെയർമാൻ മണമ്പൂർ രാജൻ ബാബു, പരിസ്ഥിതി ഫെസ്റ്റിവൽ ഡയറക്ടർ ഈ. ജെ. ജോസഫ്, കട്ടപ്പന , കോ ഓർഡിനേറ്റർ സാബു ശങ്കർ എന്നിവർ പത്ര സമ്മേളനത്തിൽ പങ്കെടുത്തു.ജൂലൈ മാസത്തെ പാക്കേജ് - വർക്കേഴ്സ് ഫിലിം ഫെസ്റ്റിവൽ - ആർ. പി.അമുദൻ ക്യുറേറ്റ് യോചെയ്യും. ഓഗസ്റ്റിൽ, വിശ്വ സാഹിത്യവും സിനിമയും എന്ന പാക്കേജിൽ 31 ക്ലാസിക്ക് സിനിമകൾ സാബു ശങ്കർ ക്യുറേറ്റ് ചെയ്യുന്നു. സെപ്റ്റംബറിൽ നടക്കുന്ന ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവൽ കെ. ജെ സിജു ക്യുറേറ്റ് ചെയ്യുന്നു.

സെപ്റ്റംബർ പാക്കേജ് മലയാള നവ സിനിമ യാണ്. ഈ ഇൻഡിപെൻഡന്റ് സിനിമാ പാക്കേജ് ക്യുറേറ്റ് ചെയ്യുന്നത് എ. മീര സാഹിബ്, പ്രതാപ് ജോസഫ്, വി. മോഹന കൃഷ്ണൻ തുടങ്ങിയവരാണ്. വിവിധ ജില്ലകളിലായി ഫിലിം ഫെസ്റ്റിവൽ നടത്തുന്നതിന് ഫിലിം സൊസൈറ്റികളെ സഹായിക്കാനു ള്ള കമ്മറ്റിയിൽ വിവിധ ഫിലിംസൊസൈ റ്റി ഭാരവാഹികളായ സാബു ശങ്കർ ( തിരുവനന്തപുരം, കൊല്ലം), എ.മീര സാഹിബ് (പത്തനം തിട്ട ), മാത്യൂ ഓരത്തേൽ (കോട്ടയം), എം. എ.അഗസ്റ്റിൻ (ഇടുക്കി), സുനിൽനാഥ്. പി. കെ.(എറണാ കുളം) , കെ.പി.രവി,പ്രകാശ് പെരിഞ്ഞനം , അജിത് കുമാർ (തൃശൂർ),നവീൻ. വി. ബി (ഇരിഞ്ഞാലക്കുട), വി. മോഹന കൃഷ്ണൻ (മലപ്പുറം), അനിൽ.കെ.കറുപ്പൻ ( FFSI എക്സിക്യുട്ടീവ് അംഗം) , പ്രതാപ് ജോസഫ്, കെ. ജെ. തോമസ് (കോഴിക്കോട്) എന്നിവരെ ചുമതലപ്പെടുത്തി.

ഫിലിം വിഷൻ
filca
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# ഫിലിം സൊസൈറ്റി കൂട്ടായ്മ, ജൂൺ 5-6 തേക്കടി



1. ജനസംസ്കാര ചലച്ചിത്ര കേന്ദ്രം, തൃശൂർ
2. ഇരിങ്ങാലക്കുട ഫിലിം സൊസൈറ്റി,
3. രശ്മി FS, മലപ്പുറം ,
4. മിനിമൽ സിനിമ കോഴിക്കോട്,
5. മൂവാറ്റുപുഴ ഫിലിം സൊസൈറ്റി
6. ന്യൂവേവ് FS, കോട്ടയം
7. പൂഞ്ഞാർ ഫിലിം സൊസൈറ്റി
8. ചൈതന്യ FS, കുമളി
9. ദർശന FS, കട്ടപ്പന
10. ഫിൽക്ക FS, തിരുവനന്തപുരം
11. പു ക സ, തൃശൂർ
12. വരന്തരപ്പിള്ളി FS
13. തിരൂർ ഫിലിം സർക്കിൾ
14. നിലമ്പുർ ഫിലിം സർക്കിൾ
15. തൊടുപുഴ ഫിലിം സർക്കിൾ

എന്നീ ഫിലിം സംഘടനകളിൽ നിന്നുള്ള 23 അംഗങ്ങളും ശ്രീ വിജയകൃഷ്ണൻ, ശ്രീ എം. സി. രാജനാരായണൻ എന്നിവരും പങ്കെടുത്തു. ഫിലിം സൊസൈറ്റികൾക്ക് ഒരുതരത്തിലും ഗുണകരമല്ലാത്ത പ്രവർത്തനമാണ് FFSI നടത്തുന്നതെന്ന് യോഗം വിലയിരുത്തി. ചലച്ചിത്ര പഠനത്തിനും ഫിലിം പാക്കേജുകൾ ക്യൂറേറ്റ് ചെയ്തു പ്രദർശിപ്പിക്കുന്നതിനും പ്രാദേശിക ചലച്ചിത്രോത്സവങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനും ദേശീയതലത്തിൽ തന്നെ ഒരു പ്രോഗ്രാം തയ്യാറാക്കാൻ
മീരാ സാഹിബ്, ഡോ. ബി രാധാകൃഷ്ണൻ - ഫിൽക്ക, മാത്യൂസ് ഓരത്തേൽ- ന്യൂവേവ് , പ്രതാപ് ജോസഫ് - മിനിമൽ സിനിമ എന്നിവരെ ചുമതലപ്പെടുത്തി.













# രണ്ടാം കേരള പരിസ്ഥിതി ചലച്ചിത്രമേളയ്ക്ക് ആരംഭം തേക്കടിയിൽ



ഇ.ജെ.ജോസഫ്
(ദർശന ഫിലിം സൊസൈറ്റി, കട്ടപ്പന)

ഓർമ്മയിലെ ഏറ്റവും ഭീഷണമായ വേനലിന്റെയും കാലവർഷാരംഭത്തിനു മുമ്പേ തന്നെ നഗരങ്ങൾ വെള്ളക്കെട്ടിനടിയിലായതിന്റെ വിപൽസൂചനയുടെയും ഇടയിൽക്കൂടി കേരളം കടന്നുപോയ ഘട്ടത്തിലാണ് ഇത്തവണത്തെ പരിസ്ഥിതി ചലച്ചിത്രമേളക്ക് തേക്കടിയിൽ തുടക്കം കുറിച്ചത്.

പതിവ് വഴികളിൽ നിന്ന് മാറി വേറിട്ട പ്രവർത്തനങ്ങൾ നടത്തുന്ന ഫിലിം സൊസൈറ്റികളുടെ കൂട്ടായ്മ കഴിഞ്ഞ വർഷം തുടക്കമിട്ട പരിസ്ഥിതി ചലച്ചിത്രമേളയുടെ രണ്ടാം പതിപ്പാണ് ഈ വർഷത്തേത്. മനുഷ്യ-മൃഗ സംഘർഷത്തിന്റെയും അതിജീവനത്തിൻെറയും




പ്രതിസന്ധികൾ അടിക്കടി ഉയരുന്നയിടം തന്നെയാണ് ഒരു മാസം നീണ്ടു നിൽക്കുന്ന പരിസ്ഥിതി ചലച്ചിത്രമേള [EFFK 2024] യുടെ സംസ്ഥാന തല ഉദ്ഘാടനത്തിന് വേദിയായി മാറിയത്.കുമളി യിലെ ചൈതന്യ ഫിലിം സൊസൈറ്റിയുടെ മുൻ കൈയ്യിൽ സംസ്ഥാന വനം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പെരിയാർ ടൈഗർ റിസർവ്വിന്റെയും പെരിയാർ ഫൗണ്ടേഷന്റെയും പിന്തുണയോടെയാണ് നിറഞ്ഞ പ്രേക്ഷക പങ്കാളിത്തത്തിൽ ഗ്രീൻ പനോരമ-2024 തേക്കടിയിൽ നടന്നത്.

പരിസ്ഥിതി ദിനത്തിൽ ആരംഭിച്ച് മൂന്നുദിവസം നീണ്ടുനിന്ന മേളയിൽ പ്രകൃതിസംരക്ഷണവും മനുഷ്യജീവനവും പ്രമേയമായി വന്ന ഇരുപത്തിനാലോളം സിനിമകൾ പ്രദർശിപ്പിച്ചു.


സൂക്ഷ്മമായ ക്യൂറേറ്റിംഗിലൂടെ തെരഞ്ഞെടുത്ത, ലളിതമായ ട്രീറ്റ്മൻറുള്ളതും ശക്തമായ പ്രതിപാദ്യമുള്ളതുമായ ഫീച്ചർ- ഡോക്കുമെൻററി - ഹ്രസ്വ കഥാചിത്രങ്ങളാണ് പ്രദർശിപ്പിച്ചവയെല്ലാം. പല ചിത്രങ്ങളുടെയും സംവിധായകർ നേരിട്ടെത്തി പ്രേക്ഷകരെ അഭിമുഖികരിച്ചു എന്നത് മേളയെ വ്യത്യസ്ഥമാക്കി. പരിസ്ഥിതി സിനിമയിൽ സമർപ്പണത്തോടെ പ്രവർത്തിക്കുന്ന സുരേഷ് ഇളമൺ, ബാബു കാംബ്രത്ത്, പ്രഭു മെൻസ് സന, സീന കാപ്പിരി എന്നിവരുടെ ചിത്രങ്ങൾ മേളയുടെ ആകർഷണങ്ങളായി.

ഒന്നര മിനിട്ടു മാത്രമുള്ള ഫോറസ്റ്റ് ഔവർ ഹോം മുതൽ ഒന്നേമുക്കാൽ മണിക്കൂർ ദൈർഘ്യമുള്ള മലയാള ഫീച്ചർ ചിത്രം ആദച്ചായി വരെ പ്രകൃതിയും ചരാചരങ്ങളും മനുഷ്യജീവിതവും സമരസപ്പെട്ടും പരസ്പരം സംരക്ഷിച്ചും മുന്നോട്ടു പോകേണ്ട തിന്റെയാവശ്യം പ്രേക്ഷക മനസ്സുകളിൽ വരച്ചിട്ടു. അഞ്ചിന് നടന്ന ഉദ്ഘാടന യോഗത്തിലും ആറിന് നടന്ന ഓപ്പൺ ഫോറത്തിലും ചലച്ചിത്ര നിരൂപകരായ വിജയകൃഷ്ണൻ, എം.സി. രാജ

നാരായണൻ, ഫിലിം സൊസൈറ്റി പ്രസ്ഥാന നായകരായ പ്രകാശ് ശ്രീധർ, ഇ.ജെ. ജോസഫ്, ചെറിയാൻ ജോസഫ്, മാത്യൂസ് ഓരത്തേൽ, പ്രതാപ് ജോസഫ്, പി.സി. ജോസ്, ഡോ.ബി രാധാകൃഷ്ണൻ , വി.ബി. നവീൻ, എം.എ.അഗസ്റ്റിൻ എന്നിവർ ഭാഗഭാക്കായി. മേള യുടെ ഭാഗമായി പതിനഞ്ചോളം ഫിലിം സൊസൈറ്റികളുടെ പ്രതിനിധികൾ പങ്കെടുത്ത നേതൃയോഗം കേരളത്തിലെ ഫിലിം സൊസൈറ്റി പ്രവർത്തനത്തിലുണ്ടാകേണ്ട ദിശാബോധം ഗൗരവപൂർവ്വം ചർച്ചചെയ്തു. ചലച്ചിത്ര നിരൂപകനും എഴുത്തുകാരനുമായ വിജയകൃഷ്ണൻ ഉദ്ഘാടനപ്രസംഗത്തിൽ ഫിലിം സൊസൈറ്റി പ്രവർത്തനത്തിലെ വളർച്ചയും തളർച്ചയും വിശദീകരിച്ചു. പ്രവർത്തനവഴികൾ പുതുക്കപ്പെടേണ്ടതിന്റെ അനിവാര്യത തലമുറഭേദമന്യേ പ്രതിനിധികൾ ചൂണ്ടിക്കാട്ടി.

കേരളത്തിലെ പത്തോളം ജില്ലകളിൽ നടക്കുന്ന പരിസ്ഥിതി ചലച്ചിത്ര മേളകളിലെ ഉദ്ഘാടന മേള വെള്ളിയാഴ്ച തേക്കടിയിൽ സമാപിക്കുമ്പോൾ എഫ്.എഫ്.എസ്.ഐ. വൈസ് പ്രസിഡന്റ് ഷാജി .എൻ . കരുണിന്റെ നിർദ്ദേശമംഗീകരിച്ച് പരിസ്ഥിതി ചലച്ചിത്ര മേളകൾ വിപുലവും വ്യാപകവുമായി സംഘടിപ്പിക്കുന്നതിന് വനം വകുപ്പ് സന്നദ്ധമാകുന്നു എന്ന വാർത്തയുമെത്തിയിരിക്കുന്നു.

**ഫിലിം സൊസൈറ്റി കൂട്ടായ്മ മുമ്പോട്ടുവച്ച പരിസ്ഥിതി ചലച്ചിത്രമേള എന്ന ആശയം കേരളമേറ്റെടുക്കുമ്പോൾ ഫിലിം സൊസൈറ്റി പ്രവർത്തനരംഗം ഹരിതാഭയോടെ ചലനാത്മകമാകാൻ പോകുന്നതിന്റെ ആരവവുമുയരുന്നു.**



(Courtesey : Forest Dept.)

ഫിലിം filca വിഷൻ

Eco Terra Environment Film Festival

Published by Filca Film Society

KSFDC

കേരള ഭാഗ്യക്കുറി

വിശ്വസ്തം സുതാര്യം ജനകീയം











ഫിലിം വിഷൻ
filca
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# ഭൂപുനഃസ്ഥാപനം , മരുവൽക്കരണം - വരൾച്ച പ്രതിരോധം



ഗംഗാ സിംഗ് ,
ഐ.എഫ്.എസ്
(PCCF & HFF)

കേരളത്തിൽ ജൂൺ മുതൽ നവംബർ വരെയുള്ള ആറുമാസം കാലയളവിലാണ് നമുക്ക് ലഭിക്കേണ്ട മഴയുടെ ഏതാണ്ട് 90% ലഭിക്കുന്നത് . അതിനാൽ ജല ലഭ്യതയുടെ കാര്യത്തിൽ ഭാരതത്തിലെ അനുഗ്രഹീതമായ ഒരു സംസ്ഥാനമാണ് കേരളം . ഇങ്ങനെ മഴയിലൂടെ ലഭിക്കുന്ന ജലം വനങ്ങളാണ് മുഖ്യമായും സംഭരിച്ച് സൂക്ഷിച്ച് നദികൾക്ക് ജന്മം നൽകുന്നത് . ഇതാണ് വര്ഷം മുഴുവൻ നമ്മുടെ നാടിന് ആവശ്യമായ ജലസമ്പത്ത് പ്രദാനം ചെയ്യുന്നത് . എന്നാൽ സമീപ കാലത്തായി വനം ഉൾപ്പടെയുള്ള ആവാസ വ്യവസ്ഥകൾക്കുണ്ടായ ക്ഷതം നാം അധിവസിക്കുന്ന പരിസ്ഥിതിയിൽ നിലനിന്നിരുന്ന സന്തുലിതാവസ്ഥയ്ക്ക് കാര്യമായ വ്യതിയാനം വരുത്തിവെച്ചിരിക്കുകയാണ് .



ആഗോള താപനവും തദ്വാരാ ഉണ്ടായ കാലാവസ്ഥാ വ്യതിയാനവും ഭൂമിയിലും അന്തരീക്ഷത്തിലും വൻമാറ്റങ്ങൾക്ക് കാരണമായിരിക്കുകയാണ് . കാലവർഷം , തുലാവർഷം എന്നീ മഴക്കാലങ്ങളിലൂടെ ദേശീയ ശരാശരിയേക്കാൾ രണ്ടിരട്ടിയിലധികം മഴ ലഭിച്ചിരുന്ന കേരളത്തിന്റെ ഇന്നത്തെ സ്ഥിതി പരിശോധിച്ചാൽ വേനൽ കാലത്ത് കടുത്ത വരൾച്ചയും മഴക്കാലത്ത് അതിവർഷവും സാധാരണമായിരിക്കുന്നു . ഭൂമിയിൽ വീഴുന്ന മഴവെള്ളം കടലിലേക്ക് ഒഴുകിപോകാതെ കരയിൽ തന്നെ സംരക്ഷിക്കപ്പെടണമെങ്കിൽ മണ്ണിൽ നന്നായി വൃക്ഷാവരണം ഉണ്ടാകേണ്ടതാണ് . മലനാട്, ഇടനാട് , തീരപ്രദേശം എന്നിങ്ങനെ ഒരു ചരിഞ്ഞ പ്രതലത്തിലാണ് കേരളത്തിന്റെ ഭൂസ്ഥിതി ക്രമീകരിക്കപ്പെട്ടിരിക്കുന്നത് . മലനാട്ടിലെ സ്വാഭാവിക വാനപ്രദേശങ്ങളും ഇടനാട്ടിലെ നെൽവയലുകളും കാർഷിക - വന നിരകളും തീരപ്രദേശത്തെ കണ്ടൽക്കാടുകളും അനുബന്ധ ആവാസ വ്യവസ്ഥകളും ഒത്തുചേർന്ന സങ്കീർണ്ണമായ ഒരു പരിസ്ഥിതി വ്യവസ്ഥയാണ് നമ്മുടേത് .ഇതിൽ എന്തെങ്കിലും ശോഷണം വന്നാൽ ആ ശോഷണത്തെ ഇരട്ടിപ്പിക്കും വിധമുള്ള മാറ്റങ്ങളാവും പിന്നീട് ഉണ്ടാവുക . ഇതാണ് ഇന്ന് നാം നേരിടുന്ന പരിസ്ഥിതി ദുരന്തത്തിന്റെ ഒരു വശം .

വനങ്ങൾ , പുഴകൾ , തോടുകൾ ,കുളങ്ങൾ , തടാകങ്ങൾ , തണ്ണീർപ്പാടങ്ങൾ എന്നിങ്ങനെ പരിസ്ഥിതി സന്തുലനം സംരക്ഷിക്കുന്നതിന് വേണ്ടി പ്രകൃതി ഒട്ടേറെ വ്യവസ്ഥിതികൾ സ്വയം സൃഷ്ടിച്ചിട്ടുണ്ട് . സ്വാഭാവികമായ ഇത്തരം സംവിധാനങ്ങളാണ് വെള്ളപ്പൊക്കത്തിന്റെയും വരൾച്ചയുടെയും കെടുതികളിൽ നിന്ന് നമ്മെ സംരക്ഷിച്ചു പോരുന്നത് . എന്നാൽ വികസനത്തിന്റെ പേരിൽ നാം കാട്ടിക്കൂട്ടുന്ന ധൂർത്ത് സർവംസഹയായ പ്രകൃതിയുടെ സ്വയം നിയന്ത്രിത സംവിധാനങ്ങളെ ഒന്നാകെ തകർത്തെറിയുകയാണ് . അതിന്റെ ഫലമായി ഉണ്ടായ കാലാവസ്ഥാ വ്യതിയാനം എന്ന മഹാവിപത്തിനെ എങ്ങനെ നേരിടാം എന്ന പരിചിന്തിനത്തിലാണ് ഇന്ന് മനുഷ്യരാശി എത്തിച്ചേർന്നിരിക്കുന്നത് .

ഫിലിം വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC കേരള ഭാഗ്യക്കുറി


ഇതിനൊരു ശാശ്വത പരിഹാരം ഉണ്ടാ വണം എന്ന ലക്ഷ്യത്തോടെയാണ് വന പുന ഃസ്ഥാപനം , തണ്ണീർത്തട സംരക്ഷണം , അഗ്രോ ഫോറെസ്റ്ററി , സമഗ്ര വൃക്ഷവൽക്കരണം, ശുദ്ധ ജല സുരക്ഷ എന്നിവയ്ക്ക് ഊന്നൽ നൽകി വിവിധ പദ്ധതികൾ വനം വകുപ്പ് വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നത് . ഇതിനു പുറമെ പ്രക്ഷീണ വനങ്ങളുടെ പുനരുജ്ജീവനം വനങ്ങളിലെ ചെക്ക് ഡാമുകളുടെ നിർമ്മാ ണം , വന്യമൃഗങ്ങൾക്കായി ഫലവൃക്ഷ തേ ാട്ടങ്ങൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാൽ സംസ്ഥാനത്തിന്റെ ഹരിതാവരണ തോത് ഉയ രുന്നതിനൊപ്പം മണ്ണിന്റെ ജലസംഭരണ ശേ ഷിയും വർധിക്കുന്നു .

വനാതിർത്തികളിൽ ജണ്ട കെട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയും വനം കയ്യേറ്റം ശക്തമായി തടഞ്ഞും നദികളുടെ പ്രഭവ സ്ഥാനമായ സ്വാഭാവിക വനങ്ങളുടെ സംരക്ഷണവും വനം വകുപ്പ് ഉറപ്പാക്കുന്നു . മുന്തിയ ഇനം തൈകൾ ഉൽപാദിപ്പിച്ച് വനേ തര പ്രദേശങ്ങളിൽ നാട്ടു പിടിപ്പിക്കുന്ന തിനായി വനം വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ വൃക്ഷസമൃദ്ധി പദ്ധതിയും നടപ്പാക്കി വരുന്നു . വിദ്യാർത്ഥികളിൽ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിദ്യാവനം , നഗരങ്ങളിൽ പച്ചത്തുരുത്തുകൾ വളർത്തിയെ ടുക്കുന്നതിനുള്ള നഗരവനം , തീരദേശ സംരക്ഷണത്തിനായി തീരവനം തുടങ്ങിയ പദ്ധതികളും വിജയകരമായി നടപ്പാക്കി വരികയാണ് . ഇതിൽ പൊതുജന സഹകരണം എപ്പോഴും ഉാകണമെന്ന് അഭ്യർത്ഥിക്കുന്നു .

വന പുനഃസ്ഥാപനത്തിന്റെ പ്രാധാന്യം , മരുവൽക്കരണം തടയുന്നതിനുള്ള വിവിധ പ്ര വർത്തനങ്ങൾ , ആവാസ വ്യവസ്ഥകളുടെ സം രക്ഷണത്താൽ വരൾച്ചയെ തടയുന്നതിനുള്ള സന്നാഹങ്ങൾ ഒരുക്കൽ എന്നീ കാര്യങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന പ്രമേയമാണ് ഈ വർഷത്തെ ലോക പരിസ്ഥിതി ദിനത്തിൽ ഐക്യ രാഷ്ട്രസഭ മുന്നോട്ട് വെച്ചിരിക്കുന്നത് . ( Courtesey : Aranyam Magazine , Forest Dept. )


(Courtesey : Forest Dept.)

ഫിലിം വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



**FILCA Film Society in association with KSFDC, Forest Dept., Lottery Dept., BSS Chalachithra Mandalam, Chalachithra Akademy, Institute of Sustainable Development and Governs, BEAM Film Society, IFFT and other film societies.**






ഫിലിം വിഷൻ
filca
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# എൻവയോൺമെന്റ്, എക്കോളജി ...പിന്നെ സിനിമയും



ഡോ.ബി.രാധാകൃഷ്ണൻ
(പ്രസിഡന്റ്,
ഫിൽക്ക ഫിലിം സൊസൈറ്റി)

പരിസ്ഥിതിശാസ്ത്ര ( Environment ) അവബോധം എന്നത് പ്രകൃതിയുടെ അവസ്ഥയെ കുറിച്ചും വ്യവസ്ഥയെ കുറിച്ചു മുള്ള അറിവാണ് . അതിൽ മനുഷ്യന്റെ പ്രവർത്തനങ്ങളുടെ സ്വാധീനത്തെ കുറിച്ചും വിശദീകരിക്കുന്നു .

ഒരു പ്രത്യേക പ്രദേശത്തിനുള്ളിൽ ജീവജാലങ്ങളും അവയുടെ ഭൗതിക പരിതസ്ഥിതിയും തമ്മിലുള്ള ഇടപെടലുകൾ പരിശോധിക്കുന്ന ഒരു വൈവിധ്യ പഠന മേഖലയാണ് ആവാസ വ്യവസ്ഥ (Ecology) . ആവാസവ്യവസ്ഥകൾക്ക് ഒരു കുളം അല്ലെങ്കിൽ വനം പോലുള്ള ചെറിയ തോതിലുള്ള മേഖലകൾ മുതൽ സമുദ്രങ്ങൾ അല്ലെങ്കിൽ ഭൂഖണ്ഡങ്ങൾ പോലെയുള്ള വലിയ തോതിലുള്ള മേഖലകൾ വരെയാകാം.

ഈ വിജ്ഞാന രംഗം വൈവിധ്യമാർന്ന ജൈവ സമൂഹങ്ങളുടെയും പരിസ്ഥിതി വ്യവസ്ഥകളുടെയും പ്രാധാന്യം തിരിച്ചറിയുന്നു. ജീവിവർഗ്ഗങ്ങൾ പരസ്പരം എങ്ങനെ ഇടപെടുന്നുവെന്നും അവ തങ്ങളുടെ പരിതസ്ഥിതി കളുമായും എങ്ങനെ ഇടപെടുന്നുവെന്നും പരിശോധിക്കുന്നു . ജീവജാലങ്ങളും അവയുടെ പരിസ്ഥിതിയും തമ്മിലുള്ള സങ്കീർണ്ണമായ ഇടപെടലുകളും ആവാസവ്യവസ്ഥയിൽ ഉൾപ്പെടുന്നു. ഈ ഇടപെടലുകളിൽ വേട്ടയാടൽ, മത്സരം, സഹവർത്തിത്വം, ഭക്ഷ്യ ചാക്രികത എന്നിവയും പ്രധാനപ്പെട്ടതാണ് .

വൈവിധ്യമാർന്ന ജീവജാലങ്ങൾ ആവാസവ്യവസ്ഥയെ പലപ്പോഴും സവിശേഷമാക്കുന്നു. ആവാസവ്യവസ്ഥയുടെ സുസ്ഥിരതയ്ക്കും പ്രതിരോധശേഷിക്കും ജൈവവൈവിധ്യം പ്രധാനമാണ്. കാരണം ആവാസവ്യവസ്ഥയുടെ പ്രവർത്തനങ്ങൾ നിലനിർത്തുന്നതിൽ വ്യത്യസ്ത ജീവിവർഗങ്ങൾ അതുല്യമായ പങ്ക് വഹിക്കുന്നു. നമുക്കറിയാം , ജൈവ പ്രക്രിയകളെ പിന്തുണയ്ക്കുന്നതിന് സൂര്യപ്രകാശത്തിൽ നിന്നുള്ള ഊർജ്ജ പ്രവാഹത്തെയാണ് ആവാസവ്യവസ്ഥകൾ ആശ്രയിക്കുന്നതെന്ന് . ഈ ഊർജ്ജം പ്രകാശസംശ്ലേഷണത്തിലൂടെ സസ്യങ്ങൾ പിടിച്ചെടുക്കുന്നു. തുടർന്ന് ജീവികളുടെ പരസ്പര ഉപഭോഗത്തിലൂടെ ഊർജ്ജം ഭക്ഷ്യശൃംഖല വഴി കൈമാറ്റം ചെയ്യപ്പെടുന്നു.

കാർബൺ, നൈട്രജൻ, ഫോസ്ഫറസ് തുടങ്ങിയ പോഷകങ്ങൾ ബയോ-ജിയോ-കെമിക്കൽ ആവൃത്തികൾ എന്നറിയപ്പെടുന്ന പ്രക്രിയ വഴി ആവാസവ്യവസ്ഥയിലൂടെ കടന്നുപോകുന്നു. ഈ ചാക്രികതയിൽ ജീവജാലങ്ങൾ, അന്തരീക്ഷം, മണ്ണ്, ജലം എന്നിവ തമ്മിലുള്ള പ്രതിപ്രവർത്തനം കാണാം.പരിസ്ഥിതി വ്യവസ്ഥകൾ മാറിമറിയുന്ന ഒന്നാണ് . പ്രകൃതിയിലെ സ്വാഭാവിക സംഭവങ്ങൾ (ഉദാ. കടൽക്കയറ്റം , ഭൂകമ്പം , പ്രളയം , വരൾച്ച , കാട്ടുതീ, ചുഴലിക്കാറ്റുകൾ) അല്ലെങ്കിൽ മനുഷ്യ പ്രവർത്തനങ്ങൾ (ഉദാ. വനനശീകരണം, മലിനീകരണം) പോലുള്ള വിപരീതങ്ങളുടെ പരിണിതഫലമായി നാശോന്മുഖമായി മാറുന്നു ; മാറ്റിയെടുക്കുന്നു .
ശുദ്ധവായുവും വെള്ളവും വിളകളുടെ പരാഗണവും അനുകൂല കാലാവസ്ഥയും മറ്റും ഉൾപ്പെട്ട ഒരു വ്യവസ്ഥ ആവശ്യമാണ് .

മനുഷ്യന്റെ ക്ഷേമത്തിന് അത്യന്താപേക്ഷിത മായ നിരവധി സേവനങ്ങൾ പരിസ്ഥിതി വ്യവ സ്ഥകൾ നൽകുന്നുണ്ട് .അതിനാൽ പരിസ്ഥിതി വ്യവസ്ഥകളെ മനസ്സിലാക്കുന്നത് അവയുടെ സംരക്ഷണത്തിനും സുസ്ഥിര നിർവ്വഹണത്തി നും സഹായകരമാണ് . ഭാവി തലമുറകൾക്കായി ജൈവവൈവിധ്യവും ആവാസവ്യവസ്ഥയുടെ ഫലങ്ങളും നിലനിർത്തുന്നതിന് പരിസ്ഥിതി വ്യ വസ്ഥകളെ നാം സംരക്ഷിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യണം . ലോക പരിസ്ഥിതി ദിനം ആചരിക്കുന്നതിന്റെ ലക്ഷ്യവും മറ്റൊന്നല്ല .

ഈ മേഖലയിലെ ഗവേഷകർ വിവിധ മാർഗങ്ങളിൽ ആവാസവ്യവസ്ഥയെ കുറിച്ച് പഠിക്കുന്നു . അവയുടെ ഘടന, പ്രവർത്തനം, ചലനാത്മകത എന്നിവ മനസ്സിലാക്കുന്നു . പ്രകൃതി നിരീക്ഷണങ്ങൾ, പരീക്ഷണങ്ങൾ, മാതൃകകൾ , റിമോട്ട് സെൻസിംഗ് എന്നിവയു ൾപ്പെടെ വിവിധ രീതികൾ ഉപയോഗിക്കുന്നു. പരിസ്ഥിതി വ്യവസ്ഥകളെക്കുറിച്ചുള്ള പഠനത്തിൽ നിന്ന് ലഭിക്കുന്ന ഉൾക്കാഴ്ചകൾ പാരിസ്ഥിതിക പ്രക്രിയകളെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യത്തിനും പ്രകൃതിവിഭവങ്ങളെ ഫല പ്രദമായി സംരക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സഹായിക്കുന്നു. ജല ചാക്രി കത , കാർബൺ ചാക്രികത , നൈട്രജൻ ചാക്രി കത തുടങ്ങിയ സ്വാഭാവിക പ്രക്രിയകളെ ക്കുറിച്ചുള്ള അറിവും നൽകുന്നു .


വിവിധ തരത്തിലുള്ള മലിനീകരണത്തെക്കുറി ച്ചും (വായു, ജലം, മണ്ണ്, ശബ്ദം) അവയുടെ ഉറവിടങ്ങളെക്കുറിച്ചുമുള്ള അവബോധം പ്രധാന വിഷയമായി മാറിയിട്ടുണ്ട് . ആഗോള താപനം, ഹരിതഗൃഹ വാതക ഉദ്‌വമനം, കാലാ വസ്ഥാ വ്യതിയാനങ്ങൾ , സമുദ്ര നിരപ്പ്, പരിസ്ഥിതി വ്യവസ്ഥകൾ എന്നിവയിൽ എന്തൊക്കെ എപ്രകാരം സ്വാധീനിക്കുന്നു എന്നതും കാരണങ്ങളും ഫലങ്ങളും മന സ്സിലാക്കുക എന്നതും പ്രതിവിധികൾക്കുള്ള ആദ്യ ചുവടുവെയ്പ്പാണ് .


ജൈവവൈവിധ്യത്തിലും കാലാവസ്ഥയിലും ഉണ്ടാകുന്ന വ്യതിയാനങ്ങൾക്ക് കാരണമാ വുന്ന മലിനീകരണം , വനനശീകരണം, നഗരവൽക്കരണം, അശാസ്ത്രീയ നിർമ്മാണം തുടങ്ങിയവയാലുണ്ടാകുന്ന ആവാസ വ്യവസ്ഥയുടെ നാശം വ്യക്തമായി തിരിച്ച റിയാൻ മേൽപ്പറഞ്ഞ വിജ്ഞാന ശാഖകൾ ഇനിയും വികസിക്കേണ്ടതുണ്ട് .

ഇത്തരം അന്വേഷണങ്ങൾക്കും അവബോധത്തിനും വേണ്ടി വിവിധ കലാ രൂപങ്ങളും സാഹിത്യവും സിനിമയും ഒരുങ്ങേണ്ടതുണ്ട് . ജലസംരക്ഷണം, ഊർജ്ജ കാര്യക്ഷമത, സുസ്ഥിര കൃഷി എന്നിവയു ൾപ്പെടെയുള്ള സുസ്ഥിര വിഭവ ഉപയേ ാഗത്തെ ക്കുറിച്ചുള്ള അറിവ് ആദ്യം ആർക്കാ ണ് ഉണ്ടാകേണ്ടത് ? . മാലിന്യങ്ങളും അതിന്റെ പാരിസ്ഥിതിക ആഘാതവും മാലിന്യം കുറയ ്ക്കുന്നതിനും പുനരുപയോഗം ചെയ്യുന്നതിനു മുള്ള തത്വങ്ങൾ ആദ്യം ഉൾക്കൊള്ളേണ്ടത് ആരാണ് ?

പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ടുള്ള ദേശീയ അന്തർദേശീയ പരിസ്ഥിതി നയങ്ങൾ, നിയന്ത്രണങ്ങൾ, കരാറുകൾ എന്നിവയെ ക്കുറിച്ചുള്ള അവബോധം എത്രമാത്രം രാഷ്ട്രീയ നേതൃത്വങ്ങൾക്കുണ്ട് ? . പരിസ്ഥിതി സംരക്ഷ ണത്തിനായി വാദിക്കുന്നതിലും നയ മാറ്റങ്ങളെ സ്വാധീനിക്കുന്നതിലും വ്യക്തികളുടെയും സംഘടനകളുടെയും പങ്ക് എത്രമാത്രം വില മതിക്കപ്പെടുന്നുണ്ട് ? . ഊർജ ഉപഭോഗം കുറ യ്ക്കുക, പൊതുഗതാഗതം ഉപയോഗിക്കുക, പ്രാദേശിക പാരിസ്ഥിതിക സംരംഭങ്ങൾ വിപുലമാക്കുക , ശുചീകരണ കാമ്പെയ്‌നുകൾ നടത്തുക , ജലവിഭവ സംരക്ഷണ പദ്ധതി കളിൽ പങ്കാളികളാവുക , കടൽത്തീര പരിരക്ഷണത്തെ പിന്തുണയ്ക്കുക , ഹരിത വ്യവസായങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക , ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കുക , ഭാവിതലമുറയ്ക്ക് പ്രകൃതി

വിഭവങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തുക, പരിസ്ഥിതി സൗഹൃദ ചലച്ചിത്ര കലാ സൃഷ്ടികളെ പ്രോത്സാഹിപ്പിക്കുക - അങ്ങനെ ഒട്ടേറെ ഉത്തരവാദിത്വങ്ങൾ നമുക്ക് മുന്നിലുണ്ട് .ഐ.എഫ്. എഫ്.കെ 2023 - ലെ സുവർണ ചകോരം നേടിയ ഇവിൾ ഡസ് നോട് എക സിസ്റ്റ് എന്ന ജാപ്പനീസ് സിനിമയുടെയും 2022 - ലെ സുവർണ ചകോരം നേടിയ ഉതമ എന്ന ബൊളീവിയൻ സിനിമയുടെയും പ്രമേയങ്ങൾ പരിസ്ഥിതി - ആവാസ വ്യവസ്ഥ ആസ്പ ദമാക്കിയുള്ളതായിരുന്നു.



ഫിലിം filca വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# എക്കോ ടെറാ ഫെസ്റ്റിവൽ : ടൂറിസം , ജൈവവൈവിധ്യം , സിനിമ



സാബു ശങ്കർ
(നോവലിസ്റ്റ് , ചലച്ചിത്ര ഗ്രന്ഥകാരൻ, സീരിയൽ -ഡോക്യുമെന്ററി സംവിധായകൻ)

2023 - ലെ ഐ . എഫ് . എഫ് കെ . സുവർണ ചകോരം അവാർഡ് നേടിയ ജാപ്പനീസ് സിനിമ - ഈവിൾ ഡസ് നോട്ട് എക്സിസ്റ്റ് എക്കോ - ടൂറിസം പ്രമേയമാണ് പ്രതിപാദിക്കുന്നത് .

എക്കോ -ടൂറിസം എന്ന വാക്ക് എങ്ങനെ വന്നു വെന്നു നോക്കാം . എക്കോ - ടൂറിസം എന്ന സങ്കല്പം ലോകത്ത് ആദ്യമായി രൂപപ്പെടുന്നത് 1980 - കളുടെ അവസാനത്തിലാണ് . നൂറു വർഷം മുൻപേ നേച്ചർ ടൂറിസം ഉണ്ടായി രുന്നു . മനുഷ്യൻ പ്രകൃതിരമണീയമായ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തത് അന്നത്തെ - സാമ്പത്തിക ചുറ്റുപാടിൽ ടൂറിസം തന്നെ യായി രുന്നു . പക്ഷെ എക്കോളജി എന്ന ആവാസ വ്യ വസ്ഥാ ശാസ്ത്രവും തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു ശാസ്ത്രീയ പാരികല്പന അല്ലെങ്കിൽ നിർവഹണ വ്യവസ്ഥ സമീപ കാലങ്ങളിൽ ഉണ്ടാവാൻ ഒരു പ്രധാന കാരണമുണ്ട് . നേച്ചർ ടൂറിസം പരിശോധിച്ചാൽ മനുഷ്യൻ ഒരു പ്രത്യേക സ്ഥലത്തേക്ക് നിര ന്തരം കടന്നുചെന്നതും അത് പ്രകൃതിയുടെ ബാഹ്യവും ആന്തരികവുമായ വ്യവസ്ഥയ്ക്ക് താങ്ങാൻ പറ്റാത്ത രീതിയിലാക്കിയതും പ്രകൃ തിയുടെ സന്തുലനം തന്നെ നഷ്ടപ്പെടുത്തുന്ന അവസ്ഥയിൽ എത്തിച്ചതും ടൂറിസം തന്നെ ഇല്ലാതാക്കി . പാരിസ്ഥിതിക വ്യവസ്ഥകൾ നിലനിൽക്കുകയാണെങ്കിൽ മാത്രമേ അവിടെ ടൂറിസത്തിനു മൂല്യമുണ്ടാകൂ .

കൂടുതൽ ആളുകൾ കടന്നുചെല്ലുന്നുതു മൂലം സംഭവിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ നാം എങ്ങനെയാണ് നേരിടേണ്ടതും കൈകാ ര്യം ചെയ്യേണ്ടതും എന്ന് ചിന്തിക്കുന്നതിൽ നി ന്നാണ് എക്കോ - ടൂറിസത്തിന്റെ പ്രസക്തിയും മൂല്യവും നാം തിരിച്ചറിയുന്നത് .

യൂ . എൻ . ന്റെയും മറ്റു അന്താരാഷ്ട്ര സമിതി യുടെയും നേതൃത്വത്തിൽ ലോകത്തു നടന്ന എൻവയോൺമെന്റ് ൽ മൂവ്മെന്റിന്റെ കാലത്തു തന്നെയാണ് സസ്റ്റൈനബിൾ ഡെവലപ്മെന്റ് (നിലനിൽക്കുന്ന വികസനം) എന്ന സങ്കല്പം ശക്തമായി തീർന്നത് . 1980 - കളിൽ തന്നെ യാണ് ടൂറിസം രംഗത്തും പരിസ്ഥിതി സംര ക്ഷണത്തെ കുറിച്ചുള്ള ചിന്തകൾ വളർന്നു വന്നത് .

സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനത്തേക്കാൾ കൂടുതൽ പ്രാധാന്യം പ്രകൃതിയുടെ എല്ലാവിധ സ്വാഭാവികതകളും താളവും ആവാസവ്യവസ്ഥയും നിലനിൽക്കുന്ന പരിസ്ഥിതിയുടെ പരിരക്ഷണത്തിനുണ്ട് . ഈ പരിരക്ഷണ സങ്കൽപ്പത്തിൽ നിന്നാണ് എക്കോ -ടൂറിസം രൂപപ്പെടുന്നത് .

ഒരു ടൂറിസ്റ്റ് സ്പോട്ടിനെ പെട്ടെന്ന് ചൂഷണം ചെയ്യാനുള്ള മനുഷ്യന്റെ അത്യാർത്തിയാണ് പ്ര ശ്നങ്ങൾ സൃഷ്ടിക്കുന്നത് . പരിസ്ഥിതിയുടെ നിലനിൽപ്പും സംരക്ഷണ വ്യവസ്ഥയിലുള്ള വികസനവും വാസ്തവത്തിൽ മനുഷ്യ നും രാജ്യത്തിനും ഗുണമേ ചെയ്യൂ . നില നിൽപ്പും വികസനവും പരസ്പരം സംയോജി ക്കേണ്ടതുണ്ട് . വിപരീത ഘടകങ്ങളാണെങ്കിലും ഇവയുടെ സംയോജിത രേഖയുണ്ടാക്കാൻ ശ്രമിക്കുകയാണ് നാം ചെയ്യേണ്ടത് .

1980 - കളുടെ അവസാനത്തിൽ ലോകമെ മ്പാടും എൻവയോൺമെന്റിനെ കുറിച്ചുള്ള അവബോധം ഉയർന്നു വന്നപ്പോൾ ഒരു മെക്സിക്കൻ വാസ്തുശില്പിയാണ് എക്കോ - ടൂറിസത്തിന്റെ കാഴ്ചപ്പാടുകൾ മുന്നോട്ട് വെച്ചത് . ഹെക്ടർ സെബല്ലാസ് ലാസ്കൂറിയൻ

( Hector Cebellas Lascurian ) ആണ് എക്കോ - ടൂറിസം എന്ന പേര് ആദ്യമായി ഉപയോഗിച്ചത് . കോസ്റ്ററിക്കയിലും ആസ്ട്രേലിയായിലും മലേഷ്യയിലുമൊക്കെ എക്കോ - ടൂറിസം അവിടത്തെ ഭരണവ്യവസ്ഥയുടെ ഭാഗമായി സ്വീകരിച്ചുകൊണ്ട് പദ്ധതികൾ ആരംഭിച്ചു . 1990 -കളിൽ എക്കോ -ടൂറിസം എന്ന സങ്കല്പം ഇന്ത്യയിലും ശക്തമായി . 1998 -ൽ എക്കോ - ടൂറിസത്തെ ഒരു നയമായി കേന്ദ്ര സർക്കാർ അംഗീകരിക്കുകയും അതിനുവേണ്ട മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു .

ഈ നൂറ്റാണ്ടിൽ ടൂറിസം മേഖലയിലെ ഏറ്റവും പ്രസക്തമായ വിജ്ഞാന ശാഖയായി എക്കോ - ടൂറിസം രൂപപ്പെട്ടു കഴിഞ്ഞു . നമ്മുടെ സമൂഹത്തിൽ വളരെ ചെറിയ രീതിയിലാണ് എക്കോ - ടൂറിസത്തിന്റെ പരികല്പന വളർന്നുവന്നത് . പ്രധാനമായും നാല് കാര്യങ്ങളാണ് എക്കോ - ടൂറിസത്തിന്റെ തത്വശാസ്ത്രത്തിലുള്ളത് . ഒന്ന് , ടൂറിസം പദ്ധതികൾ പ്രകൃതിയിൽ അധിഷ്ഠിതമായിരി ക്കണം. രണ്ട് , പരിസ്ഥിതിയ്ക്ക് വിനാശകരമല്ലെന്നു ഉറപ്പു വരുത്തണം . ശാസ്ത്രീയമായി പലതും പഠിക്കാനുള്ളതിനാൽ എക്കോ - ടൂറിസത്തിന്റെ വിദ്യാഭ്യാസ മൂല്യമാണ് മൂന്നാമത്തെ കാര്യം . നാലാമതായി , ഏതു ടൂറിസം പദ്ധതികളും തദ്ദേശവാസികൾക്ക് ഗുണകരമാവണം . മേൽപ്പറഞ്ഞ നാല് കാര്യങ്ങൾ ഒരു ടൂറിസം പദ്ധതിയിൽ ഉണ്ടെങ്കിൽ അതിനെ എക്കോ - ടൂറിസം എന്ന് വിളിക്കാം . ഇന്ന് ലോകമാകെ ഭൂമിയിലെ ജീവിത ചുറ്റുപാടുകളെ കുറിച്ച് ചിന്തിച്ചു തുടങ്ങി. ജൈവ വൈവിധ്യമില്ലെങ്കിൽ , ശുദ്ധമായ അന്തരീക്ഷമില്ലെങ്കിൽ, സസ്യവും ജലവും ഇല്ലെങ്കിൽ , ജീവന്റെ നിലനിൽപ്പ് അപകടത്തിലാണ് . ഒരു മഹാ ദുരന്തം അടുത്തടുത്ത് വരുന്നു. 2022 - ലെ ഐ. എഫ്. എഫ്. കെ - സുവർണ്ണ ചകോരം അവാർഡ് ലഭിച്ചത് UTAMA എന്ന ബൊളീവിയൻ സിനിമയ്ക്കാണ്. കാലാവസ്ഥാ മാറ്റം മൂലം വരൾച്ച... ജലദൗർലഭ്യം...കൃഷിയില്ലായ്മ... മരുവൽക്കരണം.... ജൈവ വൈവിധ്യ നാശം.... പലായനം....

ലോക ചിത്രകലയിലും സാഹിത്യത്തിലും യൂനിവേഴ്സിറ്റി പാഠ്യപദ്ധതിയിലും പ്രത്യക്ഷമാവുന്നത് പോലെ സിനിമയിലും പുതിയ ലോകങ്ങൾ അവതരിപ്പിച്ചു തുടങ്ങി. പ്രകൃതിയിൽ നിന്ന് വിട്ട് പോയ മനുഷ്യൻ പ്രകൃതിയിലേക്ക് തിരിച്ചുവരുന്നു... കഥാ സിനിമകളും ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും ഫോട്ടോ പ്രദർശനങ്ങളും എല്ലാം സ്കൂളുകളിലും കോളേജുകളിലും ഫിലിം സൊസൈറ്റികളിലും ലൈബ്രറികളിലും മേളകളായി മാറുന്നു... ●


(Courtesey : Forest Dept.)

ഫിലിം വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# ഹെൻറി ഡേവിഡ് തോറോ: പരിസ്ഥിതി തത്വചിന്തകൻ




ഷീബ. എസ്. ജെയിംസ്

അമേരിക്കൻ ഉപന്യാസകാരനും കവിയും തത്വ ചിന്തകനും പ്രകൃതി ശാസ്ത്രജ്ഞനും ആയിരുന്നു ഹെൻറി ഡേവി ഡ് തോറോ . അദ്ദേഹത്തിന്റെ വാൾഡൻ എന്ന പുസ്ത കവും സിവിൽ ഡിസ് ഒബീ ഡിയൻസ് എന്ന ലേഖനവും ലോക പ്രശസ്തമാണ് . തോറോ യുടെ രചനകൾ പരിസ്ഥിതി ചിന്ത യിലും സാഹിത്യത്തിലും അഗാധമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മഹാത്മാ ഗാന്ധി , സിവിൽ ഡിസ് ഒബീഡിയൻസ് രാഷ്ട്രീയശൈലി സ്വീകരിച്ചത് ഹെൻറി ഡേവിഡ് തോറോയിൽ നിന്നാണ് .

ഹെൻറി ഡേവിഡ് തോറോ 1817 ജൂലൈ 12 ന് മസാച്യുസെറ്റ്സിലെ കോൺകോർഡിൽ ജോണിന്റെയും ഡൻബാർ തോറോയുടെയും മകനായി ജനിച്ചു. അദ്ദേഹത്തിന് ഹെലൻ, ജോൺ എന്നീ രണ്ട് മൂത്ത സഹോദരങ്ങളും സോഫിയ എന്നൊരു ഇളയ സഹോദരിയും ഉണ്ട്. കുടുംബം 1818 – ൽ ചെമ്സ്ഫോർഡിലേക്കും 1823 – ൽ ബോസ്മണിലേക്കും 1823 – ൽ കോൺകോർഡിലേക്കും താമസം മാറി. അമ്മയുടെ പ്രകൃതിയോടുള്ള താല്പര്യം ആണ് ഈ താമസം മാറലിന് കാരണം. തോറോ , 1883 – ൽ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ ചേർന്ന് ബിരുദപഠനം തുടങ്ങി. 1837– ൽ ബിരുദം നേടി. ആ ഘട്ടത്തിലാണ് ഡേവിഡ് ഹെൻറി തോറോ എന്ന പേര് അദ്ദേഹം മറിച്ചിട്ടത്. ഹെൻറി ഡേവിഡ് എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിക്കാൻ തുടങ്ങി.


കോൺകോർഡ് സെന്റർ സ്കൂളിലെ അധ്യാപന ജോലിയിലൂടെയാണ് തന്റെ തൊഴിൽജീവിതം ആരംഭിച്ചത്. 1838– 1841 വരെ സഹോദരൻ ജോണുമായി ചേർന്നു സ്വന്തമായി സ്കൂൾ നടത്തി. ഈ കാലയളവിൽ തോറോ തന്റെ സുഹൃത്തും



ഉപദേഷ്ടാവുമായിരുന്ന റാൽഫ് വാൾഡോ എമേർസണുമായി അടുത്ത ബന്ധം സ്ഥാപിച്ചു. എമേഴ്സണിന്റെ ദാർശനിക സ്വാധീനത്തിന്റെ അടയാളങ്ങൾ തോറോയുടെ എല്ലാ രചനകളിലും പ്രത്യക്ഷപ്പെടുന്നു.

1840 – ൽ മാർഗരറ്റ് ഫുള്ളറുടെ പുതിയ ജേർണലായ ദി ഡയലിൽ ലേഖനങ്ങളും കവിതകളും എഴുതി തുടങ്ങി. 1842 – ൽ നാച്ചുറൽ ഹിസ്റ്ററി ഓഫ് മസാച്യു സെറ്റ്സ് പ്രസിദ്ധീകരിച്ചു. 1843 – ൽ എ വിന്റർ വാക്ക് , എ വാക് ടു വാച്ച് സെറ്റ് എന്നീ രണ്ട് ഉപന്യാസങ്ങളും രചിച്ചു.

തോറോയുടെ പുസ്തകങ്ങൾ, ലേഖനങ്ങൾ, ജേർണലുകൾ, കവിതകൾ എന്നിങ്ങനെ 20 – ലധികം വാല്യങ്ങൾ അദ്ദേഹത്തിന്റെ സംഭാവനകളിൽ പെടുന്നു. ആധുനിക പരി സ്ഥിതി വാദത്തിന്റെ രണ്ട് ഉറവിടങ്ങളായ പരിസ്ഥിതി ശാസ്ത്രത്തിന്റെയും പരിസ്ഥിതി ചരിത്രത്തിന്റെയും രീതികളും കണ്ടെത്തലുകളും അദ്ദേഹം മുൻകൂട്ടി കണ്ടു. പ്രകൃതിയുടെ സൂക്ഷ്മ നിരീക്ഷണം, വ്യക്തിപരമായ അനുഭവം, പ്രതീകാത്മക അർത്ഥങ്ങൾ, ചരിത്ര




പരമായ കഥകൾ എന്നിവ ഇഴചേർന്നു കിടക്കുന്നതാണ് അദ്ദേഹത്തിന്റെ സാഹിത്യ ശൈലി. ജീവിതത്തിന്റെ യഥാർത്ഥ ആവശ്യ ങ്ങൾ കണ്ടെത്തുന്നതിന് ചിന്താ മാലിന്യവും മിഥ്യയും ഉപേക്ഷിക്കണമെന്ന് അദ്ദേഹം വാദിച്ചു.

പാരിസ്ഥിതിക ചരിത്രവും പാരിസ്ഥിതിക വിമർശനവും അക്കാദമിക് വിഭാഗങ്ങളായി ഉയർന്നതോടെ തോറോയ്ക്ക് നിരവധി പുതിയ വായനക്കാർ ഉയർന്നു വന്നു. അദ്ദേഹം ഒരു തത്വചിന്തകൻ മാത്രമല്ല വയലുകളിലും വന മേഖലകളിലും പാരിസ്ഥിതിക കണ്ണികളുടെ വിശകലനക്കാരനാണെന്നും തെളിയിച്ചു. ഉദാഹരണത്തിന് വനവൃക്ഷങ്ങൾ - കാട്ടുമൃഗങ്ങൾ - വിത്ത് വിതറൽ - വനങ്ങളുടെ പുനരുജ്ജീവനം എന്നിവ വിശദീകരിക്കാൻ അദ്ദേഹം പരീക്ഷണങ്ങളും വിശകലനവും നടത്തി.

1851 - ൽ തോറോ പ്രകൃതി ചരിത്രത്തിലും യാത്ര കളിലും ആകൃഷ്ടനായി . പര്യവേക്ഷണങ്ങൾ നടത്തി . വിവരണങ്ങൾ എഴുതി . അദ്ദേഹം സസ്യശാസ്ത്രത്തെ കുറിച്ച് ആവേശത്തോടെ വായിക്കുകയും തന്റെ എഴുത്തിൽ ഈ വിഷ യത്തെ കുറിച്ച് നിരീക്ഷണങ്ങൾ എഴുതുകയും ചെയ്തു. വില്യം ബാർ ട്രാമിനെയും ചാൾസ് ഡാർവിന്റെ ബീഗിളിലെ യാത്രയെയും അദ്ദേഹം അഭിനന്ദിച്ചു. പഴങ്ങൾ എങ്ങനെ പാകമായി എന്നത് മുതൽ വാർഡൻ ജലാശയത്തിലെ ഏറ്റക്കുറച്ചിൽ വരെ അദ്ദേഹം രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രകൃതിയുടെ ഋതുക്കളെ നിരീക്ഷിക്കുക  എന്നത് ഒരു ചുമത ലയാണ് .
കാനഡ ഈസ്റ്റിലേക്ക് ഒരുതവണയും കേപ് കോഡിലേക്ക് നാല് തവണയും മെയ്നി ലേക്ക് മൂന്ന് തവണയും യാത്ര ചെയ്തു. പ്രകൃതി ദൃശ്യങ്ങൾ അദ്ദേഹത്തിന്റെ വിനോദ യാത്രാ പുസ്തകങ്ങളായ  എ യാങ്കി ഇൻ കാനഡ , കാപ്കോഡ് , ദ മെയിൻ വുഡ്സ് എന്നിവയ്ക്ക് പ്രയോജനപ്പെടുത്തി.

വാൽഡൻ ജലാശയത്തിന് ചുറ്റുമുള്ള സസ്യ ജന്തു ജാലങ്ങൾ, കാലാനുസൃതമായ മാറ്റങ്ങൾ എന്നിവ സൂക്ഷ്മമായി നിരീക്ഷിച്ച ഒരു പ്രകൃതി ശാസ്ത്രജ്ഞൻ ആയിരുന്നു തോറോ. അദ്ദേഹത്തിന്റെ വിശദമായ പ്രകൃതി നിരീക്ഷണവും സൂക്ഷ്മമായ ഉൾക്കാഴ്ചയും ആദ്യകാല അമേരിക്കൻ പരിസ്ഥിതി സാഹി ത്യത്തിന് പ്രയോജനമായി. പ്രകൃതിയുമായി ആഴത്തിലുള്ള ബന്ധം അദ്ദേഹം വ്യാഖ്യാനിച്ചു . മരുഭൂമികളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യ കത ബോധ്യപ്പെടുത്തി. അദ്ദേഹത്തിന്റെ രചന കൾ പിൽക്കാല പരിസ്ഥിതിക തത്വത്തിനും സംരക്ഷണ പ്രസ്ഥാനങ്ങൾക്കും അടിത്തറയിട്ടു. തോറോയുടെ സിവിൽ ഡിസ് ഒബീഡി യൻസ് (1849) എന്ന ഉപന്യാസം പരിസ്ഥിതി പ്രവർത്തകരെ പ്രചോദിപ്പിച്ചു. ലാളിത്യം, സ്വാശ്രയത്വം, പ്രകൃതിയുമായുള്ള കൂട്ടായ്മ എന്നിവയിലുള്ള തോറോയുടെ ഊന്നൽ , പരിസ്ഥിതി പ്രവർത്തകരെ ആഴത്തിൽ സ്വാധീ നിച്ചു. മനുഷ്യ - പ്രകൃതി ബന്ധങ്ങളെ കുറിച്ചും പരിസ്ഥിതിക പരിപാലനത്തെ കുറി ച്ചും ചർച്ചകൾ പ്രചോദിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. പ്രകൃതി, സമൂഹം, വ്യക്തിപരമായ ഉത്തരവാദിത്വം എന്നിവയെ കുറിച്ചുള്ള തന്റെ രചനകളിലൂടെ വായനക്കാരുടെയും പരിസ്ഥിതി ചിന്തകരുടെ യും മാർഗ്ഗദർശ്ശിയായി ഹെൻറി ഡേവിഡ് തോറോ മാറി.


**പുസ്തകങ്ങൾ :**
പ്രകൃതി, സമൂഹം, വ്യക്തിത്വം എന്നിവയെ കുറിച്ചുള്ള ദാർശനിക രചനകൾക്ക് പേര് കേട്ടതാണ് അദ്ദേഹത്തിന്റെ കൃതികൾ.

**വാൾഡൻ അല്ലെങ്കിൽ ലൈഫ് ഇൻ ദി വുഡ്സ്** ( 1854) തോറോയുടെ ഏറ്റവും പ്രശസ്തമായ കൃതിയാണ് . വാൾഡൻ പോണ്ടിലെ സ്വാഭാവിക ചുറ്റുപാടുകളിലെ ലളിതമായ ജീവിതത്തെയാണ് ഇതിൽ അദ്ദേഹം പ്രതിപാദിക്കുന്നത്. സ്വയംകൃഷി എന്നതാണ് പുസ്തകത്തിന്റെ കേന്ദ്ര വിഷയം. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മീയ ബന്ധമാണ് ഇതിലെ പ്രതിപാദ്യം.

**എ വീക്ക് ഓൺ ദി കോൺകോർഡ് ആൻഡ് മെറിമാക് റിവേഴ്സ** ( 1849). ഈ പുസ്തകം തോറോ തന്റെ സഹോദരൻ ജോണിനൊപ്പം 1839 – ൽ നടത്തിയ ഒരു ബോട്ട് വിവരണം ആണ്. ഇത് തോറോയുടെ ആദ്യത്തെ പുസ്തക പ്രസിദ്ധീകരണം ആണ്. ഇതിൽ പ്രകൃതിയെയും സമൂഹത്തെയും കുറിച്ചുള്ള യാത്രാവിവരണം ,ആത്മകഥ, ദാർശനിക ചിന്തകൾ എന്നിവ സംയോജിപ്പിച്ചിരിക്കുന്നു. **സിവിൽ ഡിസ് – ഒബീബിഡിയൻസ്** ( 1849) ഇത് ഒരു പുസ്തകം അല്ലെങ്കിലും അന്യായമായ സർക്കാർ നടപടികളോടുള്ള പ്രതിരോധത്തിനായി തോറോ കണ്ടെത്തുന്ന തത്വശാസ്ത്രം . പൗരാവകാശ നേതാക്കളെയും പരിസ്ഥിതി പ്രവർത്തകരെയും ഒരു പോലെ പ്രചോദനാമായി ഈ രാഷ്ട്രീയ വീക്ഷണം . **ദ മെയിൻ വുഡ്സ്** (1864) . 1846, 1853, 1857 വർഷങ്ങളിൽ മൈനിലേക്കുള്ള യാത്രകളെ അടിസ്ഥാനമാക്കി തോറോ എഴുതിയ ഉപന്യാസങ്ങളുടെ ഒരു ശേഖരം ആണിത്. മരുഭൂമി, പരിസ്ഥിതി തദ്ദേശീയ അമേരിക്കൻ സംസ്കാരം, പ്രകൃതി ലോകത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഇവ ചർച്ച ചെയ്യുന്നു.

**കേപ്പ് കോഡ്** . മരണാന്തരം 1865 – ൽ പ്രസിദ്ധീകരിച്ച ഹെൻറി ഡേവിഡ് തോറോയുടെ അത്ര അറിയപ്പെടാത്തതും എന്നാൽ പ്രാധാന്യം ഉള്ളതുമായ ഒരു പുസ്തകമാണ് കേപ്പ് കോഡ് . 1849 നും 1857 നും ഇടയി ൽ അദ്ദേഹം നടത്തിയ നിരവധി യാത്രകളിൽ ഒന്നാണ് മസാച്യുസെറ്റ്സിലെ കേപ്പ് കോഡിൽ തോറോ നടത്തിയ യാത്ര. ഇത് ഒരു യാത്രാവിവരണവും, ഒരു പ്രകൃതി ചരിത്രപുസ്തകവുമാണ്.


ഈസ്റ്റ് ഹാം മുതൽ പ്രോവിൻസ് ടൌൺ വരെയുള്ള കേപ്പിലൂടെയുള്ള തോറോ യുടെ യാത്ര. അതിന്റെ വിശദമായ, ഉൾക്കാഴ്ചയോടെയുള്ള വിവരണമാണിതിൽ. വ്യക്തിഗത നിരീക്ഷണങ്ങൾ, പ്രകൃതി ചരിത്ര വിവരണങ്ങൾ, ദാർശനിക ചിന്തകൾ, ഭൂപ്രകൃതിയിൽ മനുഷ്യന്റെ സ്വാധീനത്തെ കുറിച്ചുള്ള പ്രതിഫലനങ്ങൾ ഇവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. കേപ്കോഡിന്റെ പ്രകൃതി സൗന്ദര്യത്തെ കുറിച്ചുള്ള തോറോയുടെ വിവരണങ്ങൾ ഉജ്ജ്വലവും കാവ്യാത്മകവും ആണ്. ഈ പ്രദേശത്തിന്റെ സവിശേഷമായ ആവാസ വ്യവസ്ഥ



യുടെ സത്ത തീക്ഷ്ണമായ നിരീക്ഷണ വൈദ ഗ്ധ്യത്തോടെ പകർത്തിയ ഒരു പുസ്തകം ആണിത്. വായനക്കാർക്ക് പരിസ്ഥിതിശാസ്ത്ര ചരിത്രദർശനം ഇതിലുണ്ട് . ഒരു തീരദേശ ഭൂപ്ര കൃതിയിലൂടെ ഉള്ള ദാർശനിക യാത്രയായ ഈ പുസ്തകം അമേരിക്കൻ സാഹിത്യത്തിനും പരിസ്ഥിതി രചനയ്ക്കും വിലപ്പെട്ട ഒരു മുതൽ കൂട്ടായി.പ്രകൃതി, മാനവികത, പാരിസ്ഥിതിക പരിപാലനം എന്നിവയുടെ വിശാലമായ കാഴ്ചപ്പാടുകൾ വിചിന്തനം ചെയ്യുന്നതി നിടയിൽ കേപ്പ് കോഡിന്റെ സൗന്ദര്യത്തെ ആസ്വദിക്കാനും തോറോ വായനക്കാരെ ക്ഷണിക്കുന്നു.

**എ യാങ്കി ഇൻ കാനഡ** (1866). തോറോയുടെ മറ്റൊരു യാത്രവിവരണം. അദ്ദേഹം 1850- ൽ കനേഡിയൻ പ്രവിശ്യകളായ ന്യൂ ബ്രൺസ് വീക്ക്, ക്യൂബെക്ക് ഇവിടെയെല്ലാം സഞ്ചരിച്ചു. ഇവിടത്തെ പ്രകൃതി , സ്വത്വം, സാംസ്കാരിക വ്യത്യാസങ്ങൾ ഇവ വിശകലനം ചെയ്തു .

1862 മെയ് 6 - ന് അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ മരണത്തിന് ഒന്നര നൂറ്റാണ്ടിന് ശേഷവും ഹെൻറി ഡേവിഡ് തോറോയുടെ പരിസ്ഥിതി തത്വശാസ്ത്ര കൃതികളുടെ വായന വ്യാപകമായി തുടരുന്നു.



ഫിലിം വിഷൻ
filca
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# യൂജിൻ ഓഡം: ആധുനിക ആവാസവ്യവസ്ഥാ വിജ്ഞാനീയത്തിന്റെ പ്രോദ്ഘാടകൻ



സിന്ധു സുരേഷ്



ഇക്കോളജി എന്ന വിജ്ഞാനശാഖയിലെ ആവാസ വ്യവസ്ഥയെ സംബന്ധിച്ച പഠനങ്ങൾക്ക് വിഖ്യാതനാണ് അമേരിക്കയിലെ ജോർജിയ യൂണിവേഴ്സിറ്റിയിൽ ജീവശാസ്ത്ര അധ്യാപകനായിരുന്ന , യൂജിൻ പ്ലെസന്റ് ഓഡം ( 17 സെപ്റ്റംബർ 1913 - 10 ഓഗസ്റ്റ് 2002).

അദ്ദേഹവും സഹോദരൻ ഹൊവാർഡും ചേർന്ന് 1953- ൽ എഴുതിയ , ആവാസ വ്യവസ്ഥയെ കുറിച്ചുള്ള പ്രശസ്ത പുസ്തകമാണ്. ഫണ്ടമെന്റൽസ് ഓഫ് ഇക്കോളജി . അദ്ദേഹത്തോടുള്ള ആദരവിൽ നാമകരണം ചെയ്യപ്പെട്ടതാണ് ദി ഓഡം സ്കൂൾ ഓഫ് ഇക്കോളജി.

1940 -കളിലും 50 - കളിലും ആവാസ വ്യവസ്ഥയെ സംബന്ധിച്ച പഠനമേഖല വികസിക്കാതെ പ്രത്യേകമൊരു ചെറിയ ജീവശാസ്ത്ര വിഷയമായി മാത്രം നിലനിൽക്കുകയായിരുന്നു. ആദ്യ ഘട്ടത്തിൽ യൂണിവേഴ്സിറ്റി പ്രൊഫസർമാർ യൂജിൻ ഓഡത്തിന്റെ നിരീക്ഷണങ്ങളെ നിരാകരിച്ചു. ഒരു ഭൂമേഖലയിലെ ആവാസ വ്യവസ്ഥയിൽ അവിടെയുള്ള ജീവജാലം പരസ്പര പ്രവർത്തന ബന്ധിതമാണെന്ന വാദം അവർ നിഷേധിച്ചു. എന്നാൽ യൂജിൻ ഓഡം താൻ കണ്ടെത്തിയ , ആവാസ ഘടനയിലെ പലവിധ ജീവികളുടെ പ്രവർത്തനങ്ങളും നിലനിൽപ്പും ഉൾപ്പെടുന്ന ഇക്കോളജി ഒരു സവിശേഷ വിജ്ഞാന വിഷയമാണെന്ന് അതിന്റെ അടിസ്ഥാന സ്വഭാവത്തെ ചൂണ്ടിക്കാട്ടി വിശദീകരിച്ചു.

യൂജിൻ ഓഡം ഇക്കോസിസ്റ്റം എന്ന പദം സ്വീകരിക്കുകയും വികസിപ്പിക്കുകയും ചെയ്തു. 1942-ൽ റെയ്മണ്ട് ലിൻഡെമാൻ രൂപപ്പെടുത്തിയതാണെന്ന് ചിലപ്പോൾ പറയപ്പെടുന്നുണ്ടെങ്കിലും, ഇക്കോസിസ്റ്റം എന്ന പദം 1935-ൽ ബ്രിട്ടീഷ് പരിസ്ഥിതി ശാസ്ത്രജ്ഞനായ ആർതർ ടാൻസ്ലിയുടെ പ്രസിദ്ധീകരണത്തിലാണ് ആദ്യമായി പ്രത്യക്ഷപ്പെട്ടത്. 1930-ൽ ടാൻസ്ലിയുടെ സഹപ്രവർത്തകനായ ആർതർ റോയ് ക്ലാഫമാണ് ഇത് ഉപയോഗിച്ചത്.യൂജിൻ ഓഡമിന് മുൻപ് ജീവശാസ്ത്രത്തിന്റെ ഉപവിഭാഗങ്ങൾക്കുള്ളിൽ പ്രത്യേക ജീവജാലങ്ങളുടെയും പരിസ്ഥിതികളുടെയും ശാസ്ത്രം പരിമിതമായ അളവിലാണ് നിരീക്ഷിച്ചിരുന്നത്

പാരിസ്ഥിതിക പഠനത്തിന്റെ അടിസ്ഥാന ഘടകമായി ആവാസവ്യവസ്ഥ എന്ന ആശയം ജനകീയമാക്കുന്നതിൽ യൂജിൻ ഓഡം പ്രധാന പങ്കുവഹിച്ചു. പാരിസ്ഥിതിക വ്യവസ്ഥയിലെ ഊർജ്ജത്തിന്റെയും വസ്തുക്കളുടെയും ഗതിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് , ജീവജാലങ്ങളുടെയും അവയുടെ ചുറ്റുപാടിന്റെയും പരസ്പരാശ്രിതത്വത്തിന് അദ്ദേഹം ഊന്നൽ നൽകി.

1953 -ൽ ആദ്യമായി പ്രസിദ്ധീകരിച്ചഫണ്ടമെന്റൽസ് ഓഫ് ഇക്കോളജി എന്ന അദ്ദേഹത്തിന്റെ പുസ്തകം ഈ മേഖലയിലെ ഒരു പ്രധാന ഗ്രന്ഥമായി മാറി. ഇത് നിരവധി വിദ്യാർത്ഥികളെയും ഗവേഷകരെയും ആവാ

സവ്യവസ്ഥയുടെ പരിസ്ഥിതിശാസ്ത്രത്തെ പരിചയപ്പെടുത്തുകയും ഇന്നും വ്യാപകമായി ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു.പാരിസ്ഥിതിക ഇടപെടലുകളും ഗതിവിഗതികൾക്കിടയിലുള്ള ഊർജ്ജ കൈമാറ്റത്തിന്റെ കാര്യക്ഷമതയും അളക്കാൻ സഹായിക്കുന്ന രീതിയിൽ, ആവാസവ്യവസ്ഥയിലൂടെ ഊർജ്ജം എങ്ങനെ ഒഴുകുന്നു എന്ന് ചിത്രീകരിക്കാൻ യൂജിൻ ഓഡം വിവിധ മാതൃകകൾ വികസിപ്പിച്ചെടുത്തു.

1960-കളിലെയും 1970-കളിലെയും പാരിസ്ഥിതിക പ്രസ്ഥാനത്തിൽ യൂജിൻ ഓഡത്തിന്റെ പ്രവർത്തനങ്ങൾ കാര്യമായ സ്വാധീനംചെലുത്തി. അങ്ങനെ പരിസ്ഥിതിയിൽ മനുഷ്യന്റെ സ്വാധീനം മനസ്സിലാക്കുന്നതിനും സുസ്ഥിരമായ സമ്പ്രദായങ്ങൾക്കായി വാദിക്കുന്നതിനും ഒരു ശാസ്ത്രീയ അടിത്തറ രൂപപ്പെട്ടു .

1987 -ൽ ബയോ -സയൻസിലെ ക്രാഫോർഡ് പ്രൈസും 1977 -ൽ നാഷണൽ മെഡൽ ഓഫ് സയൻസും ഉൾപ്പെടെ നിരവധി അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചു.സഹ ജീവശാസ്ത്രജ്ഞരുടെയും യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെയും വിജ്ഞാന അടിത്തറയെയും ചിന്തയെയും സ്വാധീനിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ചരിത്രപരമായ പ്രസക്തി പൊതുപരിസ്ഥിതിവാദത്തിന്റെ പ്രോദ്ഘാടകൻ എന്ന നിലയിലാണ്.1963 -ലെ തന്റെ പുസ്തകമായ ഇക്കോളജി സമർപ്പിച്ചിട്ടുള്ളത് , മനുഷ്യനും പ്രകൃതിയും തമ്മിലുള്ള കൂടുതൽ യോജിപ്പുള്ള ബന്ധങ്ങൾ തേടാൻ തന്നെ പ്രചോദിപ്പിച്ച പിതാവിനാണ്.1970 -ൽ ആദ്യത്തെ ഭൗമദിനം സംഘടിപ്പിച്ചപ്പോൾ ജീവനുള്ള ഭൂമിയെ ഒരു ആഗോള മിശ്രിത ആവാസവ്യവസ്ഥയായി യൂജിൻ ഓഡം അവതരിപ്പിച്ചു. അതിനുശേഷം ലോക മെമ്പാടും പരിസ്ഥിതി വിജ്ഞാനം പ്രധാന ഉൾക്കാഴ്ചകളിലൊന്നായി ലോകമെമ്പാടും മാറി. പരിസ്ഥിതി പ്രസ്ഥാനത്തിന്റെ മുദ്രാവാക്യങ്ങളെയും ഉപരിപ്ലവ സങ്കൽപ്പങ്ങളെയും സൗമ്യമായി വിമർശിക്കുന്ന ഒരു സ്വതന്ത്ര ചിന്തകനായിരുന്നു അദ്ദേഹം.

പരിസ്ഥിതിയുടെ അടിസ്ഥാനതത്വങ്ങൾ എന്ന പുസ്തകത്തിലൂടെ , ജീവജാലങ്ങളുടെയും അവയുടെ ഭൗതിക പരിസ്ഥിതിയുടെയും പരസ്പര ബന്ധത്തിന് ഊന്നൽ നൽകുന്ന ആവാസവ്യവസ്ഥയുടെ ആശയത്തെ അദ്ദേഹം ജനകീയമാക്കുകയും ചെയ്തു.

ആവാസവ്യവസ്ഥയിലൂടെയുള്ള ഊർജ പ്രവാഹം , പോഷകങ്ങളുടെ ചാക്രികത എന്നിവയുടെ തത്വങ്ങൾ യൂജിൻ ഓഡം വിശദമായി വിവരിച്ചു. ഈ പ്രക്രിയകൾക്ക് ഒരു സ്ഥലകാല ചട്ടക്കൂട് നൽകി. ആവാസവ്യവസ്ഥയിലെ ഉൽപ്പാദകർ , ഉപഭോക്താക്കൾ, വിഘടിപ്പിക്കുന്നവർ എന്നിവരുടെ ചലനാത്മകത വിശദീകരിക്കുന്ന ഗതിവിഗതികൾ,



ഭക്ഷ്യശൃംഖലകൾ, ഭക്ഷ്യവലകൾ എന്നിവയെക്കുറിച്ച് യൂജിൻ ഓഡത്തിന്റെ പുസ്തകം ചർച്ച ചെയ്തു. പാരിസ്ഥിതിക പിന്തുടർച്ചയുടെ പ്രക്രിയകൾ കൂടാതെ. കാലക്രമേണ ജീവജാതികളുടെ ഘടനയിലും ആവാസവ്യവസ്ഥയുടെ ഘടനയിലും സംഭവിച്ച മാറ്റങ്ങളും ഇത് പ്രതിപാദിക്കുന്നു. ജനസംഖ്യയുടെ അളവ്, പെരുപ്പം , നിയന്ത്രണം എന്നിവയെ ബാധിക്കുന്ന ഘടകങ്ങൾ ഉൾപ്പെടെ, ജനസംഖ്യാ ചലനാത്മകതയെക്കുറിച്ചുള്ള ചർച്ചകൾ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംരക്ഷണത്തിന്റെയും സുസ്ഥിര പ്രവർത്തന ങ്ങളുടെയും പ്രാധാന്യത്തെ ഉയർത്തിക്കാട്ടിക്കൊണ്ട് പ്രകൃതി - പരിസ്ഥിതി വ്യവസ്ഥകളിൽ മനുഷ്യന്റെ പ്രവർത്തനങ്ങളുടെ ഫലങ്ങളെയും യൂജിൻ ഓഡം അഭിസംബോധന ചെയ്തു.

## പുസ്തകങ്ങൾ :

1939. പക്ഷികളുടെ ഹൃദയമിടിപ്പിലെ വ്യതിയാനങ്ങൾ: ഫിസിയോളജിക്കൽ ഇക്കോളജിയിൽ ഒരു പഠനം.

**1953.** പരിസ്ഥിതിശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങൾ.
ഫിലാഡൽഫിയ / ലണ്ടൻ:

**1963.** പരിസ്ഥിതിശാസ്ത്രം.

**1969.** ആവാസ വ്യവസ്ഥയുടെ വികാസ തന്ത്രം.


**1975.** പരിസ്ഥിതി ശാസ്ത്രം : പ്രകൃതിയും സാമൂഹിക ശാസ്ത്രവും തമ്മിലുള്ള ബന്ധം.

**1983.** അടിസ്ഥാന പരിസ്ഥിതിശാസ്ത്രം.


1993. പരിസ്ഥിതി ശാസ്ത്രവും നമ്മുടെ വംശനാശഭീഷണി നേരിടുന്ന ജീവിതസഹായ സംവിധാനങ്ങളും.

**1998.** പാരിസ്ഥിതിക പദപ്രയോഗങ്ങൾ : മനുഷ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പാരിസ്ഥിതിക സമീപനങ്ങൾ .

**2000.** സ്ഥലത്തിന്റെ സത്ത :



# റേച്ചൽ കാർസൺ : സമുദ്ര പരിസ്ഥിതി പ്രവർത്തക



അർപ്പണാ
(വൈസ് പ്രസിഡന്റ്,ഫിൽക്ക)



റേച്ചൽ ലൂയിസ് കാർസൺ (മേയ് 27, 1907 – ഏപ്രിൽ 14, 1964) ഒരു അമേരിക്കൻ മറൈൻ ബയോളജിസ്റ്റും എഴുത്തുകാരിയും പരിസ്ഥിതി സംരക്ഷണ പ്രവർത്തകയുമായിരുന്നു. അവരുടെ സീ ട്രിലജി (19411955) , സൈലന്റ് സ്പ്രിംഗ് (1962) എന്നീ പുസ്തകങ്ങൾ സമുദ്ര ജൈവ വൈവിധ്യ സംരക്ഷണത്തിന്റെയും ആഗോള പരിസ്ഥിതി പ്രസ്ഥാനത്തിന്റെയും മുന്നേറ്റത്തിൽ വലിയ പങ്ക് വഹിച്ചു.

യുഎസ് ബ്യൂറോ ഓഫ് ഫിഷറീസിൽ അകാറ്റിക് ബയോളജിസ്റ്റായി ജോലി ആരംഭിച്ച കാർസൺ, 1950-കളിൽ ഒരു മുഴുവൻ സമയ പ്രകൃതി എഴുത്തുകാരിയായി. അവരുടെ പരക്കെ പ്രശംസിക്കപ്പെട്ട 1951-ലെ പുസ്തകം ദി സീ എറൗണ്ട് അസ് അവർക്ക് യു.എസ് നാഷണൽ ബുക്ക് അവാർഡും പ്രതിഭാധനയായ എഴുത്തുകാരി എന്ന നിലയിലുള്ള അംഗീകാരവും സാമ്പത്തിക സുരക്ഷയും നേടിക്കൊടുത്തു. അതിന്റെ വിജയം അവളുടെ ആദ്യ പുസ്തകമായ അണ്ടർ ദി സീ വിൻഡ് (1941) 1952ൽ പുനഃപ്രസിദ്ധീകരിക്കാൻ പ്രേരിപ്പിച്ചു.

തുടർന്ന് 1955-ൽ ദി എഡ്ജ് ഓഫ് ദി സീ പുറത്തിറങ്ങി . രണ്ടും ബെസ്റ്റ് സെല്ലറുകളായിരുന്നു. ഈ കടൽത്രയ ഗ്രന്ഥങ്ങൾ , തീരങ്ങൾ മുതൽ ആഴങ്ങൾ വരെയുള്ള സമുദ്ര ആവാസ വ്യവസ്ഥയെ കുറിച്ചുള്ള ഗവേഷണ പഠനങ്ങളാണ്.

1937-ൽ ദി അറ്റ്ലാന്റിക് മാസികയിൽ പ്രസിദ്ധീകരിച്ച കാർസന്റെ അണ്ടർ സീഎന്ന ലേഖനത്തെ അടിസ്ഥാനമാക്കിയുള്ളതാണ് അണ്ടർ ദി സീ വിൻഡ്. സർക്കാർ ഫിഷറീസ് ബ്രോഷറിന്റെ പതിനൊന്ന് പേജുള്ള ആമുഖമായി ആരംഭിച്ച ഈ ലേഖനരൂപമാണ് പിന്നീട് കാർസന്റെ ആദ്യ പുസ്തകമായി മാറിയത്.

അണ്ടർ ദി സീ വിൻഡ്: എ നാച്ചുറലിസ്റ്റ് പിക്ചർ ഓഫ് ഓഷ്യൻ ലൈഫ് മികച്ച അവലോകനങ്ങൾ ഉള്ളതാണെങ്കിലും വിപണിയിൽ ഏറെ വിറ്റുപോയില്ല . എന്നാൽ ദ സീ എറൗണ്ട് അസ് (ഓക്സ്ഫോർഡ്, 1951) എന്ന ഒരു തുടർ പുസ്തകം ശ്രദ്ധേയമായി. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ് ഇത് വീണ്ടും പുറത്തിറക്കി. ആ പതിപ്പ് ബുക്ക്-ഓഫ്-ദി-മന്ത് ക്ലബ് സെലക്ഷൻ ആയിരുന്നു. അത് ബെസ്റ്റ് സെല്ലറായി മാറി.
അമേരിക്കൻ പ്രകൃതി എഴുത്തിന്റെ നിർണായക കൃതികളിൽ ഒന്നായി ഇത് അംഗീകരിക്കപ്പെട്ടു .പിന്നീട് പെൻഗ്വിൻ നേച്ചർ ക്ലാസിക്കുകളിൽ ഒന്നായി ഇത് പ്രദ്ധീകരിച്ചിട്ടുണ്ട്.

ഫിലിം filca വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി

അണ്ടർ സീ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ്, സമുദ്ര പ്രമേയമുള്ള റേഡിയോ സ്ക്രിപ്റ്റുകൾ അവർ എഴുതിയിരുന്നു. അത് അവരുടെ പിന്നീടുള്ള സൃഷ്ടികളിലേക്കുള്ള വഴിതുറന്നു .


സമുദ്രജീവികളെ ഉൾക്കൊള്ളുന്ന പരിസ്ഥിതി ശാസ്ത്രത്തെക്കുറിച്ചും അതിജീവിക്കാനുള്ള അചഞ്ചലമായ ഇച്ഛാശക്തിയെക്കുറിച്ചും ഈ ലേഖനം വിശദീകരിക്കുന്നു. ലേഖനം പ്രസിദ്ധീകരിച്ചതിനുശേഷം, ഡച്ചുകാരനും ബാലസാഹിത്യകാരനുമായ ഹെൻഡ്രിക് വാൻ ലൂൺ , കാർസന്റെ കൃതികളിൽ താൽപ്പര്യം പ്രകടിപ്പിച്ചു. എഴുത്തിൽ പ്രകൃതിയുടെ ഇത്തരത്തിലുള്ള ചിത്രീകരണം തുടരാൻ അദ്ദേഹം അവളെ പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു, അതുപോലെ തന്നെ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ചും അവളെ ഉപദേശിച്ചു.

കാർസൺ തന്റെ ലേഖനത്തിൽ നിന്നുള്ള വീക്ഷണങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുകയും അവൾക്ക് പ്രിയപ്പെട്ടതായി വിശേഷിപ്പിക്കപ്പെടുന്ന അണ്ടർ ദി സീ വിൻഡിൽ വിപുലീകരിക്കുകയും ചെയ്തു. അണ്ടർ ദി സീ വിൻഡ് പോരാട്ടത്തിന്റെയും അവസര അതിജീവനത്തിന്റെയും കഥയാണെങ്കിലും, കാർസൺ അവതരിപ്പിക്കുന്ന ഭീതിജനകമായ , വിശകലനപരമായ ശൈലി അവളുടെ പിന്നീടുള്ള കൃതിയായ സൈലന്റ് സ്പ്രിംഗിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്.

അണ്ടർ ദി സീ വിൻഡിന്റെ ആദ്യ വിപണി പരാജയത്തിന് കാരണം പേൾ ഹാർബറിലെ ബോംബാക്രമണവും അത് പ്രസിദ്ധീകരിച്ച വർഷം രണ്ടാം ലോക മഹായുദ്ധത്തിൽ അമേരിക്ക പ്രവേശിച്ച സാഹചര്യവും ആയിരിക്കാം.

സീ ട്രിലജിയിലെ രണ്ടാമത്തെ പുസ്തകമായ ദി സീ എറൗണ്ട് അസ് പ്രസിദ്ധീകരിച്ചതിന് ശേഷമാണ് ഈ വിഷയം ഏറെ ജനപ്രിയമായത്. ഇത് അവളെ പ്രകൃതിചരിത്ര രചയിതാവായി മാറ്റി.

കാർസന്റെ രചനാ ശൈലി കുട്ടികൾക്കും മുതിർന്നവർക്കും ആകർഷണീയമാണ്. കൂടാതെ ഹോവാർഡ് ഫ്രെച്ചിന്റെ ചിത്രീകരണങ്ങളും ആകർഷണീയമായി . പിൽക്കാലത്ത് 1991-ൽ റോബർട്ട് ഡബ്ല്യൂ. ഹൈൻസ് ചിത്രീകരിച്ച് ഇത് പുനഃ പ്രസിദ്ധീകരിച്ചിട്ടുണ്ട് ●



ഫിലിം വിഷൻ
filca
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി


# പരിസ്ഥിതി ശാസ്ത്രവും പ്രക്ഷോഭങ്ങളും



ജിജോ ജേക്കബ്

മനുഷ്യനും മറ്റ് ജീവികളും താമസിക്കുന്നതിന് ചുറ്റുമുള്ള പരിസ്ഥിതി അവരിൽ ചെലുത്തുന്ന സ്വാധീനം വലുതാണ്. നമുക്ക് ചുറ്റുമുള്ളത് സംരക്ഷിക്കേണ്ടതുണ്ട് . നമ്മുടെ ചുറ്റുമുള്ള പരിസ്ഥിതിയിൽ , ചുറ്റുമുള്ള മരങ്ങ ളും മേടുകളും മലകളും വയലുകളും കാടു കളും കുളങ്ങളും നദികളും സമുദ്രവും എല്ലാം ഉൾപ്പെടുന്നു. അതിതീവ്ര വേനൽകാല ങ്ങളിൽ മരങ്ങൾ ചെയ്യുന്ന സേവനങ്ങളെ നമ്മൾ ഓർക്കാറുണ്ട്.

പരിസ്ഥിതിയെക്കുറിച്ചുള്ള പഠനമാണ് പരിസ്ഥിതി ശാസ്ത്രം. പരിസ്ഥിതി നേരിടുന്ന ഈ വെല്ലുവിളികളെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിച്ച് , പരിസ്ഥിതി സംരക്ഷിക്കുക എന്നതാണ് ലക്ഷ്യം . അവിടെയാണ് പരിസ്ഥിതി പ്രക്ഷോഭങ്ങളുടെ പ്രസക്തിയും പ്രധാനപ്പെട്ടതാവുന്നത് . മണ്ണ്, ജലം, വായു തുടങ്ങിയ ഘടകങ്ങളെ സംരക്ഷിച്ചുകൊണ്ട് ഒരു സുസ്ഥിരലോകത്തെ കെട്ടിപ്പടുക്കുക എന്നതാണ് പരിസ്ഥിതി പ്രക്ഷോഭങ്ങളുടെ പ്രധാന ലക്ഷ്യം.

നമ്മുടെ ജന്തുക്കളും സസ്യങ്ങളും അടങ്ങുന്ന ജൈവവൈവിധ്യം, ജല - വന്യജീവി ആവാസവ്യവസ്ഥകൾ തുടങ്ങിയവ ഇല്ലാതെ നമുക്ക് നിലനിൽപ്പില്ല. വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് എന്നത് ആഗോളതാപനമേൽക്കുന്ന പരിസ്ഥിതിയുടെ സംരക്ഷണം ലക്ഷ്യം വച്ചു കൊണ്ടുള്ളതാണ്. പാണ്ഡകളുടെ സംരക്ഷണം വഴി അവയെ വംശനാശത്തിൽ നിന്ന് രക്ഷിച്ചു . 1987 - ൽ സ്ഥാപിച്ച ഈ സംഘടന ലോകത്തിന് പരിസ്ഥിതി സംരക്ഷണത്തിൽ ഉദാത്തമായ മാതൃകയാണ്. പരിസ്ഥിതി സംരക്ഷണം ലക്ഷ്യം വെച്ച് ആരംഭിച്ച മറ്റൊരു സംഘടനയാണ് നേച്ചർ കൺസർവൻസി. പരിസ്ഥിതി പ്രാധാന്യമുള്ള കരയിലെ പ്രകൃതിയും ജലാശയങ്ങളും സംരക്ഷിക്കുക എന്നതാണ് ലക്ഷ്യം. ഈ പ്രസ്ഥാനം സർക്കാരുകളെയും വ്യവസായങ്ങളെയും സമ്മർദ്ദത്തിലാക്കി അതുവഴി പരിസ്ഥിതി സംരക്ഷിക്കുന്നു . ഇങ്ങനെ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ചില പ്രസ്ഥാനങ്ങൾ നമുക്ക് പരിചയപ്പെടാം.

വംശനാശ വിരുദ്ധ പ്രസ്ഥാനം - ഈ സംഘടന സർക്കാരുകളെ ബോധവൽക്കരിച്ച് അടിയന്തര നടപടികൾ സ്വീകരിക്കേണ്ട എന്നതാണ് ലക്ഷ്യം. കാലാവസ്ഥയെ കുറിച്ചുള്ള യഥാർത്ഥ സ്ഥിതി പുറത്തുകൊണ്ടുവരിക ഹരിതവാതകം കുറയ്ക്കുക പുനരുപയോഗ ഊർജ്ജങ്ങളിലേക്കുള്ള മാറ്റം സുസ്ഥിര സമ്പത്ത് വ്യവസ്ഥയ്ക്ക് മേൽനോട്ടം വഹിക്കാൻ പൗരസഭ ഉണ്ടാക്കുക. 70ലധികം രാജ്യങ്ങളിൽ പ്രവർത്തിച്ച് ആഗോള പ്രസ്ഥാനമായി മാറിയിരിക്കുകയാണ് ഈ മുന്നേറ്റം.

**ഫ്രൈഡെയ്സ് ഫോർ ഫ്യൂച്ചർ പ്രസ്ഥാനം**

2018 - ആഗോള വിദ്യാർത്ഥി പ്രസ്ഥാനമാണ് ഫ്രൈഡേ ഫോർ ഫ്യൂച്ചർ. കാലാവസ്ഥ മുൻകരുതലിൽ നടപടി എടുക്കാത്തതിൽ പ്രതിഷേധിച്ച് ഗ്രേറ്റ തുൻബെർഗ് എന്ന വിദ്യാർത്ഥിനിയും യുവജനങ്ങളും ചേർന്ന് രൂപീകരിച്ച ഒരു പ്രസ്ഥാനമാണ് ഇത്. ആഗോളതാപനം പരിമിതപ്പെടുത്തുന്നതിന് നയരൂപ കർത്താക്കളിൽ സമ്മർദം ചെലുത്തുക എന്നതാണ് പ്രധാന ലക്ഷ്യം. ലോകമെമ്പാടുമുള്ള കുട്ടികളെയും മുതിർന്നവരെയും വെള്ളിയാഴ്ചകളിൽ കാലാവസ്ഥാ ബോധന പ്രവർത്തനത്തിന് പണിമുടക്ക് ആഹ്വാനം ചെയ്തു . ദശലക്ഷക്കണക്കിന് ആളുകളെ നടപടി യെടുക്കാൻ പ്രേരിപ്പിച്ച ഈ പ്രസ്ഥാനം കാലാവസ്ഥ വ്യതിയാനത്തെ കുറിച്ചുള്ള ചർച്ചയ്ക്ക് തുടക്കമിടുന്നതിനും പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

## സീറോ വേസ്റ്റ് മൂവ്മെൻറ് -

മാലിന്യനിർമാർജനം , ലാൻഡ് ഫില്ലുകൾ , ഇൻസുലേറ്റർ തുടങ്ങിയവയിലേക്ക് അയക്കുന്ന മാലിന്യങ്ങൾ കുറയ്ക്കുവാൻ ലക്ഷ്യമിടുന്ന ഒരു ജീവിതശൈലി ഉണ്ടാക്കുക എന്നതാണ് ഈ പ്രസ്ഥാനത്തിൻറെ ലക്ഷ്യം. 2002 അവസാന ത്തിൽ ബിയ ജോൺസനെ പോലുള്ളവരിൽ നിന്ന് പ്രവർത്തനം ആരംഭിച്ചു . ഉൽപ്പന്നങ്ങളു ടെ പുനരുപയോഗവും പുനർനിർമ്മാണവും വഴി മാലിന്യങ്ങളുടെ ഉൽപാദനം കുറയ്ക്കു ക എന്നതാണ് ലക്ഷ്യം. വ്യക്തികളുടെ പ്രവർത്തനത്തിലൂടെ മാലിന്യം ഇല്ലായ്മ ചെയ്യുക, ജൈവ സുരക്ഷിത സമ്പദ് വ്യവസ്ഥ യിലേക്ക് നീങ്ങുക എന്നതാണ് പ്രധാന ലക്ഷ്യങ്ങൾ.

## പെർമകൾച്ചർ മൂവ്മെന്റ്

1970 - ഓസ്ട്രേലിയക്കാരായ ബിൽ മോറിസ നും ഡേവിഡ് ഹോൺഗ്രനും ചേർന്ന് ഇത് സ്ഥാപിച്ചു. സ്ഥിരമായ കൃഷി , സ്ഥിരമായ സംസ്കാരം എന്ന അർത്ഥം വരുന്ന പെർമക ൾച്ചർ എന്ന വാക്ക് ഈ മുന്നേറ്റത്തിന് വേണ്ടി ഉപയോഗിച്ചു. ഭൂമിയെ പരിപാലിക്കുക , മനുഷ്യനെ പരിപാലിക്കുക , വിഭവങ്ങളെ പരിപാലിക്കുക വിഭവങ്ങളുടെ ന്യായവിതരണം നടത്തുക തുടങ്ങിയവയാണ് ലക്ഷ്യം. അഗ്രോ ഫോറസ്റ്റ് പോളി -കൾച്ചർ ഫാമിംഗ് , മഴവെള്ള സംഭരണം , കമ്പോസ്റ്റിംഗ് പുനരുപയോഗം , ഊർജ്ജത്തിനായി പ്രകൃതിദത്ത സാമഗ്രികളു ടെ ഉപയോഗം എന്നിവ നടപ്പിലാക്കുന്നു . കമ്മ്യൂണിറ്റി ഗാർഡനുകൾ , ഇക്കോ വില്ലേജു കൾ എന്നിവ വഴി ഈ പ്രസ്ഥാനം ആഗോള തലത്തിൽ വ്യാപിച്ചു. സുസ്ഥിരമായ വികസന തത്വങ്ങളും മികച്ച കാർഷിക രീതികളും പ്രാദേ ശിക വിഭവങ്ങളുടെ ഉപയോഗവും സംബന്ധിച്ച ഒരു തത്വചിന്തയാണ് ഈ സംഘടനയ്ക്കുള്ളത് .

## ഡീപ്പ് ഇകോളജി മൂവ്മെൻറ് -

പ്രകൃതിയുമായി യോജിച്ച് ജീവിക്കാൻ മനുഷ്യ സമൂഹങ്ങളെ പ്രേരിപ്പിക്കുന്ന ഈ സംഘടന നോർവിജിയൻ തത്വചിന്തകനായ ആർണെ നാസ് ആരംഭിച്ചതാണ് . ആഴത്തിലുള്ള പരിസ്ഥിതി ശാസ്ത്രം വഴി മനുഷ്യ കേന്ദ്രീകൃത വീക്ഷണങ്ങളെ പരിശോധിക്കുന്നു. പ്രകൃതി സംബന്ധമായി നിലനിന്നിരുന്ന മനുഷ്യന്റെ മനോഭാവങ്ങളിൽ അടിസ്ഥാനപരമായി മാറ്റം വരുത്തുവാനും പരിസ്ഥിതി സ്ഥാപനങ്ങളെ സ്വാധീനിക്കുവാനും ഈ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

## ഐഡിൽ നോ മോർ

പരമാധികാരം, പരിസ്ഥിതി സംരക്ഷണം സാമൂഹിക നീതി എന്നിവയ്ക്കായി കാന ഡയിലെ തദ്ദേശവാസികൾക്കിടയിൽ രൂപ പ്പെട്ട ജനകീയ പ്രസ്ഥാനം. 2012 രൂപീകരിച്ച ഈ സംഘടന കാനഡയിലെ നിയമ ഭേദഗതി മൂലം പരിസ്ഥിതിയിലും തദ്ദേശവാസികൾക്കും വരുത്തിയ ഭീഷണിക്കെതിരായി നിലകൊണ്ടു. ഭൂമിയുടെ അവകാശം തദ്ദേശീയർക്ക് കൊടുക്കു ന്നതിനും കാനഡയിലെ പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ച് അവബോധം വരുത്തുന്നതിനും വഴിതെളിച്ചു.

## ആമസോൺ വാച്ച്

ആമസോണിലെ മഴക്കാടുകൾ സംരക്ഷിക്കുക, തദ്ദേശീയരുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നതാണ് ആമസോൺ വാച്ചിന്റെ ലക്ഷ്യം. വനനശീകരണം, ഭൂമിക്ക് വിനാശമായ വിക സന പദ്ധതികൾ എന്നിവയ്ക്കെതിരായി പോരാടുന്നു. തദ്ദേശീയരും പരിസ്ഥിതി ഗ്രൂപ്പുകളുമായി ചേർന്ന് പ്രവർത്തിക്കുന്നു. ജനകീയ പങ്കാളിത്ത പ്രചരണം, കോർപ്പറേറ്റ് ഉത്തരവാദിത്ത ക്യാമ്പയിനുകൾ തുടങ്ങിയ നടത്തുന്നു. തദ്ദേശീയരുടെ നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷിക്കുകയും ചെയ്യുന്നു.

ഗ്രീൻ പൊളിറ്റിക്കൽ മൂവ്മെൻറ് - 1978 - തുടങ്ങി ആഗോള മുന്നേറ്റമായി മാറിയ ഈ പ്രസ്ഥാനം സുസ്ഥിരനയങ്ങൾക്കും പാരിസ്ഥിതിക - രാഷ്ട്രീയ പ്രക്രിയകൾക്കും വേണ്ടി നിലകൊള്ളുന്നു.

## പരിസ്ഥിതി നീതി പ്രസ്ഥാനം:

1980കളിൽ പരിസ്ഥിതിയുടെ ആഘാതം, അമിത വിഭവ ചൂഷണത്തിനും എതിരായി ജനിച്ച പ്രസ്ഥാനം. തുല്യമായ പ്രകൃതി വിഭവങ്ങളുടെ വിതരണത്തെക്കുറിച്ച് ഈ പ്രസ്ഥാനം ബോധവൽക്കരണം നടത്തുന്നു. പാരിസ്ഥിതിക പ്രസ്ഥാനങ്ങളുടെ സമ്പന്നമായ ചരിത്രമാണ് ഇന്ത്യയ്ക്ക് ഉള്ളത്. ഇന്ത്യയിലെ പാരിസ്ഥിതിക പ്രസ്ഥാനങ്ങൾ രാജ്യത്തിൻറെ സമ്പത്തായ പ്രകൃതി പൈതൃകത്തെ സംരക്ഷിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട് . പരമ്പരാഗതമായ അറിവും ആധുനിക പരിസ്ഥിതി ശാസ്ത്രവും ഈ പ്രസ്ഥാനങ്ങളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ഇന്ത്യയിലെ ചില പരിസ്ഥിതി പ്രസ്ഥാനങ്ങളെ പരിചയപ്പെടാം.

## ചിപ്കോ പ്രസ്ഥാനം(1978)

ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ പരിസ്ഥിതി മുന്നേറ്റമാണ് ചിപ്കോ പ്രസ്ഥാനം. മരങ്ങളെ നശിപ്പിക്കാൻ വന്നവരോട് മരങ്ങളെ കെട്ടിപ്പിടിച്ച് കാട് മനുഷ്യനും തമ്മിലുള്ള അഗാധമായ ബന്ധത്തിന് വിളിച്ചോതിയ പ്രസ്ഥാനം. ഉത്തരാഖണ്ഡിൽ നടന്ന മുന്നേറ്റം . സുന്ദർലാൽ ബഹുഗുണ, ഗൗരാ ദേവി, ചാന്ദി പ്രസാദ് ഭട്ട് എന്നിവരാണ് പ്രധാന നേതാക്കൾ. തദ്ദേശീയരും കാടുകളും അടങ്ങുന്ന പാരിസ്ഥിതിക സന്തുലനം ആണ് ഈ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യം .

## സൈലൻറ് വാലി പ്രസ്ഥാനം (1978)

ഈ പ്രസ്ഥാനം സഹ്യ ഘട്ടങ്ങളിലെ മഴക്കാടുകളെ തകർക്കുന്ന ജലവൈദ്യുത പദ്ധതിക്കെതിരായി ആയിരുന്നു. കെ . എ .ശങ്കരമേനോൻ , എം .കെ . പ്രസാദ് തുടങ്ങിയവരായിരുന്നു നേതാക്കൾ. സൈലൻറ് വാലിയെ ഒരു നാഷണൽ പാർക്ക് ആക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു ഈ പ്രസ്ഥാനം.

## നർമ്മദ ബജാവോ ആന്തോളൻ (1985)

നർമ്മദാ നദിയിൽ ഡാമുകൾ പണിയുകയും അതുവഴി ആയിരങ്ങളുടെ വീട് നഷ്ടപ്പെടുകയും നിലങ്ങൾ നശിക്കുകയും ചെയ്യാമായിരുന്ന ഡാം നിർമ്മാണത്തിനെതിരെ നടന്ന പ്രക്ഷോഭം. മേധ പട്കർ, ബാബ ആംതെ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന ഈ മുന്നേറ്റത്തിൽ ഡാമു കൾ കാരണം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് നമ്മളെ ഓർമിപ്പിക്കുന്നു

## അപ്പിക്കോ മൂവ്മെന്റ്(1983)

ചിപ്കോ പ്രസ്ഥാനത്തിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് 1983 - ൽ കർണാടകയിൽ പാണ്ടുരംഗ ഹെഗ്ഡെ നടത്തിയ മുന്നേറ്റം. ഗ്രാമവാസികൾ മരങ്ങളെ കെട്ടിപ്പിടിച്ച് കാടുകളുടെ സുസ്ഥിരമായ ഉപയോഗത്തെക്കുറിച്ച് ഓർമിപ്പിക്കുന്നു.

## ബിഷ്നോയി മൂവ്മെന്റ്

ബിഷ്നോയി വിഭാഗക്കാർ മരങ്ങളെയും വന്യജീവികളെയും സംരക്ഷിക്കുന്ന വിഭാഗമാണ്. അനിയന്ത്രിതമായ വേട്ടയാടലിനും വനനശീകരണത്തിനും എതിരായി രാജസ്ഥാനിൽ ഇരുപതാം നൂറ്റാണ്ടിൽ ഒരു പുതിയ പാരിസ്ഥിതിക - ആവാസ വ്യവസ്ഥ തരംഗം സൃഷ്ടിച്ച പ്രസ്ഥാനം.

## സേവ് ദ വെസ്റ്റേൺ ഗാട്സ് മൂവ്മെന്റ്

സഹ്യമലനിരകളെ വനനശീകരണത്തിൽ നിന്നും ഖനനം തുടങ്ങിയ പാരിസ്ഥിതിക ഭീഷണികളിൽ നിന്നും മുക്തമാക്കുക എന്നതാണ് ലക്ഷ്യം. പരിസ്ഥിതിയെ സംരക്ഷിച്ച് ഒരു സുസ്ഥിര വികസനത്തിന് ലക്ഷ്യം വെയ്ക്കുന്നു .

### ജോല ആന്തോളൻ (2010)

പ്ലാസ്റ്റിക് ബാഗുകൾ ഉപേക്ഷിച്ച് തുണിയിൽ നിർമ്മിച്ച ബാഗുകൾ ഉപയോഗിക്കുകയും പ്ലാസ്റ്റിക് മാലിന്യങ്ങൾ കാരണം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് തടയിടുവാൻ സമൂഹത്തെ പ്രാപ്തരാക്കുവാൻ ലക്ഷ്യമിട്ട പ്രസ്ഥാനം .

### ജല സത്യാഗ്രഹം (2012)

മധ്യപ്രദേശിൽ കർഷകരും പരിസ്ഥിതി പ്രവർത്തകരും നടത്തിയ സമരം. ഓംകാരേശ്വർ ഡാം നർമദ നദിയിൽ പണിതത് കാരണം കാരണം ഉണ്ടായ വെള്ളപ്പൊക്കം നേരിടേണ്ടി വന്നവർ ന്യായമായ നഷ്ടപരിഹാരം , പുനരധിവാസം എന്നിവയ്ക്ക് വേണ്ടി പോരാടി.

### സ്വച്ച് ഭാരത് അഭിയാൻ (2014)

ശുചിത്വം മെച്ചപ്പെടുത്തുക , മാലിന്യം കുറക്കുക എന്നത് ലക്ഷ്യമിട്ടിട്ടുള്ള ഒരു പദ്ധതിയാണിത്. വൃത്തിയുള്ള ചുറ്റുപാടിനും അന്തരീക്ഷത്തിനും പൗരന്മാരെ പങ്കാളിയാക്കുന്ന പദ്ധതി.

### ഗ്രീൻ പൊളിറ്റിക്കൽ മൂവ്മെൻറ് - (1978)

ആഗോള മുന്നേറ്റമായി മാറിയ ഈ പ്രസ്ഥാനം സുസ്ഥിരനയങ്ങൾക്കും പാരിസ്ഥിതിക - രാഷ്ട്രീയ പ്രക്രിയകൾക്കും വേണ്ടി നില കൊള്ളുന്നു.

### വിഴിഞ്ഞം തുറമുഖ സമരം (2022-2023)

ബ്ലൂ എക്കണോമി നയത്തിന്റെയും തുറമുഖങ്ങളെ കൂട്ടിയിണക്കൽ പദ്ധതിയുടെയും മറവിൽ, വിഴിഞ്ഞത്ത് ഒരു നൂതന രാജ്യാന്തര തുറമുഖം ആസൂത്രണം ചെയ്തു.

ഹാർബർ സങ്കൽപ്പത്തിന് വിരുദ്ധമായി പോർട്ട് സങ്കല്പമാണ് രൂപകൽപ്പന ചെയ്തത്. ആഴക്കടൽ പ്രവാഹങ്ങൾക്ക് തടസ്സമുണ്ടാക്കുന്ന രീതിയിൽ , മണ്ണൊലിപ്പുള്ള തീരക്കടലിലെ മണ്ണിൽ , 3000 മീറ്റർ ബ്രേക്ക് വാട്ടർ പണിതു. ഇത് വടക്കൻ തീരത്ത് , മൺസൂണിൽ, കൂടുതൽ ശക്തമായ കടലാക്രമണത്തിന് കാരണമായി.

കടൽതീരത്തിൻറെ ശോഷണം , മത്സ്യ വിഭവ സമ്പദ് നാശം, പാർപ്പിട നഷ്ടം, തൊഴിൽ നഷ്ടം , 3000 മീറ്റർ കടൽഭിത്തിയുടെ വാർഷിക പരിരക്ഷണ ചെലവ് മൂലമുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യത, പദ്ധതി കൊണ്ടുള്ള സാമ്പത്തിക പ്രയോജനമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ വിവിധ സംഘടനകളും ലത്തീൻ അതിരൂപതയും സമരം ചെയ്തു. കൊച്ചി - വല്ലാർപാടം രാജ്യാന്തര കണ്ടെയ്നർ പദ്ധതി ഉദാഹരണമായി ചില പൂർവ്വപാഠങ്ങൾ ഈ പ്രക്ഷോഭം നമ്മളെ ഓർമിപ്പിക്കുന്നു.



(Courtesey : Forest Dept.)

ഫിലിം വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# യൂറോപ്യൻ– ഏഷ്യൻ – ആഫ്രിക്കൻ ഭൂഖണ്ഡങ്ങളിലെ പരിസ്ഥിതി ഫിലിം ഫെസ്റ്റിവൽ



ഡോ..പി. അജികുമാർ

പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ചു ജനതയിൽ അവബോധം സൃഷ്ടിക്കുന്നതിനുംസുസ്ഥിരമായ ഇടപെടലുകൾ നടത്തുന്നതിനും പാരിസ്ഥിതിക ഫിലിം ഫെസ്റ്റിവലുകൾ മുഖ്യ പങ്കു വഹിക്കുന്നു. അതിനായി പ്രത്യേക പ്ലാറ്റ് ഫോം തന്നെ അവർ നിർമ്മാതാക്കൾക്കായി നൽകുന്നു. അതിലൂടെ പ്രേക്ഷകരുമായി അർത്ഥവത്തായ ചർച്ചകളും അവരെ കർമ്മോന്മുഖരാക്കലും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമാക്കുന്നു.

വൈവിധ്യ പൂർണ്ണമായ സിനിമകളുടെ തിരഞ്ഞെടുപ്പിലൂടെയും വിദ്യാഭ്യാസ - സാമൂഹിക കൂട്ടായ്മകളിലൂടെയും ആഗോള പാരിസ്ഥിതിക പ്രസ്ഥാനത്തിന് ശക്തിയേകുന്നു. ഇത്തരം ഫെസ്റ്റിവലുകൾ വ്യത്യസ്തമായ കാഴ്ചകളാണ് അനുഭവവേദ്യമാക്കുന്നത്. ഷോർട്ഫിലിംസ്, ഡോക്കുമെന്ററികൾ, ആഖ്യാനങ്ങൾ എന്നിവയിലൂടെ കാലാവസ്ഥ വ്യതിയാനം, വന്യജീവി സംരക്ഷണം, മലിനീകരണം, സുസ്ഥിര വികസനം , എന്നിവ വിഷയമാക്കുന്നു.

പല ഫെസ്റ്റിവലുകളും വിദ്യാർത്ഥികളെയും സിനിമ നിർമ്മാതാക്കളെയും പൊതുജനങ്ങളെയും ലക്ഷ്യമിട്ടുകൊണ്ടുള്ള പഠനപദ്ധതികൾക്കും വഴിയൊരുക്കുന്നു . പ്രമുഖ പരിസ്ഥിതി പ്രവർത്തകരും ചലച്ചിത്ര പ്രവർത്തകരും തമ്മിലുള്ള സംവാദത്തിനും വിജ്ഞാനപ്രദമായ വർക് ഷോപ്പുകൾക്കും സെമിനാറുകൾക്കും പ്രാധാന്യം നൽകുന്ന പാഠ്യപദ്ധതിയാണിത് . പൊതു വെ മത്സരാധിഷ്ഠിതമായ ഇത്തരം മേളയിൽ
നിന്നും പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങൾക്ക് ഊന്നൽ നൽകുന്ന സിനിമകൾക്ക് അവാർഡ് നൽകുന്നു . അങ്ങനെ പരിസ്ഥിതി പ്രശ്നങ്ങളിലേക്ക് ഒരു പരിധി വരെ ജനശ്രദ്ധ ആകർഷിക്കാനും കഴിയുന്നു. സിനിമയ്ക്ക് പുറമെ ഫോട്ടോ പ്രദർശനം ,ആർട്ട് ഇൻസ്റ്റലേഷൻസ് എന്നിവയും സഹായിക്കുന്നു.

സ്പെയിനിലെ ബാഴ്സലോണയിൽ 1993 ൽ തുടങ്ങിയ ഫെസ്റ്റിവൽ ഇന്റർനാഷണൽ ഡി സിനിഡൽ മീഡിയ ആമ്പിയെന്റെ (FICMA) വൈവിധ്യമായ സിനിമകളിലൂടെ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കാൻ ലക്ഷ്യമിട്ട ഒരു പ്രധാന ചലച്ചിത്രോത്സവമാണ്.പാരിസ്ഥിതിക - സാംസ്കാരിക വിഷയങ്ങൾ ഉൾപ്പെടുത്തി പോർട്ടുഗലിലെ കുന്നിൻ മുകളിൽ സംഘടിപ്പിക്കുന്ന വാർഷിക ചലച്ചിത്രോത്സവം - സിനി ഇക്കോ എടുത്ത് പറയത്തക്ക മറ്റൊന്നാണ് .സ്പെയിനിലെ സരഗോസ ചലച്ചിത്ര മേള 2008 മുതലാണ് തുടങ്ങിയത് . പാരിസ്ഥിതിക സുസ്ഥിരതയും സാമുഹിക നീതിയും അധികരിച്ചുള്ളതായിരുന്നു ഇതിലെ സിനിമകൾ.ഇതും പൊതുജനങ്ങൾക്ക് വൈവിധ്യ പൂർണമായ ദൃശ്യ വിരുന്നും ചർച്ചകൾക്ക് ഇടവും നൽകി.

ജർമ്മനിയിലെ , എക്കൻഫോർഡ് -ഗ്രീൻ സ്ക്രീൻ അന്തർദേശീയ വന്യജീവി ചലച്ചിത്രോത്സവം യൂറോപ്പിലെ ഏറ്റവും വലിയ പ്രകൃതി ഫിലിം ഫെസ്റ്റിവൽ ആണ് . വനം, വന്യജീവി, പാരിസ്ഥിതിക പ്രശ്നങ്ങൾ ഇതിൽ ഉൾപ്പെടുത്തുന്നു. പ്രകൃതി ചൂഷണത്തിനെതിരെ ശക്തമായ കഥാ കഥനങ്ങളും ദൃശ്യാവിഷ്കാരങ്ങളും ജന ഹൃദയങ്ങളിൽ തറയ്ക്കുന്ന തരത്തിലുള്ളവയാണ് . റോമേനിയയിലെ ട്യുൽസിയാ - പെലികാം ഫെസ്റ്റിവൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് പ്രാധാന്യം നൽകുന്നു. വ്യത്യസ്തമായ സിനിമകളും വർഷോപ്പുകളും ചർച്ചകളും പ്രേക്ഷകരിൽ പ്രകൃതിബോധം ഊട്ടിയുറപ്പിക്കാൻ സഹായകമാകുന്നു. പോളണ്ടിലെ ക്രാക്കോ - ഗ്രീൻ ഫിലിം ഫെസ്റ്റിവൽ മുഖ്യമായും ഊന്നൽ നൽകുന്നത്. പരിസ്ഥിതി സംരക്ഷണവും ജൈവ സുസ്ഥിരതയുമാണ്.

ഇതിലൂടെ പ്രത്യേക പാക്കേജ് ഫിലിമുകൾ തിരഞ്ഞെടുത്ത് ജനങ്ങളെ ജാഗരൂകരാക്കുക യാണ് ലക്ഷ്യം. അൽബേനിയയിലെ ടിറാന യിൽ സംഘടിപ്പിക്കുന്ന എൻവിറോണ്മെന്റ് ഫിലിം ഫെസ്റ്റിവൽ ഇൻ അൽബേനി യ (EFFA) പാരിസ്ഥിതിക വിഷയങ്ങളി ൽ അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തിലുള്ളതാണ്. പ്രാദേശികവും അന്തർദേശീയവുമായ പാരിസ്ഥിതിക വിഷയങ്ങൾക്ക് ഇവിടെ ഊന്നൽ നൽകുന്നു.

ഹംഗറിയിലെ ഗോഡോളോ ഫിലിം ഫെസ്റ്റിവൽ പ്രകൃതിയുടെ ചേതോഹര കാഴ്ചകളെയും വൈവിധ്യത്തെയും കാഴ്ചക്കാരിൽ എത്തി ക്കുന്നതിനോടൊപ്പം പരിസ്ഥിതിയും വന്യ ജീവികളും നേരിടുന്ന വെല്ലുവിളികളെയും ഓർമിപ്പിക്കുന്നു. മത്സര വിഭാഗവും എക്സി ബിഷനുകളും , പാഠ്യപഠന പദ്ധതികളും ഇതോടൊപ്പം നടത്തുന്നു. സൗത്ത് കൊറി യയിലെ സിയോൾ ഗ്രീൻ ഫിലിം ഫെസ്റ്റിവൽ (ഏഎഎകട) 2004 ൽ ആണ് തുടങ്ങിയത്. വൈവിധ്യപൂർണമായ ഹ്രസ്വ ചിത്രങ്ങളിലൂ ടെയും അനിമേഷൻ ചിത്രങ്ങളിലൂടെയും വിപുലമായ സിനിമകളിലൂടെയും പാരിസ്ഥി തിക പ്രശ്നങ്ങൾ ജനശ്രദ്ധ യിൽ കൊണ്ടു വരിക എന്നതാണ് ഇതിന്റെയും ലക്ഷ്യം.

മലേഷ്യയിലെ കോലാലംപൂർ ഇക്കോ ഫിലിം ഫെസ്റ്റിവൽ (KLEFF) 2008 ലാണ് ആരംഭിച്ചത് . മലേഷ്യയിലെ ഏറ്റവും വലിയ ഈ ഫെസ്റ്റി വലിൽ പ്രകൃതി സംരക്ഷണം , സുസ്ഥിര ജീവനം എന്നിവക്ക് പ്രാധാന്യം നൽകുന്നു . ന്യൂഡൽഹിയിലെ ഡൽഹി പാരിസ്ഥിതിക ചലച്ചിത്രോത്സവം , ഇന്ത്യയിലെ എടുത്ത് പറയത്തക്ക ചലച്ചിത്രോത്സവങ്ങളിൽ ഒന്നാണ്. ഇത് ഇന്ത്യയുടേയും സമീപ ഭൂഖണ്ഡങ്ങളുടെ യും പാരിസ്ഥിതിക പ്രശ്നങ്ങളെ ആഗോള തലത്തിൽ ചർച്ചക്ക് വിഷയമാകുന്നു.

അതുപോലെ ഇന്ത്യയിലെ മുംബൈ ഇന്റർനാ ഷണൽഎൻവിറോണ്മെന്റൽ ഫിലിം ഫെസ്റ്റി വലും പ്രാധാന്യമുള്ളതാണ്. ഇത് പ്രകൃതി സം രക്ഷണം,കാലാവസ്ഥാ വ്യതിയാനം, സുസ്ഥിര വികസനം തുടങ്ങിയവ ലക്ഷ്യമിടുന്നു. ജപ്പാനിലെ ടോക്കിയോവിൽ നടക്കുന്ന ടോക്കിയോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റി വൽ ന്റെ ഭാഗമായ നാച്ചുറൽ TIFF പരിസ്ഥിതി - പ്രകൃതി സംബന്ധമായ പ്രമേയങ്ങളിലൂടെ ജന തയിൽ ഒരു ജൈവ അവബോധം സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ചൈനയിലെ ബെയ്ജിങ്ങിൽ നടത്തുന്ന ചൈന ഇന്റർനാഷണൽ ഗ്രീൻ ഫിലിം വീക്ക് ലക്ഷ്യമാക്കുന്നത് , പരിസ്ഥിതി സംരക്ഷണവും ജൈവിക സംസ്കാര സംരക്ഷണവും ആണ്. സിനിമ പ്രദർശനം മറ്റ് അനുബന്ധ പരിപാടികൾ എന്നിവയി ലൂടെ പൊതു ജനത്തെ പ്രകൃതിയെ കുറിച്ച് ബോധവാന്മാർ ആക്കുന്നു.

നൈജീരിയയിലെ ലാഗോസ് ൽ നടത്തുന്ന ഇക്കോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ (EKOIFF)ഏഷ്യ ഉൾപ്പടെയുള്ള ഭൂഖണ്ഡങ്ങളുടെ പാരിസ്ഥിതിക പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്നു. ഒരു ആഫ്രിക്കൻ ഫിലിം ഫെസ്റ്റിവൽ ആണെങ്കിൽ പോലും ഏഷ്യൻ ഭൂഖണ്ഡങ്ങ ളുടെ വിഷയങ്ങളും ഇവിടെ ചർച്ച വിഷയമാ കുന്നുണ്ട്.

ദക്ഷിണാഫ്രിക്കയിലെ കേപ്പ് ടൌൺ ൽ സംഘ ടിപ്പിക്കുന്ന എൻവിറോ ഫെസ്റ്റ് ഈ മേഖലയി ൽ പ്രധാനമാണ് . പരിസ്ഥിതി സംരക്ഷണം , സുസ്ഥിര വികസനം എന്നിവ ഇവിടെ മുഖ്യവിഷയം തന്നെ . ആഫ്രിക്കയിലെ (AEFF) ആഫ്രിക്കൻ എൻവിറോണ്മെന്റല് ഫിലിം ഫെസ്റ്റി വൽ ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിൽ പര്യടനം നടത്തി പരിസ്ഥിതി വിഷയം കൈ കാര്യം ചെയ്യുന്ന സിനിമകൾ വ്യത്യസ്ത പ്രേക്ഷക വിഭാഗങ്ങളിൽ എത്തിക്കുന്നു.

കാലാവസ്ഥാ വ്യതിയാനം, വന്യജീവി സം രക്ഷണം, സുസ്ഥിര വികസനം എന്നിവയെ സംബന്ധിച്ചു ജനതയെ ബോധവൽക്കരിക്കാൻ ഇത് സഹായി ക്കുന്നു. നൈജീരിയയിലെ ലാ ഗോ സിൽ സംഘടിപ്പിക്കുന്ന ചലച്ചിത്ര മേള വ്യാപ്തിയേറിയ ഒരു ഫിലിം ഫെസ്റ്റിവൽ ആണ്.

പാരിസ്ഥിതിക വിഷയങ്ങളെ ലക്ഷ്യമിടുന്ന ഈ ഫെസ്റ്റിവൽ പാരിസ്ഥിതിക സുസ്ഥിരത, സാമൂഹിക നീതി, സംരക്ഷണ ശ്രമങ്ങൾ എന്നിവയെ തുറന്നു കാട്ടുന്നു.ദക്ഷിണ ആഫ്രിക്കയിലെ ജൊഹാന്നസ്ബർഗിൽ നടത്തുന്ന ജോസി ഫെസ്റ്റിവൽ ആഫ്രിക്ക യുടെയും അതിനോട് ചേർന്നുള്ള വൻകരകളു ടെയും പാരിസ്ഥിതിക പ്രശ്ന ങ്ങളെ ഉയർത്തിക്കാട്ടുന്നു . വൈവിധ്യപൂർ ണ്ണമായ കലയുടെയും സംസ്കാരത്തിന്റെയും മേളയായ ടാൻസാനിയയിലെ സൻസിബാർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലെ - എൻവിറോണ്മെന്റൽ സെക്ഷൻ പാരിസ്ഥിതിക സിനിമകളിലൂടെ ആ മേഖലകളിലെ വെല്ലു വിളികളെയും പരിഹാര മാർഗ്ഗങ്ങളെയും ഉയർത്തി കൊണ്ടുവരാൻ ശ്രമിക്കുന്നു.

അതുപോലെ തന്നെ ദർബാനിലെ ഫെസ്റ്റിവലും പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള അവബോധത്തെ പ്രേക്ഷക രിൽ ജനിപ്പിക്കുന്നു. ഈജിപ്തിലെ ലെക്സർ ആഫ്രിക്കൻ ഫിലിം ഫെസ്റ്റിവലിലെ (LAFF) പരിസ്ഥിതി ചിത്രങ്ങൾ പരിസ്ഥിതി സംബ ന്ധമായ വിഷയങ്ങളെ ചർച്ചചെയ്യാൻ അവ സരമൊരുക്കുന്നു .

ചുരുക്കത്തിൽ രാജ്യ - ദേശ -ഭാഷാ ഭേദമില്ലാതെ, യൂറോപ്പ് - ഏഷ്യ - ആഫ്രിക്ക ഭൂഖണ്ഡങ്ങളിലെ എല്ലാ ഫെസ്റ്റിവലുകളും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മന സിലാക്കി , അതിന്റെ വക്താക്കളായി, സിനിമ എന്ന മാധ്യമത്തിലൂടെ ജനതയെ ബോധവാ ന്മാരാക്കാനാണ് ശ്രമിക്കുന്നത്. ●


(Courtesey : Forest Dept.)

ഫിലിം വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# നോർത്ത് അമേരിക്കയിലെയും സൗത്ത് അമേരിക്കയിലെയും പരിസ്ഥിതി സിനിമ



വിനോദ് കുമാർ. പി,
(ഫിൽക്ക)

പ്രകൃതിദൃശ്യങ്ങളുടെ വൈവിധ്യത്താൽ പരിസ്ഥിതിയും സിനിമയും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. സിനിമകളിലെ പരിസ്ഥിതി വിഷയങ്ങളുടെ അവതരണം പ്രേക്ഷകരിൽ അവയോടുള്ള അവബോധം വളർത്തുന്നതിലും പരിസ്ഥിതി സ്നേഹം നില നിർത്തുന്നതിനും സഹായിക്കുന്നു. ഡോക്യുമെന്ററികൾ മുതൽ സയൻസ് ഫിക്ഷൻ വരെ വിവിധ വിഭാഗങ്ങളിലൂടെ പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു നീണ്ട ചരിത്രമാണ് സിനിമയ്ക്കുള്ളത് .

1922 – ൽ റോബർട്ട് ഫ്ലാഹർട്ടി സംവിധാനം ചെയ്ത ' നാനൂക് ഓഫ് ദി നോർത്ത് ' എന്ന ഡോക്യുമെന്ററി സിനിമയിൽ നിന്നും പ്ലേഗ് മഹാമാരി പടർന്നു പിടിച്ചത് പാരിസ്ഥിതിക വിഷയമായി കണക്കാക്കാമെങ്കിൽ ഇംഗ്മർ ബർഗ്മാൻ സംവിധാനം ചെയ്ത ' സെവൻത് സീൽ ( ഏഴാം മുദ്ര ) 'ൽ നിന്നും തുടങ്ങാം. വോൾക്കർ ഷോളൻഡ്രോഫിന്റെ ' അഗിരെ: ദി റാത്ത് ഓഫ് ഗോഡ് ' , 'ഫിറ്റ്സ് കരാൾഡോ ' എന്നീ സിനിമകളും പരിസ്ഥിതി – ആവാസ വ്യവസ്ഥ വിഭാഗത്തിൽ ഉൾപ്പെടുത്താം. പരിസ്ഥിതിയെ പ്രതീകമാക്കിക്കൊണ്ടുള്ള നിരവധി സിനിമകൾ നമുക്ക് മുന്നിലുണ്ട്.

"An Inconvenient Truth ' (2006): അൽ ഗോറിന്റെ ഈ ഡോക്യുമെന്ററി കാലാവസ്ഥാ വ്യതിയാനത്തെ പൊതുബോധത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവന്നു. "Our Planet " (2019) പ്രകൃതിയുടെ മനോഹാരിത ഉയർത്തിക്കാട്ടുന്ന ഒരു പ്രകൃതി ഡോക്യുമെന്ററി പരമ്പരയാണ്. "Mad Max: Fury Road" : (2015): വെള്ളവും ഇന്ധനവും ദുർലഭമായ ഒരു പോസ്റ്റ്-അപ്പോക്കലിപ്റ്റിക് ലോകത്തെ ചിത്രീകരിക്കുന്നു. "Blade Runner 2049' (2017): പരിസ്ഥിതി നശീകരണവും പരിസ്ഥിതിയിൽ സാങ്കേതികവിദ്യയുടെ സ്വാധീനവും അന്വേഷിക്കുന്നു. ഊർജ ഉപഭോഗം, മാലിന്യ പ്രശ്നം , കാർബൺ പുറന്തള്ളൽ എന്നിവ ഉൾപ്പെടെ പലവിധ സാമൂഹിക വിഷയങ്ങൾ സിനിമകളുടെ നിർമ്മാണത്തിൽ ശ്രദ്ധേയമായിട്ടുണ്ട് .

അവബോധം വളർത്തുന്നതിലും സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിലും ദൃശ്യമാധ്യമം എന്ന നിലയിൽ സിനിമയ്ക്ക് വലിയ പങ്കുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങളിൽ പൊതുബോധം രൂപപ്പെടുത്താനും പ്രവർത്തനത്തിന് പ്രചോദനം നൽകാനും സിനിമകൾക്ക് ശക്തിയുണ്ട്. സിനിമകൾക്കും ഡോക്യുമെന്ററികൾക്കും പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും അവയുടെ കാരണങ്ങളെക്കുറിച്ചും പരിഹാരങ്ങളെക്കുറിച്ചും പ്രേക്ഷകരെ ബോധവത്കരിക്കാനാകും. 'The 11 hour ' (2007), "Before flood" (2016) തുടങ്ങിയവ ഉദാഹരണം. ഇവ രണ്ടും കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും നടപടിക്ക് വേണ്ടി വാദിക്കുകയും ചെയ്യുന്നു.

പരിസ്ഥിതി സിനിമകൾക്ക് അന്താരാഷ്ട്ര ചലച്ചിത്ര വേദികൾ അനിവാര്യമാണ്. നമ്മുടെ ഗ്രഹം അഭിമുഖീകരിക്കുന്ന നിർണായക വെല്ലുവിളികൾ അഭിസംബോധന ചെയ്യുന്നതിനും ചലച്ചിത്ര പ്രവർത്തകരെയും ആക്ടിവിസ്റ്റുകളെയും വിദഗ്ധരെയും പ്രേക്ഷകരെയും ഒരുമിച്ച് കൊണ്ടുവരുത്തുന്നതിനും ശ്രദ്ധേയമായ കഥകളും നൂതനമായ പരിഹാരങ്ങളും പ്രദർശിപ്പിക്കുന്നതിലൂടെ, ഈ പരിസ്ഥിതി മേളകൾ ആഗോള പരിസ്ഥിതി പ്രസ്ഥാനത്തിന് ഗണ്യമായ സംഭാവന നൽകുന്നു.

പരിസ്ഥിതി ഫിലിം ഫെസ്റ്റിവൽ (DCEFF), വാഷിംഗ്ടൺ, ഡി.സി., യുഎസ്എ. 1993-ൽ സ്ഥാപിതമായ ഒന്നാണ് . DCEFF ലോകത്തിലെ ഏറ്റവും വലുതും ദൈർഘ്യമേറിയതുമായ പരിസ്ഥിതി ചലച്ചിത്ര മേളയാണ് . വൈവിധ്യമാർന്ന പാരിസ്ഥിതിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഡോക്യുമെന്ററികൾ, വിവരണങ്ങൾ, ഹ്രസ്വചിത്രങ്ങൾ എന്നിവ ഇതിൽ അവതരിപ്പിക്കപ്പെടുന്നു.

പ്ലാനറ്റ് ഇൻ ഫോക്കസ് ഇന്റർനാഷണൽ എൻവയോൺമെന്റൽ ഫിലിം ഫെസ്റ്റിവൽ, ടൊറന്റോ, കാനഡ - 1999-ൽ ആരംഭിച്ചതാണ്. ഈ ഫെസ്റ്റിവൽ കാനഡയിലെ പ്രമുഖ പരിസ്ഥിതി ചലച്ചിത്രമേളയാണ്. പാരിസ്ഥിതി ക, സാമൂഹിക നീതി പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന സിനിമകൾ ഇത് പ്രദർശിപ്പിക്കുന്നു. ഇത് ചലച്ചിത്ര പ്രവർത്തകർക്കും ആക്ടിവിസ്റ്റുകൾക്കും ഒരു വേദി നൽകുന്നു.

വൈൽഡ് & സീനിക് ഫിലിം ഫെസ്റ്റിവൽ, നെവാഡ സിറ്റി, കാലിഫോർണിയ, യുഎസ്എ. അതിമനോഹരമായ ലൊക്കേഷനുകൾക്കും ശക്തമായ കഥപറച്ചിലിനും പേരുകേട്ട ഈ ഫെസ്റ്റിവൽ, ആക്ടിവിസത്തെ പ്രചോദിപ്പിക്കുന്നതും പ്രകൃതിയുടേയും ലോകത്തിന്റെയും സൗന്ദര്യവും ദുർബലതയും ഉയർത്തിക്കാട്ടുന്നതുമായ സിനിമകൾക്ക് ഊന്നൽ നൽകുന്നു.

യു.എസ്.എ.യിലെ ന്യൂ ഹാവൻ, കണക്റ്റിക്കട്ട്, യേൽ, എൻവയോൺമെന്റൽ ഫിലിം & ആർട്ട്സ് ഫെസ്റ്റിവൽ വിവിധ പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സിനിമകളും വിദഗ്ധരുമായുള്ള ചർച്ചകളും അവതരിപ്പിക്കുന്നു, . ഗ്രീൻ ഫിലിം നെറ്റ്വർക്ക് (GFN). ലോകമെമ്പാടുമുള്ള പരിസ്ഥിതി ചലച്ചിത്രമേളകളുടെ ഒരു ശൃംഖലയാണ് ഏഎച. പാരിസ്ഥിതിക ചലച്ചിത്രനിർമ്മാണത്തെ പിന്തുണയ്ക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഫെസ്റ്റിവലുകൾക്കിടയിൽ സഹകരണം സുഗമമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

തസ്വീർ സൗത്ത് ഏഷ്യൻ ഫിലിം ഫെസ്റ്റിവൽ (TSAFF), സിയാറ്റിൽ, യുഎസ്എ, - ഒരു പരിസ്ഥിതി ചലച്ചിത്രമേള മാത്രമല്ല, ദക്ഷിണേഷ്യയെ ബാധിക്കുന്ന പാരിസ്ഥിതികവും സാമൂഹികവുമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന സിനിമകൾക്ക് പലപ്പോഴും പ്രാധാന്യം കൊടുക്കുന്നു .

ദക്ഷിണേഷ്യൻ ചലച്ചിത്ര പ്രവർത്തകർക്ക് അവരുടെ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും വിവിധ വിഷയ ങ്ങളിൽ അവബോധം വളർത്തുന്നതിനുമുള്ള ഒരു വേദിയായി ഇത് പ്രവർത്തിക്കുന്നു.

ഫെസ്റ്റിവൽ ഇന്റർനാഷണൽ ഡി സിനി ആംബിയന്റൽ (ഫിൻക), ബ്യൂണസ് ഐറിസ്, അർജന്റീന. - പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്താനും സിനിമയിലൂടെ സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിടുന്നു. വൈവിധ്യമാർന്ന പാരിസ്ഥിതിക വിഷയങ്ങളെ അഭിസംബോധന ചെയ്യുന്ന ഡോക്യുമെന്ററികൾ, ഷോർട്ട്സ്, ഫീച്ചർ ഫിലിമുകൾ എന്നിവ ഫെസ്റ്റിവലിൽ അവതരിപ്പിക്കുന്നു.

ഫെസ്റ്റിവൽ ഡി സിനി വെർഡെ ഡി ബാരിചാര , ബരിചാര, കൊളംബിയ. പാരിസ്ഥിതിക അവബോധവും സുസ്ഥിര പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്ന സിനിമകൾക്കാണ് ഇത് ഊന്നൽ നൽകുന്നത്. പരിസ്ഥിതി സംരക്ഷണത്തിൽ പ്രാദേശിക സമൂഹത്തെ ഉൾപ്പെടുത്തുന്ന വൈവിധ്യമാർന്ന ചലച്ചിത്ര പ്രദർശനങ്ങൾ, ശിൽപശാലകൾ, പ്രവർത്തനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. Ecofalanലേ പരിസ്ഥിതി ഫിലിം ഫെസ്റ്റിവൽ, സാവോ പോളോ, ബ്രസീൽ. ബ്രസീലിലെ ഏറ്റവും പ്രധാനപ്പെട്ട പാരിസ്ഥിതിക ചലച്ചിത്ര മേളകളിലൊന്നാണ് ഇക്കോഫലാന്റേ. പാരിസ്ഥിതികവും സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ പര്യവേക്ഷണം ചെയ്യുന്ന സിനിമകൾ ഇത് അവതരിപ്പിക്കുന്നു,

പ്രേക്ഷകർക്കിടയിൽ പ്രവർത്തനത്തെ ബോധവൽക്കരിക്കാനും പ്രചോദിപ്പിക്കാനും ലക്ഷ്യമിടുന്നു.ഫെസ്റ്റിവൽ ഇന്റർനാഷണൽ ഡി സിനി ഡി മീഡിയോ ആംബിയെന്റെ (FICMA) , മെക്സിക്കോ സിറ്റി, മെക്സിക്കോ.

പരിസ്ഥിതി സംരക്ഷണം, സുസ്ഥിരത, പാരിസ്ഥിതിക അവബോധം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സിനിമകൾക്കായി എകജഉങ്ങഅ സമർപ്പിക്കുന്നു. മേളയിൽ നിരവധി ചലച്ചിത്ര വിഭാഗങ്ങൾ ഉൾപ്പെടുന്നു, കൂടാതെ പരിസ്ഥിതി വിഷയങ്ങളെക്കുറിച്ചുള്ള സംഭാ ഷണങ്ങൾ
പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഫെസ്റ്റിവൽ ഇന്റർനാഷണൽ ഡി സിനി ആംബിയന്റൽ (FINCARD), ഡൊമിനിക്കൻ റിപ്പബ്ലിക്. സിനിമയിലൂടെ പരിസ്ഥിതി അവബോധം വളർത്തുകയാണ് ഫിൻകാഡ് ലക്ഷ്യമിടുന്നത്.

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഡോക്യുമെന്ററികൾ, ഹ്രസ്വ ചിത്രങ്ങൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവ ഫെസ്റ്റിവലിൽ അവതരിപ്പിക്കുന്നു. ഇവ കൂടാതെ നിരവധി സംഘടനകളും വിദ്യാ ഭ്യാസ സ്ഥാപനങ്ങളും നോർത്ത് അമേരിക്ക യിലും സൗത്ത് അമേരിക്കയിലും എൻവയോൺ മെന്റൽ - ഇക്കോളജിക്കൽ ചലച്ചിത്ര നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.



ഫിലിം വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റയിനബിൾ ഡെവലപ്പ്മെന്റ് ആൻഡ് ഗവേണൻസ്



അനിൽകുമാർ. പി. വൈ.
(Programme Cordinator - ISDG)

പൊതുനയ രൂപീകരണത്തിലും ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യം സാധ്യമാക്കുന്നതിനുമായി പഠനം, പരിശീലനം, ഗവേഷണം, അഭിപ്രായ രൂപീകരണം തുടങ്ങിയ വിഷയ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനയാണ് ISDG എന്ന ചുരുക്കെഴുത്തിൽ അറിയുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റയിനബിൾ ഡെവലപ്പ്മെന്റ് ആൻഡ് ഗവേണൻസ്.

കഴിഞ്ഞ 12 വർഷങ്ങളായി തിരുവനന്തപുരം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ISDG, സുസ്ഥിര വികസന ലക്ഷ്യ വിഷയമേഖലയായ പരിസ്ഥിതി,കാലാവസ്ഥാ വ്യതിയാനം, ലിംഗ സമത്വം, നഗരാസൂത്രണം, പഞ്ചായത്തീരാജ് എന്നീ മേഖലകളിൽ വിവിധ കർമ്മപരിപാടികൾ നടപ്പിലാക്കി വരുന്നു.

2018- ലെ വെള്ളപ്പൊക്ക ദുരന്തത്തിൽ അന്താരാഷ്ട്ര സംഘടനയായ പ്ലാൻ ഇന്റർനാഷണലിന്റെ സഹകരണത്തോടെ പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം ജില്ലകളിൽ പതിനായിരത്തിലധികം കുടുംബങ്ങൾക്ക് സാമൂഹിക പുനരധിവാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 500 വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കുവേണ്ട പരിശീലനവും സംരംഭങ്ങളും തുടങ്ങുവാനുള്ള അടിസ്ഥാന സൗകര്യം എന്നിവ തരപ്പെടുത്തി നൽകിയിട്ടുണ്ട്.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശിക വൽക്കരണത്തിൽ വിദ്യാർത്ഥികൾ, യുവാക്കൾ എന്നിവർക്കായി ഇന്റേൺഷിപ് പരിശീലനം ISDG യുടെ പ്രധാന പ്രവർത്തനമാണ്. ഇതിലൂടെ യുവാക്കളിൽ സാമൂഹിക വികസന പ്രവർത്തനങ്ങളിൽ തൽപ്പരരാക്കുകയാണ് ലക്ഷ്യം. പഞ്ചായത്തീരാജ് സ്ഥാപനങ്ങളിൽ ഗ്രാമസഭ, വാർഡ്സഭ, വാർഡ് കമ്മിറ്റികൾ ശാക്തീകരിക്കുവാൻ പൗരസമൂഹത്തെ സജ്ജമാക്കുവാനുള്ള പരിശീലനകേന്ദ്രംകൂടിയാണ് ISDG.

കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകൾ പഠിച്ച് നിരീക്ഷണങ്ങളിലൂടെ സമയബന്ധിതമായി പട്ടികജാതി-വർഗ മേഖലയിൽ ബഡ്ജറ്റ് വിഹിതം ചെലവഴിക്കുന്ന രീതികൾ വിശകലനം ചെയ്തുവരുന്നു. ISDG യുടെ മറ്റൊരു പരിശീലന കേന്ദ്രമാണ് അടൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ബോധിഗ്രാം. ഇവിടെ 100 പേർക്ക് താമസിച്ച പരിശീലനം നൽകുവാനുള്ള സംവിധാനമുണ്ട്.

2024 പരിസ്ഥിതിദിനാചാരണത്തിന്റെ ഭാഗമായി FILCA film society -യുമായി സഹകരിച്ചുകൊണ്ട് സംഘടിപ്പിച്ചിരിക്കുന്ന പരിസ്ഥിതി ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഇക്കുറി സംഘടിപ്പിച്ചു. മത്സരം-മത്സരേതര വിഭാഗങ്ങളിലായി 14 ചിത്രങ്ങൾ തെരെഞ്ഞെടുത്തു.മത്സര വിജയികൾക്ക് എകഘഇഅ പരിസ്ഥിതി ചലച്ചിത്ര മേളയിൽ 23 ന് പുരസ്കാരങ്ങൾ നൽകും.

(Courtesey : Forest Dept. )



ഫിലിം വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി





മലയാള സിനിമ

# ആദച്ചായി - പശ്ചിമഘട്ട പരിസ്ഥിതി പ്രശ്നങ്ങളിലേക്കുള്ള ചൂണ്ടുവിരൽ

**കുട്ടനാട്ടിലെ ഒരു കർഷക കുടുംബത്തിൽ ജനിച്ചു വളർന്ന ആദചായിയുടെ മകൻ കൃഷി ഓഫീസർ ആയി വന്ന് കിഴക്കൻ മലനിരകളെ, പശ്ചിമ ഘട്ടത്തെ, തന്റെ പോറ്റമ്മയായി കാക്കുന്ന കഥാസഞ്ചാരം ..**

പ്രകൃതിവിഭവ സമ്പത്തും ജീവജാലവും ഏതാനും ചൂഷകർക്കുള്ളതല്ലെന്നും അത് എല്ലാവർക്കും അതിജീവിക്കാനുള്ളതാണെന്നും അതിനെ നശിപ്പിക്കാനുള്ള അധികാരം ആർക്കുമില്ലെന്നും ഉള്ള സന്ദേശമാണ് ആദിച്ചായി എന്ന സിനിമ മുന്നോട്ടു വെയ്ക്കുന്നത് . പശ്ചിമഘട്ട സംരക്ഷണം കർശനമായി നടപ്പാക്കാൻ, സുപ്രീം കോടതിയുടെ മേൽ നോട്ടത്തിൽ , റിട്ടയേർഡ് ജഡ്ജി ത്രിപാഠിയുടെ അധ്യക്ഷതയിൽ ഒരു സമിതിയുണ്ടാകുന്നു. ചെയർപേഴ്സൺ ചാന്ദ്നി നിർമ്മൽ. ആ ദൗത്യം നിർവഹിക്കാൻ നിയോഗിതനായത് കുട്ടനാട്ടുകാരൻ കൃഷിഓഫീസർ അഖിൽ ആദം.

കുട്ടനാട്ടിലെ കർഷകനായ ആദച്ചായി യുടെ മകനാണ് അഖിൽ. മണ്ണിൽ അന്നം വിളയിക്കുന്ന കർഷകനാണ് ഏറ്റവും വലിയ ജോലിക്കാരൻ എന്ന് അഖിൽ വിശ്വസിക്കുന്നു. അയാൾ കുട്ടനാടൻ മനസ്സറിഞ്ഞവനാണ് . അത് ചാന്ദ്നിക്കും അറിയാം .അയാൾ സഹപ്രവർത്തകനായ ചിത്രഭാനുവുമൊത്ത് മഴനിലാക്കുന്ന് എന്ന ഗ്രാമത്തിലെത്തുന്നു.

പ്രകൃതിചാരുതയോട് ഇണങ്ങി ജീവിക്കുന്ന ആളാണ് മൈത്രേയൻ. മകൾ മൈഥിലി. ഖനന മാഫിയക്കാരായ ഗോമസ് തരകനോ ടും ഷൺമുഖത്തോടും എതിർപ്പുള്ള ആളാണ് മൈത്രേയൻ. അഖിൽ മൈത്രേയനുമായി പരിസ്ഥിതി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു. അഖിലും മൈഥിലിയും ഒന്നിച്ചുള്ള യാത്രയിൽ അവിടെ പലരെയും കണ്ടുമുട്ടുന്നു. കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത മാധവന്റെ കഥ കേട്ടു. ഇടവക വികാരി ഫാദർ അഗസ്റ്റിൻ അനുഭവങ്ങൾ പങ്കു വെച്ചു.



ചാന്ദ്നിക്കൊപ്പം ഗവേഷണത്തിന് വന്ന ശ്രീനന്ദ , ഗ്രാമി ഫിലിപ്പ് എന്നിവരും അഖിലിനൊപ്പം ചേർന്നു. വൃക്ഷത്തെ പരിചരിക്കുന്നവർക്കിടയിൽ അഖിലും കൂട്ടരും കൂടുന്നു. ഖനന മാഫിയ പരിസ്ഥിതി സംരക്ഷകരെ കുറിച്ച് കർഷകരെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട് . ഭൂമി കൈക്കലാക്കുകയാണ് മാഫിയയുടെ ലക്ഷ്യം.

ഇതിനെതിരെ അഖിലും കൂട്ടരും കർഷകർക്കിടയിൽ പ്രവർത്തിക്കുന്നു ...
ഡോ. ബിനോയ്. ജി. റസൽ ആണ് രചനയും സംവിധാനവും നിർവഹിച്ചത്.
ജെ. ജെ. പ്രൊഡക്ഷൻസിന്റെ ബാനറിൽ സിജി ജോസഫ് ആണ് നിർമ്മാതാവ്. തിരക്കഥ - സുനി ൽ . കെ. ആനന്ദ്. ക്യാമറ - സുനിൽ. കെ . എസ്. എഡിറ്റിംഗ് - സുബിൻ കൃഷ്ണ. ഗാനരചന - മങ്കൊമ്പ് ഗോപാലകൃഷ്ണൻ, സുനി ൽ, വർക്കല.ജി.ആർ. എഡ്വിൻ, ഡോ. ഫിലിപ്പോസ് ജോഷ്വ. സംഗീതം - ഡോ. ജേജി ജോഷ്വ ഫിലിപ്പോസ് , വർക്കല. ജി. ആർ. എഡ്വിൻ.


AADACHAYI
ശാഢ്ശിലാണ് ശരി...
JJ PRODUCTIONS
ആടച്ചായി
STORY & DIRECTION DR. BINOY G RUSSEL
SCRIPT SUNIL K ANAND DOP SUNIL K.S. EDITING SUBIN KRISHNA PRODUCER SIJI JOSEPH


Nature Film Festival 2024
Organised by :
Wildlife Division &
Forest Development Agency
Peechi
In Collaboration with :
Federation Of Film Societies of India [FFSI]
& Kerala State Film Development Corporation
Theme
Our Land, Our Future
No of Films / 22
Venue : Nature Education Centre, Peechi
Date : 06-06-2024 & 07-06-2024
Films : National & International Feature Films & Documentaries
PEECHI WILDLIFE DIVISION




06/06/2024
Duration : 01 : 15 min
Dir : Joo Peter

The last indigenous people of Mentawai, a small archipelago south-west of Sumatra, are fighting with creative resistance to preserve their ancient culture and rainforest. A culture on the verge of extinction - with the latest geopolitical developments, the destruction of their habitat reaches the point of no return. Smashing the hopes of thirty years of democratization in Indonesia, Jakarta in relapse to authoritarian rule is enforcing deforestation in Mentawai.




With the destruction of elephant forests in Assam and the expansion of the human population, human-elephant conflict has massively increased – resulting in mortalities on both sides. This inspiring and informative documentary showcases the efforts of the non-profit organisation Hati Bondhu to save the lives of these majestic, intelligent animals, and help the farmers' rice harvest prosper, stopping the conflict between the two.




06 / 06 / 2024
Duration : 01 min
Dir : Prabu Mens Sana

This one-minute Nature awareness short film portrays the value of Biodiversity & Water. Manju Warrier- the leading actor in South Indian film industry promotes the conservation values of Nature & Wildlife.




Renowned actor Leonardo DiCaprio meets with scientists, activists and world leaders to discuss the dangers of climate change and possible solutions. The Documentary bagged many international awards including Documentary of the year 2016 in Hollywood film awards

ഫിലിം വിഷൻ
filca
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി






## PUNARJEEVANAM

06 / 06 / 2024 Duration : 11 min Dir : Prabu Mens Sana

The documentary portrays the antient food culture of Muthuvan Tribe of Anchunadu Valley of Southern Western Ghats and how the ethnic millets in the landscape have been restored through the Project named "Punarjeevanam" during 2016-2019




## MOVING UPSTREAM GANGA

06 / 06 / 2024 Duration : 105 min Dir : Sridhar Sudhir

The 'Moving Upstream: Ganga' documentary was filmed over 6 months on a 3000 km walk along River Ganga in India. This documentary explores the idea of walking, people's responses to a walking traveller in this fast-paced era and an evolving relationship with the natural world. It does this while also amplifying the voices and concerns of the riparian community.




## CORAL WOMAN

Nature Film Festival 2024

06 / 06 / 2024
Duration : 52 min
Dir : Priya Thuvassery

This is a filmmaker's journey with Uma, a certified scuba diver, exploring the underwater world & the threat to coral reefs of Gulf of Mannar, India.
Born in a traditional family in Tamil Nadu 53 years old Uma, a homemaker, has been trying to bring attention to this alarming environmental issue through her paintings.
It is, in fact, these corals that inspired Uma to learn how to swim, dive & paint in her 50s




## SUBMERGED

Nature Film Festival 2024

06 / 06 / 2024
Duration : 24 min
Dir : Nishtha Jain

Every year during monsoons, the rivers flowing through Bihar submerge over 60 per cent of the state under water. Since the construction of a spate of dams and barrages across the state in the past few decades, the rivers have started to silt and the spill-over water washes away entire villages. In most cases, without any warning. In July 2016, in the wake of rising water levels, panicking villagers cut away a portion of a mud dam, leading to a torrential burst of water that inundated hundreds of villages downstream. With houses and crops destroyed, the film moves through the submerged landscape of the people affected by the most devastating flood in Bihar since 2008.

ഫിലിം വിഷൻ

Eco Terra Environment Film Festival

Published by Filca Film Society

KSFDC കേരള ഭാഗ്യക്കുറി






നാസിക Nature Film Festival 2024

## HOME

06 / 06 / 2024
Duration : 93.00 min
Dir : Yann Arthus-Bertrand

With aerial footage from fifty-four countries, 'Home' is a depiction of how Earth's problems are all interlinked.

PEECHI WILDLIFE DIVISION




## FANTASTIC FUNGI

07 / 06 / 2024 Duration : 80 min Dir : Louie Schwartzberg

Fantastic Fungi is a 2019 American documentary film. The film combines time-lapse cinematography, CGI, and interviews in an overview of the biology, environmental roles, and various uses of fungi. The film features interview segments with Paul Stamets and Michael Pollan, and is narrated by Brie Larson.




നാസിക Nature Film Festival 2024

## MAALI

07 / 06 / 2024
Duration : 12.04 min
Dir : Pranav

Purple frog [ Nasikabatrachus Sahyadrensis ] is an evolutionary distinct and one of the oldest frog lineages that holds the past 120 million years of earth history. Maali [ Cascade of forest streams] beautifully portrays the life cycle and coexistence of purple frogs through indigenous knowledge and cultural narrative of Urali Tribes of Idukki District, Kerala.




## BESETZT - LOBAU BLEIBT

07 / 06 / 2024 Duration : 30 min
Dir : Gerald Baumann, Aron Ebner, Matteo Molina

The 30min cinema verite documentary is about climate activists that occupied several construction sites in Vienna, Austria for almost a year to stop the construction of two highways, crossing the nature reserve Lobau.
The documentary gives an unfiltered view on how the daily life of an activist looks like and what few individuals can achieve in an extreme situation like an occupation.

ഫിലിം വിഷൻ
filca

Eco Terra Environment Film Festival
Published by Filca Film Society

KSFDC
കേരള ഭാഗ്യക്കുറി






## PIBLOKTO

07 / 06 / 2024
Duration : 37:49 min
Dir : Anastasia Shubina, Timofey Glinin

On the Arctic Ocean coast of Chukotka live a group of people cut off from the world. Their life revolves around hunting walruses and whales and protecting villages from bears coming from the tundra. This theme turns the film into a reflection on death.




## ANWAR

07 / 06 / 2024
Duration : 01:10 min
Dir : Rosa Garcia Loire

Alex Txikon's winter ascension on Manaslu, Nepal, is the seed of a story that will bring sustainable light to two very different places: Newton, Sierra Leone, and a special school in Diamer, Pakistan. Alpinism, solidarity and renewable energy are key to this story.




## SLAVES TO WATER

07 / 06 / 2024 Duration : 10 min Dir : Bertrand Jack Daniel LOYER

In the south of Madagascar, the village of Belemboké has no running water, no taps and no school. To access liveable amounts of water, 3 kids have to travel excruciating distances and make their way underground to the bowels of the Earth... everyday.




## COLOURS IN THE RAINSHADOW

07 / 06 / 2024 Duration : 4 min Dir : Prabu Mens Sana

Colours in the Rainshadow - a short documentary film visualizes the beauty and Biodiversity of Chinnar Wildlife Sanctuary which falls in the Anchunadu valley of Southern Western Ghats.




## K K NEELAKANDAN - A LIFE FOR BIRDS

07 / 06 / 2024 Duration : 36 min Dir : Suresh Elamon

Prof. K. K. Neelakantan (1923-1992) was a pioneering amateur birdwatcher from Kerala. Though he was a professor of English, he chose to pen all his major works in Malayalam. His 'magnus opus' Keralathile Pakshikal is a masterpiece of popular science and Malayalam Literature. Much before the days of 'citizen science' he was a true pioneer in popularizing natural history studies in Kerala. This 36-minute biopic tell you the story of his life, work and times.




## MAN TRYING TO SAVE SILENCE

07 / 06 / 2024 Duration : 3.2 min Dir : Gordon Hempton

Acoustic ecologist Gordon Hempton has spent the past 35 years recording natural soundscapes. His work has taken him around the world and into some of the least densely populated places. The "sound-tracker" circles the globe recording vanishing sounds.




## CHUN CHUN MAATI

07 / 06 / 2024 Duration : 10.35 min Dir : Sanjay Barnela

This cine-poem, Chun Chun Maati, attempts to evoke the eternal spirit of pastoral communities roaming with their animals across the planet in a way of life that is deeply attuned to nature, bringing out their resilience, fortitude and the value of impermanence! Where else would you come across people who live by the maxim, "everyday uncertainty is a certainty"!




## THE LEOPARD'S TRIBE

07 / 06 / 2024 Duration : 10.35 min Dir : Miriam Chandy Menacherry

Mumbai authorities axe thousands of trees to expand a mass transit system. Home to 10,000 indigenous tribals led by Prakash Bhoir a scuffle unfolds to protect forest and the leopard they worship. A battle to save the green lungs of India's financial capital unfolds. He joins a hip-hop band, gets legal counsel but it is Pramila, his wife who is his biggest ally. She surprises everyone by stepping into the frontlines of a battle with high political stakes. This is the story of a marginalised couple, forced to be leaders through floods, fires and leopard attacks to claim their position as climate leaders in one of the fastest growing metropolis in the world.




നാസിക Nature Film Festival 2024

## DUKHU MAJHI
SON OF THE BARREN LAND

07 / 06 / 2024
Duration : 28:25 min
Dir : Somnath Mondal

This documentary is regarding a relentless struggle of a solitary man in his unique way to save the mother earth. The old man - Dukhu Majhi lives in the district of Purulia (W. Bengal), where the temperature rises upto 50 degree Celsius in the summer. He had somehow been inspired by his father in childhood and later on by a Govt. campaign on the need of plantation. There he came to know how trees invite rain and supply oxygen in the environment. He also feels that people need shadows from the scorching sun.




നാസിക Nature Film Festival 2024

## ALPHA

07 / 06 / 2024
Duration : 96 min
Dir : Albert Huges

In the prehistoric past, a young man struggles to return home after being separated from his tribe during a buffalo hunt. He finds a similarly lost wolf companion and starts a friendship that would change humanity.




(Courtesey : Forest Dept.)

ഫിലിം filca വിഷൻ
Eco Terra Environment Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം



# ആന്ദ്രേ താർകോവ്സ്കി
# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ജൂൺ 23 ഞായറാഴ്ച
ഇക്കോ ടെറാ എൻവയോൺമെന്റൽ
ഫിലിം ഫെസ്റ്റിവൽ നടക്കുന്ന
ഓഡിറ്റോറിയത്തിൽ സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ) 150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
**GPay** സൗകര്യം ഉണ്ടായിരിക്കും

Vinod Kumar
UPI ID: vinku72@oksbi
Scan to pay with any UPI app


FILM VISION MONTHLY MARCH 2024 RS. 2/ RNI-KER BIL/2002/8043

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.

വില: ~~₹ 200~~ ₹150




**13th EDITION**

സത്യജിത് റായ് യുടെ

പഥേർ പാഞ്ജലി

തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

| | | |
|---|---|---|
| Chief Editor | - | Dr. B. Radhakrishnan. |
| Associate Editors | - | Jyothishkumar, Girija Surendran. |
| Design | - | Shaji CAD |
| Circulation | - | Vinodkumar P. |
| Editor and Publisher | - | Sabu Sankar , General Secretary, FILCA, PB 2224. Trivandrum -10. Kerala. |